بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാള്യം 7

ലക്കം 12

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 മാർച്ച് 24/ഹി.ശം. 1401 അമാൻ 24/ഹിജ്റ 1443 ശഅ്ബാൻ 20


## അല്ലാഹുവിന്റെ വചനം

وَلَقَدۡ کُذِّبَتۡ رُسُلٌ مِّنۡ قَبۡلِکَ فَصَبَرُوۡا عَلٰی مَا کُذِّبُوۡا وَاُوۡذُوۡا حَتّٰۤی اَتٰہُمۡ نَصۡرُنَا ۚ وَلَا مُبَدِّلَ لِکَلِمٰتِ اللّٰہِ ۚ وَلَقَدۡ جَآءَکَ مِنۡ نَّبَاِی الۡمُرۡسَلِیۡنَ ۝

(سورۃ الانعام:35)

'തീർച്ചയായും നിനക്കുമുമ്പേയും (നിരവധി)പ്രവാചകന്മാർ നിഷേധിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ തങ്ങൾ നിഷേധിക്കപ്പെടുകയും ഉപദ്രവിക്കപ്പെടുകയും ചെയ്തിട്ടും അവർ സഹനം കൈക്കൊണ്ടു. അങ്ങനെ നമ്മുടെ സഹായം അവർക്കെത്തിച്ചേർന്നു. അല്ലാഹുവിന്റെ വചനങ്ങളെ മാറ്റിമറിക്കുന്നവർ ആരുമില്ല. തീർച്ചയായും (കഴിഞ്ഞ കാലത്തെ) ദൂതന്മാരുടെ ചില വൃത്താന്തങ്ങൾ നിനക്കു വന്നു കിട്ടിയിട്ടുണ്ട്.' (6:35)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### മദീനയോടുള്ള നബി(സ)തിരുമേനിയുടെ സ്നേഹം

(1885) ഹദ്റത്ത് അനസ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു. നബി(സ)തിരുമേനി പ്രാർഥിച്ചു: 'അല്ലാഹുവേ! നീ മക്ക രാജ്യത്തിന് ചെയ്തതിന്റെ ഇരട്ടി നന്മ മദീനക്ക് ചെയ്യേണമേ.'

(1886)ഹദ്റത്ത് അനസ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: 'നബി(സ)തിരുമേനി യാത്ര കഴിഞ്ഞു മടങ്ങുമ്പോൾ മദീനയുടെ ഉയർന്ന പ്രദേശങ്ങൾ കണ്ടാൽ ഒട്ടകത്തെ വേഗം നടത്തും. മറ്റു വല്ല മൃഗവുമാണെങ്കിൽ അവയേയും വേഗം ഓടിക്കും;മദീനയോടുള്ള സ്നേഹം മൂലം.'

(1887)ഹദ്റത്ത് അനസ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: ബനൂസലമ ഗോത്രക്കാർ മസ്ജിദിന്റെ അടുത്ത് മാറിത്താമസിക്കാൻ ഉദ്ദേശിച്ചു. അപ്പോൾ മദീന ശൂന്യമാകുന്നതിനെ നബി(സ)തിരുമേനി വെറുത്തു. അവിടന്ന് പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ കാൽപാദങ്ങൾക്ക് പ്രതിഫലം കാംക്ഷിക്കുന്നില്ലേ?' അപ്പോൾ അവർ അവിടെത്തന്നെ താമസിച്ചു.

ഹദ്റത്ത് സയ്നുൽആബ്ദീൻ വലിയുല്ലാഹ് സാഹിബ് പറയുന്നു: 'ഉഹുദിന്റെ മലയടിവാരത്ത് രണ്ടു ഗോത്രക്കാരുണ്ടായിരുന്നു; ബനൂസലമ, ബനൂഹാരിഥ. ഓരോരുത്തരുടേയും പ്രദേശം ദിയാരെ ബനീസലമ, ദിയാരെ ബനീ ഹാരിഥ എന്നീ പേരുകളിൽ പ്രസിദ്ധമായിരുന്നു. നമസ്കാരത്തിൽ പങ്കെടുക്കാൻ എളുപ്പത്തിന് യഥ്രിബ് നാടിന്റെ അടുത്തുവന്ന് താമസിക്കാൻ ബനൂസലമ ആഗ്രഹിച്ചു. എന്നാൽ, സംരക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നബി(സ)തിരുമേനി അവർ അവിടെത്തന്നെ താമസിക്കുന്നതാണ് ഇഷ്ടപ്പെട്ടത്.' *(സ്വഹീഹ് ബുഖാരി, വാള്യം 3, കിതാബു ഫളാഇലുൽമദീന, പ്രസാധനം 2008)*

## ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ
04-02-2022 & 11-02-2022
സമ്പൂർണ പരിഭാഷ

അമീറുൽമുഅ്മിനീന്റെ
യൂറോപ്യൻ പര്യടന റിപ്പോർട്ട്


## മുസ്‌ലിമീങ്ങൾ ഉന്മത്തരായി ഈസാമസീഹ് ഇതുവരെ എന്തുകൊണ്ട് വന്നില്ലെന്ന് ചുറ്റിക്കറങ്ങി അന്വേഷിക്കേണ്ടതായിരുന്നു

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

ത്രിയേകത്വപൂജ അതിന്റെ പാരമ്യതയിലെത്തിയിരിക്കുന്നു. സത്യസന്ധനെ നിന്ദിക്കുന്നതും അവഹേളിക്കുന്നതും അതിന്റെ ഉച്ചിയിലെത്തിക്കപ്പെട്ടിരിക്കുന്നു. ഈച്ചയ്ക്കും കടന്നലിനും കൊടുക്കുന്ന വിലപോലും നബി(സ)തിരുമേനിക്ക് നല്കപ്പെട്ടില്ല. കടന്നലിനേയും മനുഷ്യൻ ഭയപ്പെടുന്നു. ഉറുമ്പിനേയു പേടിക്കുന്നു. എന്നാൽ, നബി(സ)തിരുമേനിയെ ചീത്ത പറയുന്നതിൽ ഒരാളും ഭയപ്പെട്ടില്ല. **കദ്ദബൂ ബിആയാത്തിനാ** എന്നതിന്റെ സാക്ഷാത്കാരമായിക്കൊണ്ടിരിക്കുന്നു. വായ തുറക്കാവുന്നിടത്തോളം അവർ തുറന്നു. അലറിവിളിച്ച് ചീത്ത പറഞ്ഞു. ഇപ്പോൾ അല്ലാഹു അതിനെ പ്രതിരോധിക്കേണ്ട സമയം വന്നിരിക്കുകയാണ്. അത്തരം നേരത്ത് അവനെപ്പോഴും ഒരാളെ സൃഷ്ടിക്കുന്നു. **വലൻതജിദ ലിസുന്നത്തില്ലാഹി തബ്ദീലാ** അദ്ദേഹത്തിന്റെ മഹത്വത്തിനും പ്രതാപത്തിനുംവേണ്ടി ആവേശത്തോടെ പ്രവൃത്തിക്കുന്ന ആളെ അവൻ ജനിപ്പിക്കുന്നു. ആ മനുഷ്യന് ആന്തരികമായ സഹായത്തിന്റെ ഉതവിയുണ്ടാകുന്നു. അതെല്ലാം ചെയ്യുന്നത് യഥാർഥത്തിൽ അല്ലാഹുവാണ്. എന്നാൽ, അവനെ ജനിപ്പിക്കുക എന്നത് ഒരു നടപടിയുടെ പൂർത്തീകരണമാണ്. ഇപ്പോൾ സമയം വന്നിരിക്കുന്നു. തങ്ങളുടെ മതത്തിൽ അതിരു കവിയരുതെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ ക്രിസ്ത്യാനികളെ ഉപദേശിച്ചിരുന്നു. എന്നാൽ, അവർ ആ ഉപദേശമനുസരിച്ച് പ്രവൃത്തിച്ചില്ല. ആദ്യം അവർ '**ള്വാല്ലീൻ**' അഥവാ വഴിപിഴച്ചവരായിരുന്നു. ഇപ്പോൾ '**മുള്വില്ലീൻ**' അഥവാ വഴിപിഴപ്പിക്കുന്നവരും ആയിത്തീർന്നിരിക്കുന്നു. അല്ലാഹുവിന്റെ പ്രകൃതി പുസ്തകത്തിൽ ദൃഷ്ടിപായിക്കുമ്പോൾ മനസ്സിലാകുന്നത് കാര്യം അതിരു കടക്കുമ്പോൾ ആകാശത്തിൽ തയ്യാറെടുപ്പുകൾ നടത്തപ്പെടുന്നു എന്നാണ്. തയ്യാറെടുപ്പിന്റെ നേരം വന്നിരിക്കുന്നു എന്നണ് അതിന്റെ അടയാളം. കൃത്യനേരത്തും ആവശ്യമുള്ളപ്പോഴും വരിക എന്നതാണ് സത്യവാനായ നബി, റസൂൽ, മുജദ്ദിദ് എന്നിവരുടെ വലിയ അടയാളം. ആകാശത്തിൽ എന്തെങ്കിലും തയ്യാറെടുപ്പ് ഉണ്ടാകേണ്ട ആ സമയം ഇതല്ലെന്ന് ആളുകൾ സത്യംചെയ്ത് പറയട്ടെ!എന്നാൽ, ഓർമിക്കുക!അല്ലാഹുതന്നെയാണ് എല്ലാ ചെയ്യുന്നത്. നാമും നമ്മുടെ ജമാഅത്തും എല്ലാവരും മുറികളിൽ കയറി ഇരുന്നാലും കാര്യങ്ങൾ നടക്കുന്നതാണ്. ദജ്ജാലിന് അധഃപതനമുണ്ടാകും. **തിൽക്കൽ അയ്യാമു നുദാവിലുഹാ ബയ്നന്നാസി**(3:141)നാളുകൾ നാം ജനങ്ങൾക്കിടയിൽ മാറ്റിമാറ്റിക്കൊണ്ടിരിക്കും. ഈ ശ്രേഷ്ഠത പറയുന്നത് ഇതു അവന്റെ അധഃപതനത്തിന്റെ നേരമാണെന്നാണ്. അവന്റെ അഭിവൃദ്ധി പ്രകടിപ്പിക്കുന്നത് ഇനി അവൻ അധഃപതനം കാണുമെന്നാണ്. അവന്റെ ജനസംഖ്യ അവന്റെ നാശത്തിന്റെ അടയാളമാണ്. അതേ, സംയമനം പാലിക്കുക. പുറപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ പ്രവൃത്തി പതുക്കെയാണുണ്ടാകുന്നത്.

നമ്മുടെ പക്കൽ തെളിവുകളൊന്നുമില്ലെങ്കിലും മുസ്‌ലിമീങ്ങൾ ചെയ്യേണ്ടിയിരുന്നത് മുസ്‌ലിമീങ്ങൾ ഉന്മത്തരായി ഈസാമസീഹ് ഇതുവരെ എന്തുകൊണ്ട് വന്നില്ലെന്ന് ചുറ്റിക്കറങ്ങിഅന്വേഷിക്കേണ്ടതായിരുന്നു. ഇയാൾ കുരിശ് ഉടയ്ക്കുന്നതിനുവേണ്ടി വന്നതാണ്. തങ്ങളുടെ വഴക്കുതീർക്കാൻ അയാളെ വിളിക്കരുതായിരുന്നു. അയാളുടെ ജോലി കുരിശിനെ ഉടയ്ക്കാലാണ്. അദ്ദേഹത്തിന്റെ കാലമാണ് ആവശ്യമുള്ളത്. ഇക്കാരണത്താലാണ് അദ്ദേഹത്തിന്റെ പേര് മസീഹ് മൗഊദെന്ന് വന്നിട്ടുള്ളത്. മുല്ലാക്കമാർക്ക് മനുഷ്യകുലത്തിന്റെ ക്ഷേമമായിരുന്നു ചിന്തയെങ്കിൽ അവർ ഒരിക്കലും അങ്ങനെ ചെയ്യുമായിരുന്നില്ല. തങ്ങൾ 'ഫത്വാ' എഴുതി എന്താണ് നേടിയതെന്ന് അവർ ചിന്തിക്കണമായിരുന്നു. അല്ലാഹു ഏതൊന്നിനോടു ഉണ്ടാകാൻ പറഞ്ഞുവോ അതിനോടു ഉണ്ടാകരുതെന്ന് പറയാൻ ആർക്കാണ് കഴിയുക! ഈ നമ്മുടെ എതിരാളികളും നമ്മുടെ സേവകരാണ്. പൗരസ്ത്യദേശത്തും പാശ്ചാത്യ ദേശത്തും നമ്മുടെ കാര്യങ്ങൾ അവർ എത്തിക്കുന്നു. ഗോൾഡക്കാരനായി പീർ നമുക്കെതിരിൽ ഒരു ഗ്രന്ഥം എഴുതാൻ പോകുകയാണെന്ന് ഇപ്പോൾ നാം കേട്ടു. അയാളുടെ ശിഷ്യന്മാരിൽ നമ്മെ കുറിച്ചറിയാത്തവർക്കും അറിയാൻ കഴിയുമല്ലോ എന്നോർത്ത് അപ്പോൾ നാം സന്തോഷിച്ചു. അവർക്ക് നമ്മുടെ ഗ്രന്ഥം നോക്കാൻ ഒരു പ്രേരണയുണ്ടാകും.

*(മൽഫൂദാത്ത് വാള്യം 1, പേജ് 358-360, പ്രസാധനം 2018 ഖാദിയാൻ)*

## മുഅ്മിൻ തന്റെ നാട് ഉപേക്ഷിക്കാൻ ധിറുതി കാണിക്കാതിരിക്കേണ്ടതാണ്. പ്രത്യുത തബ്‌ലീഗു ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ജനങ്ങൾ മതപരമായ കാര്യങ്ങൾ ചെയ്യാൻ നിർബന്ധിതരാക്കാത്തിടത്തോളം അവിടെതന്നെ തബ്‌ലീഗ് ചെയ്ത് കഴിയേണ്ടതാണ്.

സൂറത്തുന്നഹ്‌ലിന്റെ 42-ാം വചനമായ, **വല്ലദീന ഹാജറൂ ഫില്ലാഹി മിൻബഅ്ദി മാ ള്വുലിമൂ ലനുബവ്വിഅന്നഹും ഫിദ്ദുൻയാ ഹസനത്തൻ**(മർദിക്കപ്പെട്ടതിനുശേഷം അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിഞ്ഞവരാരോ അവർക്ക് ഇഹലോകത്ത് നല്ല വാസസ്ഥലം നാം സൗകര്യപ്പെടുത്തിക്കൊടുക്കും)എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:

'**ഫില്ലാഹി**' എന്നതിന്റെ അർഥം പലവിധത്തിലുമാകാം.(1) **ബമഅ്നിൽ ഉമ്മ്**. ഇങ്ങനെ വരുമ്പോൾ ഇതിന്റെ അർഥം 'അവർ അല്ലാഹുവിനുവേണ്ടി ഹിജ്റത്തു ചെയ്തു' എന്നാണ്. അതല്ലാതെ മറ്റൊരു ഉദ്ദേശ്യവും അവർക്കില്ലായിരുന്നു.

പല തരത്തിലുള്ള ഹിജ്റത്തുകളുണ്ടെന്ന് ഹദീഥിൽ വന്നിരിക്കുന്നു. ഒരു മനുഷ്യൻ ഭാര്യക്കുവേണ്ടി ഹിജ്റത്തു ചെയ്യാറുണ്ട്. ഒരാൾ മാതാവിനുവേണ്ടി, ഒരാൾ അല്ലാഹുവിനുവേണ്ടി. പറഞ്ഞു; ഇവരെല്ലാം അല്ലാഹുവിനുവേണ്ടിമാത്രം ഹിജ്റത്തു ചെയ്യുന്നവരാണ്. മുസ്‌ലിമീങ്ങൾ പണത്തിനുവേണ്ടി യുദ്ധങ്ങൾ ചെയ്തുവെന്ന് ശത്രുക്കൾ ഇന്ന് ആക്ഷേപിക്കുന്നു. അദൃശ്യകാര്യങ്ങൾ അറിയുന്ന അല്ലാഹുവിന്നറിയാമായിരുന്നു, തന്റെ പരിശുദ്ധരായ ദാസരുടെമേൽ ഇത്തരം ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുമെന്ന്! അവൻ യുദ്ധങ്ങൾ തുടങ്ങുന്നതിനുമുമ്പേതന്നെ ഈ ആക്ഷേപത്തിന് മറുപടി നല്കി.

(2) ഇതിൽ മുളാഫിനെ മുന്തിച്ചു വരുന്നതായി മനസ്സിലാക്കുക. **ഫീദീനില്ലാഹി** അതായത് അവർ അല്ലാഹുവിന്റെ ദീനിനുവേണ്ടി ഹിജ്റത്ത് ചെയ്യുന്നു. അതായത് അവരുടെ


ശേഷം പേജ് 12 ൽ



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

### ഇബ്നി ഖുഹാഫയുടെ ഉദാഹരണം മലക്കുകളിൽ മീക്കാഈലിനെപോലെയാണ്.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

ബനൂഖുറയ്ള യുദ്ധം, ഹുദയ്ബിയ സന്ധി, ബനൂഫസാറയിലേക്ക് അബൂബക്ർ നയിച്ച യുദ്ധം, നജ്ദിലേക്ക് ഹദ്റത്ത് അബൂബക്ർ(റ) നയിച്ച യുദ്ധം, മക്ക വിജയം എന്നിവയെ കുറിച്ചുളള ചർച്ച.

**നോക്കൂ ഉമർ! ശ്രദ്ധിച്ചിരിക്കുക. അല്ലാഹുവിന്റെ റസൂലിന്റെ ജീനിച്ചവിട്ടിൽ നിങ്ങൾവെച്ച കരങ്ങൾ അയഞ്ഞുപോകരുത്. കാരണം, അല്ലാഹുവാണ! ആർക്കാണോ നമ്മൾ കൈകൾ കൊടുത്തിട്ടുള്ളത് അദ്ദേഹം തീർച്ചയായും സത്യസന്ധനാകുന്നു. (ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ))**

**ഖുത്ബ ജുമുഅ 2022 ഫെബ്രുവരി 4/1401 തബ്ലീഗ് 04, മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ اَلرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)നെ കുറിച്ചുള്ള ചർച്ചയാണ് നടന്നുവരുന്നത്. ചില യുദ്ധങ്ങളെ കുറിച്ചും പറഞ്ഞിരുന്നു. ബനൂ ഖുറയ്ള എന്നൊരു യുദ്ധം നടന്നിരുന്നു. വാഖ്ദീ ബനൂഖുറയ്ള യുദ്ധത്തിൽ പങ്കെടുത്ത ആളുകളുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നു. ഇതനുസരിച്ച് ബനൂതയ്യിം ഗോത്രത്തിൽനിന്ന് ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ഉം ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായും ബനൂഖുറയ്ള യുദ്ധത്തിൽ പങ്കെടുത്തിരുന്നു. *(കിതാബുൽമഗാസി ലിൽവാഖ്ദി, വാല്യം 2, പേജ് 4, ഗസ് വത്തു ബനീ ഖുറയ്ള, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 2013)* അബ്ദുർറഹ്മാൻ ബിൻ ഗനം(റ)നിവേദനം. നബി(സ)തിരുമേനി ബനൂഖുറയ്ളയിലേക്ക് പുറപ്പെട്ടപ്പോൾ ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും(റ), നബി(സ)തിരുമേനിയോടു പറഞ്ഞു: 'യാറസൂലല്ലാഹ്! ആളുകൾ അങ്ങയെ ഭൗതികമായ ഭംഗിയുള്ള വസ്ത്രത്തിൽ കാണുകയാണെങ്കിൽ അവരിൽ ഇസ്ലാം സ്വീകരിക്കാനുള്ള ആഗ്രഹം കൂടുതലായിട്ടുണ്ടാകും. അതുകൊണ്ട് ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) അങ്ങയുടെ തിരുസന്നിധയിൽ സമർപിച്ച ആ മനോഹരമായ ജുബ്ബ ധരിച്ചാലും. അന്യാരാധകർ അങ്ങയെ ഭംഗിയുള്ള വസ്ത്രത്തിൽ കാണട്ടെ.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഞാൻ അങ്ങനെ ചെയ്യാം. അല്ലാഹുവാണ! നിങ്ങൾ രണ്ടുപേരും എനിക്കുവേണ്ടി ഏതെങ്കിലും കാര്യത്തിൽ ഏകാഭിപ്രായത്തിലെത്തുമ്പോൾ ഞാൻ അതിനെതിരിൽ പറയാനില്ല. എന്റെ നാഥൻ, എനിക്കുവേണ്ടി നിങ്ങളുടെ ഉദാഹരണം അങ്ങനെതന്നെയാണ് പറഞ്ഞിട്ടുള്ളത്. അവൻ പറഞ്ഞു:അവരുടെ ഉദാഹരണം മലക്കുകളിൽപ്പെട്ട ജിബ്രീലിനേയും മീക്കാഈലിനേയുംപോലെയാണ്! അല്ലാഹു എല്ലാ സമുദായങ്ങളേയും ജിബ്രീൽ മുഖേനതന്നെയാണ് നശിപ്പിച്ചിട്ടുള്ളത്. അവരുടെ ഉദാഹരണം നബിമാരിൽപ്പെട്ട ഹദ്റത്ത് നൂഹിനെപ്പോലെയാണ്. അദ്ദേഹം പറഞ്ഞു: **റബ്ബി ലാ തദർ അലൽഅർളി മിനൽകാഫിരീന ദയ്യാറാ** എന്റെ നാഥാ!ഈ ഭൂമിയിൽ(ഈ നാട്ടിൽ)അവിശ്വാസികളിൽ ഒരു വീട്ടുകാരനേയും നീ വസിക്കാൻ വിടരുതേ! (71:27) ഇബ്നു അബിഖുഹാഫയുടെ ഉദാഹരണം മലക്കുകളിൽ മീക്കായീലിനെപ്പോലെയാണ്. അതായത് ഹദ്റത്ത് അബൂബക്റിന്റെ ഉദാഹരണം. അദ്ദേഹം ഭൂമിയിലുള്ളവർക്കുവേണ്ടി പൊറുക്കലിനെ തേടുന്നു. പ്രവാചകന്മാരിൽ ഹദ്റത്ത് ഇബ്റാഹീമിനെപ്പോലെയാകുന്നു. അദ്ദേഹം പറഞ്ഞപ്പോൾ, **ഫമൻതബിഅനീ ഫഇന്നഹൂ മിന്നീ വമൻ അസ്വാനീ ഫഇന്നക ഗഫൂറുർറഹീം** എന്നെ ആര് പിന്തുടരുന്നുവോ അവൻ എന്നിൽനിന്നുള്ളവനാണ്. ആരെങ്കിലും എന്നോടു അനുസരണക്കേടു കാണിക്കുന്നതായാൽ, നീ വളരെ പൊറുത്തുകൊടുക്കുന്നവനും കരണാമയനുമാണ്.(14:37) നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങളിരുവരും എനിക്കുവേണ്ടി ഏതെങ്കിലും ഒരു കാര്യത്തിൽ ഏകാഭിപ്രായത്തിലെത്തിയാൽ ഞാൻ അക്കാര്യത്തിൽ നിങ്ങളുടെ അഭിപ്രായത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നതല്ല. പക്ഷേ, നിങ്ങളിരുവരുടേയും അവസ്ഥ അഭിപ്രായത്തിൽ പലവിധത്തിലാകുന്നു; ജിബ്രിലിന്റേയും മീക്കാഈലിന്റേയും നൂഹിന്റേയും ഇബ്റാഹീമിന്റേയും ഉദാഹരണംപോലെ.' *(കൻസുൽഉമ്മാൽ, വാല്യം 7, പേജ് 10, കിതാബു ഫളാഇലു, ഫളാഇലുസ്സഹാബ, നിവേദനം 36132, ദാറുൽകുതുബുൽഇൽമിയ്യ 2004)*

നബി(സ)തിരുമേനി ഖുറയ്ള ഗോത്രത്തെ ഉപരോധിച്ചതു സംബന്ധിച്ച് ഒരു നിവേദനത്തിൽ പറയുന്നു. ആഇശാ ബിൻത് സഅ്ദ് തന്റെ പിതാവിൽനിന്ന് വിവരിച്ചു: നബി(സ) തിരുമേനി എന്നോടു പറഞ്ഞു, 'സഅ്ദേ! മുന്നോട്ടു ഗമിക്കുക. ശത്രുക്കൾക്കുനേരെ ശരങ്ങൾ തൊടുത്തുവിടുക. എന്റെ അമ്പ് അവരിലേക്കു എത്തുന്നതുവരേയും ഞാൻ മുന്നോട്ടു നീങ്ങി. എന്റെ കൈയിൽ അമ്പതിലധികം അമ്പുകളുണ്ടായിരുന്നു. അത് ഞാൻ ഏതാനും നിമിഷങ്ങൾക്കകം തൊടുത്തുതീർത്തു. അതായത് നമ്മുടെ അമ്പ് വെട്ടുകിളിയുടെ ഹൃദയം പോലെയായിരുന്നു. അകത്തു കയറിയവർ ആരുംതന്നെ പുറത്തേക്ക് എത്തി നോക്കുന്നുണ്ടായിരുന്നില്ല. ഞങ്ങളുടെ അമ്പുകളൊക്കെ തീർന്നുപോകുമോ എന്ന് ഞങ്ങൾ ഭയപ്പെട്ടു. അതുകൊണ്ടു അവയിൽനിന്ന് ചിലത് തൊടുത്തുവിടുകയും ചിലത് സൂക്ഷിച്ചു വെക്കുകയും ചെയ്തു.

ഹദ്റത്ത് കഅ്ബ് ബിൻ അംറ് മഅ്സിനി(റ)യും അമ്പെയ്ത്തുകാരിലുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ ഒരു ദിവസം എന്റെ കൈയിലുണ്ടായിരുന്ന എല്ലാ അമ്പുകളും എയ്തു കഴിഞ്ഞിരുന്നു. അങ്ങനെ രാത്രിയുടെ കുറച്ചുഭാഗം കഴിഞ്ഞപ്പോൾ ഞങ്ങൾ അവർക്കു നേരെ അമ്പെയ്ത്ത് നിറുത്തി.' അദ്ദേഹം പറയുന്നു:ഞങ്ങൾ അമ്പെല്ലാം എയ്തു കഴിഞ്ഞിരുന്നു. അല്ലാഹുവിന്റെ റസൂൽ(സ)തന്റെ കുതിരപ്പുറത്ത് സഞ്ചരിക്കുകയായിരുന്നു. അവിടന്ന് ആയുധ വിഭൂഷിതനായിരുന്നു. കുതിരപ്പടയാളികൾ ആ ദിവ്യാത്മാവിന്റെ ചുറ്റുമുണ്ടായിരുന്നു. അതുകഴിഞ്ഞ് നബി(സ) തിരുമേനി ഞങ്ങളോടു പറഞ്ഞപ്പോൾ ഞങ്ങളെല്ലാവരും ഞങ്ങളുടെ താവളങ്ങളിലേക്ക് തിരിച്ചുപോയി. അങ്ങനെ ഞങ്ങളവിടെ രാത്രി കഴിച്ചുകൂട്ടി. ഞങ്ങളുടെ ഭക്ഷണം ഈത്തപ്പഴമായിരുന്നു. അത് ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ തന്നയച്ചതായിരുന്നു. ഈത്തപ്പഴം വളരെ അധികമുണ്ടായിരുന്നു. ഞങ്ങൾ ആ രാത്രി കഴിച്ചുകൂട്ടിയത് ആ ഈത്തപ്പഴം കഴിച്ചായിരുന്നു. നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും ഈത്തപ്പഴം കഴിക്കുന്നത് കണ്ടു. നബി(സ)തിരുമേനി പറഞ്ഞു: ഈ ഈത്തപ്പഴം എത്ര നല്ല ഭക്ഷണമാണ്!' *(കിതാബുൽ മഗാസി ലിൽവാഖ്ദി, വാല്യം 2, പേജ് 6, ഗസ്വത്തു ബനീ ഖുറയ്ള, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 2013)*

ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ) ബനൂഖുറയ്ളായെ സംബന്ധിച്ച് തീരുമാനമെടുത്തപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തെ ശ്ലാഘിച്ചുകൊണ്ടു പറഞ്ഞു: താങ്കൾ അല്ലാഹുവിന്റെ കല്പനയനുസരിച്ച് തീരുമാനമെടുത്തിരിക്കുന്നു. അപ്പോൾ സഅ്ദ്(റ) ദുആ ചെയ്തു: 'അല്ലാഹുവേ!നീ നബി(സ)തിരുമേനിക്ക് ഖുറയ്ശികളുമായി യുദ്ധം നശ്ചയിച്ചിട്ടുണ്ടെങ്കിൽ എന്നെ അതിനുവേണ്ടി ജീവനോടെ വെക്കേണമേ. എന്നാൽ, ഖുറയ്ശുകളുമായുള്ള നബി(സ)

തിരുമേനിയുടെ യുദ്ധം അവസാനിച്ചെങ്കില്‍ എനിക്കു മരണം നല്കേണമേ!' ഹദ്‌റത്ത് ആഇശാ(റ)വിവരിക്കുന്നു: 'അദ്ദേഹത്തിന്റെ മുറിവ് അകന്നു. വാസ്തവത്തില്‍ അദ്ദേഹത്തിന് സൗഖ്യം ലഭിച്ചിരുന്നതാണ്. ആ മുറിവിന്റെ ചെറിയൊരു അടയാളമായിരുന്നു ഉണ്ടായിരുന്നത്. നബി(സ)തിരുമേനി അദ്ദേഹത്തിനു വേണ്ടി നാട്ടിച്ചിരുന്ന കൂടാരത്തില്‍ അദ്ദേഹം തിരിച്ചുവന്നു.'ഹദ്‌റത്ത് ആഇശാ(റ) പറയുന്നു: നബി(സ)തിരുമേനിയും ഹദ്‌റത്ത് അബൂബക്‌റും ഹദ്‌റത്ത് ഉമറും അദ്ദേഹത്തിന്റെ അടുത്തു വന്നു. ഹദ്‌റത്ത് ആഇശാ(റ)പറയുന്നു: ആരുടെ കൈയിലാണോ നബി(സ)തിരുമേനിയുടെ ജീവനിരിക്കുന്നത് അവനാണ! ഞാന്‍ ഹദ്‌റത്ത് ഉമര്‍ കരയുന്ന ശബ്ദവും ഹദ്‌റത്ത് അബൂബക്ര്‍ കരയുന്ന ശബ്ദവും വെവ്വേറെ തിരിച്ചറിഞ്ഞു. ഞാന്‍ എന്റെ മുറിയിലായിരുന്നു. അതായത് അപ്പോള്‍ ഹദ്‌റത്ത് സഅ്ദ്(റ)മരണാസന്നനായിരുന്നു. അവരിരുവരും കരയുകയായിരുന്നു. ഞാനെന്റെ മുറിയിലുമായിരുന്നു. അവരാകട്ടെ പ്രതാപവാനായ അല്ലാഹു റുഹമാഉ ബയ്നഹും (പരസ്പരം കാരുണ്യമുള്ളവരാണ്)എന്ന് പറഞ്ഞതുപോലെയായിരുന്നു.'(48:30) *(മുസ്‌നദ് അഹ്‌മദ് ബിന്‍ ഹമ്പല്‍, വാള്യം 8, പേജ് 256-259, മുസ്‌നദ് ആഇശാ(റ), നിവേദനം 25610, ആലമുല്‍കുതുബ് ബെയ്‌റൂത്ത് 1998)*

കഴിഞ്ഞ ഖുത്ബകളില്‍ പറഞ്ഞതുപോലെ ഹുദയ്ബിയ സന്ധിയെ ഉദ്ധരിച്ച് എഴുതിയിരിക്കുന്നു. 'തന്റെ സ്വഹാബത്തിനോടൊപ്പം നബി(സ)തിരുമേനി ബയ്ത്തുല്ലാഹ് ത്വവാഫ് ചെയ്യുന്നതായി ഒരു സ്വപ്നം കണ്ടു. ഈ സ്വപ്നത്തെ തുടര്‍ന്ന് നബി(സ)തിരുമേനി 1400 സ്വഹാബത്തിനോടൊപ്പം ഹിജ്‌റ 6 ദുല്‍ഖഅ്ദ മാസത്തിന്റെ തുടക്കത്തില്‍ തിങ്കളാഴ്ച ദിവസം രാവിലെ ഉംറ ചെയ്യാന്‍ പുറപ്പെട്ടു.' *(സീറത്തു ഖാത്തമുന്നബിയ്യീന്‍, ഹദ്‌റത്ത് മിര്‍സാ ബശീര്‍ അഹ്‌മദ്(റ) പേജ് 749-750)*

എന്നാല്‍, മക്കാനിഷേധികള്‍ നബി(സ)തിരുമേനിയെ മക്കയില്‍ പ്രവേശിക്കുന്നതില്‍നിന്ന് തടയാന്‍ തയ്യാറായി നില്ക്കുന്നുണ്ടെന്ന് കണ്ടപ്പോള്‍ നബി(സ)തിരുമേനി സ്വഹാബത്തിനോടു അഭിപ്രായം ആരാഞ്ഞു. ഹദ്‌റത്ത് അബൂബകര്‍(റ)പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ!നമ്മള്‍ ഉംറ ചെയ്യാന്‍വേണ്ടി മാത്രമാണ് വന്നത്; ആരോടും യുദ്ധം ചെയ്യാനല്ല. എന്റെ അഭിപ്രായത്തില്‍ നമുക്ക് നമ്മുടെ ലക്ഷ്യ സ്ഥാനത്തേക്ക് പോകാം. ആരെങ്കിലും ബയ്ത്തുല്ലായില്‍നിന്ന് നമ്മെ തടഞ്ഞാല്‍ നമുക്ക് അവരോടു യുദ്ധം ചെയ്യാം. ഇതാണ് എന്റെ അഭിപ്രായം.' *(സുബുലുല്‍ഹുദാ വര്‍റശാദ് വാള്യം 5, പേജ് 37, പ്രാസധകര്‍ ദാറുല്‍കുതുബില്‍ഇല്‍മിയ്യ ബെയ്‌റൂത്ത് 1993)*

ഹുദയ്ബിയ് സന്ധിയുടെ അവസരത്തില്‍ ഖുറയ്ശികളുടെ ഭാഗത്തുനിന്ന് പരസ്പരം ചര്‍ച്ചയ്ക്ക് നിരന്തരം സംഘങ്ങള്‍ വരാന്‍ തുടങ്ങി. അപ്പോള്‍ ഉര്‍വ, നബി(സ)തിരുമേനിയുടെ അടുത്തു വന്നു. നബി(സ)തിരുമേനിയുമായി ചര്‍ച്ച ചെയ്യാന്‍ തുടങ്ങി. ഉര്‍വ പറഞ്ഞു: 'മുഹമ്മദേ!(സ). താങ്കള്‍ താങ്കളുടെ ജനതയെ പൂര്‍ണമായും ഇല്ലാതാക്കിയാല്‍ അറബികളില്‍ ആരെങ്കിലും താങ്കള്‍ക്കുമുമ്പേ സ്വന്തം ജനതയെ ഇല്ലാതാക്കിയതായിട്ടുണ്ടോ? ഇനി മറ്റൊരു കാര്യം ഖുറയ്ശികള്‍ വിജയിച്ചാല്‍ അല്ലാഹുവാണ! പലഭാഗത്തുനിന്ന് വന്നുകൂടിയ നിന്റെ സുഹൃത്തുക്കള്‍ നിന്നെ ഒഴിവാക്കി ഓടിപ്പോകുമെന്ന് അവരുടെ മുഖങ്ങളില്‍നിന്ന് ഞാന്‍ കാണുന്നു.' ഇതുകേട്ടപ്പോള്‍ ഹദ്‌റത്ത് അബൂബക്ര്‍(റ) ഉര്‍വ ബിന്‍ മസ്ഊദിനോടു വളരെ കര്‍ക്കശമായി പറഞ്ഞു:'പോകൂ പോകൂ! പോയി നിങ്ങളുടെ ലാത്ത ബിംബത്തെ മുത്തിക്കൊണ്ടിരിക്കുക.' അതായത് അതിനെ പൂജിച്ചുകൊണ്ടിരുന്നോ! അപ്പോള്‍ ഇതാരാണെന്ന് ഉര്‍വ ചോദിച്ചു. അബൂബക്‌റാണെന്ന് ആളുകള്‍ പറഞ്ഞു. ഉര്‍വ പറഞ്ഞു: 'നോക്കൂ! എന്റെ ജീവന്‍ ആരുടെ കൈയിലാണോ അവനാണ! നിന്റെ ഒരു ഔദാര്യം എന്റെമേല്‍ ഇല്ലായിരുന്നെങ്കില്‍-അതിന് ഞാന്‍ ഇതുവരെ പകരം തന്നിട്ടില്ല-ഞാന്‍ നിനക്കിതിന് മറുപടി നല്കുമായിരുന്നു.' ഹദ്‌റത്ത് അബൂബക്‌റിന്റെ ഔദാര്യം എന്തായിരുന്നുവെന്നാല്‍ ഉര്‍വയ്ക്ക് നഷ്ടപരിഹാരധനം നിര്‍ബന്ധമായപ്പോള്‍ ഹദ്‌റത്ത് അബൂബക്ര്‍(റ) പത്ത് ഗര്‍ഭിണികളായ ഒട്ടകങ്ങള്‍ കൊടുത്ത് അയാളെ സഹായിച്ചിരുന്നു. ഏതായാലും ഉര്‍വ ഇതു പറഞ്ഞതിനുശേഷം നബി(സ)തിരുമേനിയുമായി സംസാരം തുടര്‍ന്നു.

ഹുദയ്ബിയ സന്ധിയുടെ അവസരത്തില്‍ നബി(സ)തിരുമേനിയുമായി കരാര്‍ നടക്കുകയായിരുന്നു. ഹദ്‌റത്ത് ഉമര്‍ ബിന്‍ ഖത്ത്വാബ്(റ) പറയുന്നു: 'ഞാന്‍ നബി(സ)തിരുമേനിയുടെ അടുക്കല്‍ച്ചെന്ന് ചോദിച്ചു: 'സത്യമായും അങ്ങ് അല്ലാഹുവിന്റെ ദൂതനല്ലേ?' 'അതേ!' എന്ന് നബി(സ)തിരുമേനി പറഞ്ഞു. ഞാന്‍ ചോദിച്ചു: 'നമ്മള്‍ സത്യത്തിലും നമ്മുടെ ശത്രുക്കള്‍ അസത്യത്തിലുമല്ലേ?' അപ്പോഴും 'അതേ' എന്ന് നബി(സ)തിരുമേനി മറുപടി നല്കി. ഞാന്‍ ചോദിച്ചു: 'എങ്കില്‍ നമ്മുടെ ദീനില്‍ എന്തിന് നിന്ദ്യത ഏറ്റുവാങ്ങണം?' നബി(സ)തിരുമേനി പറഞ്ഞു:'തീര്‍ച്ചയായും ഞാന്‍ അല്ലാഹുവിന്റെ ദൂതനാണ്. ഞാനൊരിക്കലും അവനെ ധിക്കരിക്കുകയില്ല. അവന്‍ മാത്രമാണ് എന്റെ സഹായി.' ഉമര്‍ വീണ്ടും ചോദിച്ചു:'നമ്മള്‍ കഅ്ബയില്‍ച്ചെന്ന് ത്വവാഫ് ചെയ്യുമെന്ന് അങ്ങ് ഞങ്ങളോടു പറയാറുണ്ടായിരുന്നില്ലേ?' നബി(സ)തിരുമേനി പറഞ്ഞു: 'അതേ! ഈ വര്‍ഷംതന്നെ എന്ന് ഞാന്‍ നിങ്ങളോടു പറഞ്ഞിട്ടുണ്ടോ?' ഇല്ലെന്ന് ഞാന്‍ മറുപടി പറഞ്ഞു. നിങ്ങള്‍ അവിടെച്ചെന്ന് ത്വവാഫ് ചെയ്യുകതന്നെ ചെയ്യുമെന്ന് നബി(സ)തിരുമേനി പ്രത്യുത്തരം നല്കി!ഹദ്‌റത്ത് ഉമര്‍(റ) പറയുന്നു: 'ഞാന്‍ അബൂബക്‌റിന്റെ അടുത്തുചെന്ന് ചോദിച്ചു: 'സത്യമായും ഇദ്ദേഹം അല്ലാഹുവിന്റെ പ്രവാചകനല്ലേ?' 'അതേ!' എന്നദ്ദേഹം മറുപടി പറഞ്ഞു. 'നമ്മള്‍ സത്യത്തിലും നമ്മുടെ ശത്രുക്കള്‍ അസത്യത്തിലുമല്ലേ?' 'അതേ!' എന്ന് ഹദ്‌റത്ത് അബൂബക്ര്‍ മറുപടി പറഞ്ഞു. 'എങ്കില്‍ നമ്മളെന്തിന് ദീനില്‍ ഈ നിന്ദ്യത ഏറ്റെടുക്കണം?' അബൂബക്ര്‍ പറഞ്ഞു: 'ഹേ മനുഷ്യാ! അദ്ദേഹം അല്ലാഹുവിന്റെ ദൂതനാണ്. അദ്ദേഹം തന്റെ നാഥനെ ധിക്കരിക്കുകയില്ല. അല്ലാഹുവാണ് അദ്ദേഹത്തിന്റെ സഹായി. അദ്ദേഹത്തിന്റെ നിര്‍ദേശം മുറുകെ പിടിക്കുക. അല്ലാഹു സത്യം! അദ്ദേഹം സത്യത്തില്‍ത്തന്നെയാണ്.' ഞാന്‍ പറഞ്ഞു: 'നമ്മള്‍ കഅ്ബയില്‍ച്ചെന്ന് ത്വവാഫു ചെയ്യുമെന്ന് അദ്ദേഹം നമ്മോടു പറയാറുണ്ടായിരുന്നില്ലേ?' 'അതേ! നിങ്ങള്‍ ഈ വര്‍ഷം കഅ്ബയില്‍ ചെല്ലുമെന്ന് അദ്ദേഹം അയിച്ചിരുന്നോ എന്ന് അബൂബക്ര്‍ ചോദിച്ചു.' ഇല്ലെന്ന് ഞാന്‍ പ്രത്യുത്തരം നല്കി. അബൂബക്ര്‍ പറഞ്ഞു: 'എന്നാല്‍, താങ്കള്‍ അവിടെച്ചെന്ന് ത്വവാഫു ചെയ്യുകതന്നെ ചെയ്യും.' സുഹ്‌രി പറഞ്ഞു:' ഹദ്‌റത്ത് ഉമര്‍ പറയാറുണ്ടായിരുന്നു, ഞാന്‍ ആ തെറ്റുകാരണത്താല്‍ പ്രതിക്രിയ എന്ന നിലയില്‍ ധാരാളം നന്മകള്‍ ചെയ്തു.' *(സ്വഹീഹ് ബുഖാരി, കിതാബുശ്ശുറൂത് ബാബുശ്ശുറൂതി ഫില്‍ ജിഹാദി വല്‍മുസ്വാലഹത്തി മഅ അഹ്‌ലില്‍ഹര്‍ബി വ കിതാബത്തിശ്ശുറൂതി, ഹദീഥ് നമ്പര്‍ 2731 -2732)(ഉംദത്തില്‍ഖാരി, വാള്യം 14, പേജ് 16, ദാറു അഹ്‌യാത്തുറാഥ് അല്‍അറബി, ബെയ്‌റൂത്ത്)* ഇതു ബുഖാരിയില്‍നിന്നെടുത്തതാണ്.

ഹുദയ്ബിയ സന്ധിയുടെ വിശദീകരണത്തില്‍ ഹദ്‌റത്ത് മിര്‍സാ ബശീര്‍ അഹ്‌മദ് സാഹിബ്(റ) എഴുതുന്നു: 'ഉര്‍വ നബി(സ)തിരുമേനിയുടെ സന്നിധിയിലെത്തി അദ്ദേഹവുമായി സംസാരം ആരംഭിച്ചു. അയാളോടും നബി(സ) തിരുമേനി ബുദയ്ല്‍ ബിന്‍ വര്‍ഖയോടു പറഞ്ഞുകഴിഞ്ഞതുതന്നെ ആവര്‍ത്തിച്ചു. ഉര്‍വ പൊതുവെ നബി(സ)തിരുമേനിയുടെ അഭിപ്രായത്തോടു യോജിപ്പുള്ള ആളായിരുന്നു. എന്നാല്‍, ഖുറയ്ശികളുടെ പ്രാതിനിധ്യം വഹിക്കാനും അവര്‍ക്കുവേണ്ടി കൂടുതല്‍ കൂടുതല്‍ നിബന്ധനകള്‍ അംഗീകരിപ്പിക്കാനും വേണ്ടി പറഞ്ഞു: 'മുഹമ്മദേ! താങ്കള്‍ താങ്കളുടെ ജനതയെ പൂര്‍ണമായും ഇല്ലാതാക്കിയാല്‍ അറബികളില്‍ ആരെങ്കിലും താങ്കള്‍ക്കുമുമ്പേ സ്വന്തം ജനതയെ ഇല്ലാതാക്കിയതായിട്ടുണ്ടോ? ഇനി കാര്യം മറ്റൊന്നായാല്‍ അതായത് ഖുറയ്ശികള്‍ക്ക് വിജയം ലഭിച്ചാല്‍ താങ്കള്‍ക്ക് ചുറ്റുപാടും കാണുന്ന മുഖങ്ങള്‍ ഓടി മറയാന്‍ അധിക സമയം വേണ്ടിവരില്ല. ഇവരെല്ലാം താങ്കളെ വിട്ടു പിരിയുന്നതാണ്. നബി(സ) തിരുമേനിയുടെ അടുത്ത് ഹദ്‌റത്ത് അബൂബക്ര്‍(റ) ഇരിക്കുന്നുണ്ടായിരുന്നു. ഉര്‍വയുടെ ഈ വാക്കുകള്‍ കേട്ടപ്പോള്‍ ദേഷ്യത്തോടെ അദ്ദേഹം പറഞ്ഞു: 'പോകൂ, പോകൂ! പോയി ലാത്തിനെ മുത്തിക്കൊണ്ടിരുന്നോ! എന്ത്? ഞങ്ങള്‍ അല്ലാഹുവിന്റെ റസൂലിനെ ഒഴിവാക്കുകയോ?' ബനൂ ഥഖീഫ് ഗോത്രത്തിന്റെ അറിയപ്പെടുന്ന ഒരു വിഗ്രഹമായ ലാത്തിനെയാണ് ഹദ്‌റത്ത് അബൂബക്ര്‍ ഉദ്ദേശിച്ചത്. നിങ്ങള്‍ വിഗ്രഹാരാധകരാണ്. ഞങ്ങളാകട്ടെ ഏകദൈവത്തെ ആരാധിക്കുന്നവരുമാണ്. നിങ്ങള്‍ വിഗ്രഹത്തിനുവേണ്ടി ക്ഷമയും സ്ഥൈര്യവും കാണിക്കുകയും ഞങ്ങള്‍ ഏതദൈവത്തില്‍ വിശ്വസിക്കുന്നവരായിരിക്കെ അല്ലാഹുവിന്റെ റസൂലിനെ ഒഴിവാക്കുകയും ചെയ്യുമെന്നാണോ? ഉര്‍വ ദേഷ്യത്തോടെ ചോദിച്ചു: 'ഇങ്ങനെ എന്റെ വര്‍ത്തമാനം ഖണ്ഡിച്ചുപറയുന്ന ഇയാള്‍ ആരാണ്?' ആളുകള്‍ പറഞ്ഞു: 'ഇതാണ് അബൂബക്ര്‍!' അബൂബക്‌റിന്റെ പേരു കേട്ടപ്പോള്‍ ഉര്‍വയുടെ കണ്ണുകള്‍ ലജ്ജിച്ച് കീഴ്‌പ്പോട്ടു താഴുകയുണ്ടായി. ഉര്‍വ പറഞ്ഞു: 'അബൂബക്‌റേ!എനിക്കുമേല്‍ നിങ്ങളുടെ വലിയൊരു ഔദാര്യം ഉണ്ടായിരുന്നില്ലെങ്കില്‍ (ഇവിടെ നേരത്തെ പറഞ്ഞ പരാമര്‍ശമാണുള്ളത്. ഒരിക്കല്‍ അയാളുടെ കടം തീര്‍ത്തു കൊടുത്ത് അയാളുടെ ജീവന്‍ അബൂബക്ര്‍ രക്ഷിച്ചിരുന്നു) അല്ലാഹുവാണ!ഇങ്ങനെ പറയുന്നതിന് എങ്ങനെയാണ് മറുപടി പറയുക എന്ന് ഞാന്‍ പറഞ്ഞു തരുമായിരുന്നു.'*(സീറത്തു ഖാത്തമുന്നബിയ്യീന്‍, ഹദ്‌റത്ത് മിര്‍സാ ബശീര്‍ അഹ്‌മദ്(റ) പേജ് 756-757)*

ബുഖാരിയിലെ ഒരു ഉദ്ധരണിയില്‍ രേഖപ്പെടുത്തിയിട്ടുണ്ട്. ഹുദയ്ബിയ സന്ധി നടക്കുന്ന അവസരത്തില്‍ നബി(സ)തിരുമേനിയുമായി

ഖുറയ്ശികളുടെ സന്ധി നടക്കുകയായിരുന്നു. നിബന്ധനകൾ ഏതാണ്ട് തീർച്ചയായിക്കഴിഞ്ഞിരുന്നു. ആ നേരത്ത് സുഹയ്ൽ ബിൻ അംറിന്റെ മകൻ അബൂജൻദൽ ചങ്ങലയിൽ ബന്ധിതനായി അവിടെ എത്തി. സുഹയ്ൽ ബിൻ അംറ് മക്കക്കാരുടെ പ്രതിനിധിയായി വന്നതാണ്. അയാൾ അബൂജൻദലിനെ തിരിച്ചയക്കണമെന്ന് ആവശ്യപ്പെട്ടു. നബി(സ) തിരുമേനി അദ്ദേഹത്തെ ഖുറയ്ശികൾക്ക് തിരിച്ചുകൊടുത്തു.*(സ്വഹീഹ് ബുഖാരി, കിതാബുശ്ശുറൂത്, ബാബുശ്ശുറൂതി ഫിൽ ജിഹാദി വൽമുസ്വാലഹത്തി, ഹദീഥ് നമ്പർ 2731-2732)*

ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ഹദ്റത്ത് ഉമർ(റ) നബി(സ)തിരുമേനിയോടു തർക്കിച്ച കാര്യവും ചേർത്തിട്ടുണ്ട്. അതായത്(ഹദ്റത്ത് ഉമർ(റ)പറഞ്ഞു) അങ്ങ് സത്യപ്രവാചകനാണെങ്കിൽ പിന്നെ നമ്മൾ ഇത്ര താഴ്ന്ന് കൊടുത്ത് സംസാരിക്കേണ്ട ആവശ്യമെന്താണ്? ഏതായാലും അബുജൻദലിനോടു അക്രമമുണ്ടായപ്പോഴാണ് ഹദ്റത്ത് ഉമർ ഇങ്ങനെ സംസാരിച്ചത്. അബൂജൻദലിനോടു അക്രമം നടക്കുന്നതും ദീനിനോടുള്ള അഭിനിവേശത്താൽ അദ്ദേഹത്തിന്റെ കണ്ണുകളിൽ രക്തം നിറയുന്നതുമായ ദൃശ്യങ്ങൾ മുസ്‌ലിമീങ്ങൾ കാണുന്നുണ്ടായിരുന്നു. പക്ഷേ, നബി(സ)തിരുമേനിയുടെ സവിധത്തിൽ അവർ ക്ഷമിച്ചു കഴിയുകയായിരുന്നു. ഒടുവിൽ ഹദ്റത്ത് ഉമറിന് ക്ഷമിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം നബി(സ)തിരുമേനിയുടെ അടുത്തെത്തി കാതിൽ പതിഞ്ഞ സ്വരത്തിൽ ചോദിച്ചു:'അങ്ങ് അല്ലാഹുവിന്റെ സത്യറസൂലല്ലേ?' നബി(സ)പറഞ്ഞു: 'അതേ! തീർച്ചയായും!' ഉമർ ചോദിച്ചു: 'നമ്മൾ സത്യത്തിലും നമ്മുടെ ശത്രുക്കൾ കളവിലുമല്ലേ?' അവിടന്ന് പറഞ്ഞു: 'അതേ! അങ്ങനെതന്നെയാകുന്നു.' ഉമർ പറഞ്ഞു: 'എങ്കിൽപ്പിന്നെ നമ്മൾ നമ്മുടെ സത്യദീനിനുവേണ്ടി ഈ ദൈന്യത എന്തിനു സഹിക്കണം?' നബി(സ)തിരുമേനി ഉമറിന്റെ അവസ്ഥ കണ്ടപ്പോൾ ചുരുങ്ങിയ വാക്കുകളിൽ ഇങ്ങനെ പറഞ്ഞു: 'നോക്കൂ ഉമർ!ഞാൻ അല്ലാഹുവിന്റെ ദൂതനാകുന്നു. അല്ലാഹുവിന്റെ ഇച്ഛ എന്താണെന്ന് എനിക്കറിയാം. അതിന്നെതിരിൽ നീങ്ങാൻ എനിക്കു കഴിയില്ല. അവൻതന്നെയാണ് എന്റെ സഹായി.' പക്ഷേ, ഉമറിന്റെ അവസ്ഥ ഓരോ നിമിഷവും മാറിമറിഞ്ഞുകൊണ്ടിരുന്നു. അദ്ദേഹം ചോദിച്ചു: 'നമ്മൾ ബയ്ത്തുല്ലാഹ് ത്വവാഫു ചെയ്യുമെന്ന് അങ്ങ് പറഞ്ഞതല്ലേ?' അവിടന്ന് പറഞ്ഞു: 'അതേ, തീർച്ചയായും ഞാൻ പറഞ്ഞിരുന്നു. പക്ഷേ, ഈ ത്വവാഫ് ഈ വർഷംതന്നെ ഉണ്ടാകുമെന്ന് ഞാൻ പറഞ്ഞിരുന്നോ?' ഉമർ പറഞ്ഞു:'ഇല്ല. അങ്ങനെ പറഞ്ഞിട്ടില്ല.' നബി(സ)തിരുമേനി പറഞ്ഞു: 'എങ്കിൽ കാത്തിരിക്കുക. നിങ്ങൾ തീർച്ചയായും മക്കയിൽ പ്രവേശിക്കുന്നതും കഅ്ബയെ ത്വവാഫു ചെയ്യുന്നതുമാണ്.' പക്ഷേ, വികാരാവേശത്താൽ ഹദ്റത്ത് ഉമറിന് സമാധാന മായില്ല. എന്നാൽ, നബി(സ)തിരുമേനിയോടു ആദരയുക്തമായ ഭയമുണ്ടായിരുന്നു. അതുകൊണ്ട് ഹദ്റത്ത് ഉമർ അവിടെനിന്നു മാറി ഹദ്റത്ത് അബൂബക്റിന്റെ അടുക്കലെത്തി. അതേപോലെ അദ്ദേഹത്തോടും ആവേശത്തോടെ സംസാരിച്ചു. ഹദ്റത്ത് അബൂബക്റും അതേരീതിയിലുള്ള മറുപടിയാണ് നല്കിയത്. അതോടൊപ്പം ഹദ്റത്ത് അബൂബക്ർ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: 'നോക്കൂ ഉമർ! ശ്രദ്ധിച്ചിരിക്കുക. അല്ലാഹുവിന്റെ റസൂലിന്റെ ജീനിച്ചവിട്ടിൽ നിങ്ങൾവെച്ച കരങ്ങൾ അയഞ്ഞുപോകരുത്. കാരണം, അല്ലാഹുവാണ! ആർക്കാണോ നമ്മൾ കൈകൾ കൊടുത്തിട്ടുള്ളത് അദ്ദേഹം തീർച്ചയായും സത്യസന്ധനാകുന്നു.'

ഹദ്റത്ത് ഉമർ പറയുന്നു: 'ആ നേരത്ത് ഞാൻ ആവേശത്താൽ എല്ലാം പറഞ്ഞു. പക്ഷേ, പിന്നീട് എനിക്ക് വലിയ ലജ്ജ തോന്നി. ഞാൻ പശ്ചാത്താപമെന്ന നിലയ്ക്ക് ഈ ദൗർബല്യം കഴുകിക്കളയാൻ ഒരുപാട് ഐച്ഛികകർമങ്ങൾ ചെയ്തു. അതായത് എങ്ങനെയെങ്കിലും എന്റെ ദൗർബല്യത്തിന്റെ കറ മാഞ്ഞുപോകാൻ ഞാൻ സ്വദഖ കൊടുക്കുകയും നോമ്പെടുക്കുകയും നഫ്ൽ നമസ്കാരങ്ങൾ നിർവഹിക്കുകയും അടിമകളെ മോചിപ്പിക്കുകയും ചെയ്തു.*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 767-768)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹുദയ്ബിയ്യ സന്ധിയുടെ അവസരത്തിൽ നടന്ന സംഭവങ്ങൾ വിവരിച്ചുകൊണ്ടു പറയുന്നു: 'നബി(സ) തിരുമേനി കഅ്ബ ത്വവാഫു ചെയ്യാൻ പുറപ്പെട്ടപ്പോൾ അതറിഞ്ഞ മക്കയിലെ നിഷേധികൾ നബി(സ)തിരുമേനി ഈ വർഷവും ത്വവാഫു ചെയ്യാൻ വരരുതെന്ന സന്ദേശവുമായി തങ്ങളുടെ ഒരു നേതാവിനെ അദ്ദേഹത്തിന്റെ അടുത്ത് പറഞ്ഞുവിട്ടു. ആ നേതാവ് നബി(സ) തിരുമേനിയുടെ അടുത്തെത്തി സംസാരിക്കാൻ തുടങ്ങി. സംസാരിക്കുമ്പോൾ അയാൾ നബി(സ)തിരുമേനിയുടെ താടിയിൽ തടവിക്കൊണ്ടു പറഞ്ഞു:'താങ്കൾ ഈ വർഷവും ത്വവാഫു ചെയ്യാൻ വരരുത്. അത് അടുത്ത വർഷത്തേക്ക് മാറ്റിവെച്ചുകൊള്ളുക.'ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഏഷ്യക്കാരിൽ ഒരുസമ്പ്രദായമുണ്ട്, അവർ അഭ്യർഥന എന്ന നിലയ്ക്ക് തങ്ങളുടെ കാര്യം അംഗീകരിപ്പിക്കാൻ സംബോധിതന്റെ താടിയിൽ കൈ വെക്കാറുണ്ട്. അല്ലെങ്കിൽ 'നോക്കൂ ഞാൻ വയസ്സായ ആളാണ്, ജനതയുടെ നേതാവാണ്, അതുകൊണ്ട് ഞാൻ പറയുന്നത് കേൾക്കുക' എന്ന് സ്വന്തം താടിയിൽ തടവിക്കൊണ്ടു പറയുന്നു. അങ്ങനെ ഈ നേതാവും അഭ്യർഥന എന്ന നിലയ്ക്ക് നബി(സ)തിരുമേനിയുടെ താടിയിൽ തൊടുകയുണ്ടായി. ഇതു കണ്ടപ്പോൾ ഒരു സ്വഹാബി മുന്നോട്ടുവന്നു. തന്റെ വാളിന്റെ പിടികൊണ്ടു തട്ടിക്കൊണ്ട് ആ നേതാവിനോടു പറഞ്ഞു: 'താങ്കളുടെ അശുദ്ധമായ കൈകൾ മാറ്റുക!' നേതാവ് വാളിന്റെ പിടികൊണ്ടു തട്ടിയ ആളെ തിരിച്ചറിഞ്ഞപ്പോൾ പറഞ്ഞു:'ഞാൻ ഇന്ന സമയത്ത് നിന്നോടു ഔദാര്യം ചെയ്തിട്ടില്ലേ?' ഇതുകേട്ടപ്പോൾ ആ സ്വഹാബി പിന്നാക്കം മാറി. നേതാവ് വീണ്ടും അഭ്യർഥന എന്ന നിലയ്ക്ക് നബി(സ)തിരുമേനിയുടെ താടിയിൽ കൈ വെച്ചു. സ്വഹാബത്ത് പറയുന്നു: അയാൾ ഇങ്ങനെ ആവർത്തിച്ച് ചെയ്യുന്നതുകണ്ടപ്പോൾ ഞങ്ങൾക്ക് നല്ലപോലെ ദേഷ്യം വരുന്നുണ്ടായിരുന്നു. പക്ഷേ, ആ നേരത്ത് ആ നേതാവിന്റെ ഔദാര്യം പറ്റാത്ത ആരേയും ഞങ്ങൾക്കു കാണാൻ കഴിഞ്ഞില്ല. ഇയാളുടെ ഔദാര്യം പറ്റാത്ത ആരെങ്കിലും ഞങ്ങളിലുണ്ടായിരുന്നെങ്കിലെന്ന് ഞങ്ങൾ ആശിച്ചുപോയി. ഇത്രയുമായപ്പോൾ ഒരാൾ ഞങ്ങളിൽനിന്ന് മുന്നോട്ടുവന്നു. അദ്ദേഹം ആപാദചൂഡം ആയുധധാരിയായിരുന്നു. വളരെ ആവേശത്തോടെ ആ നേതാവിനേടു പറഞ്ഞു: 'നിന്റെ മലിനമായ കൈകൾ മാറ്റുക!' അങ്ങനെ പറഞ്ഞത് ഹദ്റത്ത് അബൂബക്ർ(റ) ആയിരുന്നു. നേതാവ് അദ്ദേഹത്തെ തിരിച്ചറിഞ്ഞപ്പോൾ പറഞ്ഞു: 'താങ്കളോടു എനിക്കൊന്നും പറയാനില്ല. കാരണം താങ്കൾക്കുമേൽ എന്റെ ഒരു ഔദാര്യവും ഉണ്ടായിട്ടില്ല.' *(ഹിന്ദുസ്താനീ ഉൽജനോം ക ആസാൻതരീൻ ഹൽ, അൻവാറുൽ ഉലൂം വാള്യം 18, പേജ് 560)*

ഹിജ്റ ആറാം വർഷം ദുൽഖഅ്ദ് മാസം ഹുദയ്ബിയ സന്ധിയുടെ അവസരത്തിൽ ഉടമ്പടി വ്യവസ്ഥകൾ എഴുതപ്പെട്ടു. ഇത് സീറത്തു ഖാത്തമുന്നബിയ്യീനിൽനിന്നെടുത്തതാണ്. ഈ ഉടമ്പടിയുടെ രണ്ടു പകർപ്പുകൾ തയ്യാറാക്കി. സാക്ഷികൾ എന്ന നിലയ്ക്ക് ഇരുകൂട്ടരുടേയും ഉന്നത വ്യക്തികൾ അതിൽ ഒപ്പു വെച്ചു. മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്ന് ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ), ഹദ്റത്ത് അബൂഉബയ്ദുല്ലാഹ് ബിൻ ജർറാഹ്(റ) എന്നിവരാണ് ഒപ്പിട്ടത്.' ഇത് സീറത്ത് ഖാത്തുന്നബിയ്യീനിൽനിന്നെടുത്തതാണ്. *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 769)*

ഇസ്‌ലാമിൽ ഹുദയ്ബിയ്യ സന്ധിയെക്കാൾ വലിയ മറ്റൊരു വിജയവുമില്ലെന്ന് ഹദ്റത്ത് അബൂബക്ർ(റ) പറയാറുണ്ടായിരുന്നു. *(സുബുലുൽഹുദാ വർറശാദ് വാള്യം 5, പേജ് 64, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1993)*

ബനൂഫസാറയിലേക്ക് അബൂബക്ർ നയിച്ച യുദ്ധത്തിന്റെ വിശദീകരണത്തിൽ പറയുന്നു:ഈ യുദ്ധം ഹിജ്റ 6-ാം വർഷമാണുണ്ടായത്. ബനൂഫസാറാ നജ്ദിലും വാദിൽഖുറായിലുമാണ് താമസിച്ചിരുന്നത്. *(ഫർഹങ്കെ സീറത്ത്, പേജ് 64, സവാർ അക്കാഡമി കറാച്ചി 2003)*

ഈ സൈന്യത്തെ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥായുടെ നേതൃത്വത്തിലാണ് അയച്ചതെന്ന് ത്വബഖാത്തുൽ കുബ്റായിലും സീറത്ത് ഇബ്നുഹിശാമിലും എഴുതിയിരിക്കുന്നു. *(അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 2, പേജ് 69, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)(അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നുഹിശാം, പേജ് 875, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

പക്ഷേ, സ്വഹീഹ് മുസ്‌ലിം സുനൻ അബൂദാവൂദ് എന്നിവയിലെ ഹദീഥുകളിൽനിന്ന് നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിനെ ഈ യുദ്ധത്തിന്റെ അമീറായി നിശ്ചയിച്ചിരുന്നുവെന്നാണ് മനസ്സിലാകുന്നത്. സ്വഹീഹ് മുസ്‌ലിമിലുള്ള നിവേദനത്തിൽ പറയുന്നു: ഇയാസ് ബിൻ സലമ വിവരിക്കുന്നു, എന്നോടു എന്റെ പിതാവ് വിവരിച്ചു, അദ്ദേഹം പറയുന്നു, ഞങ്ങൾ ഫസാറാ ഗോത്രവുമായി യുദ്ധം ചെയ്തു. ഞങ്ങളുടെ അമീർ ഹദ്റത്ത് അബൂബക്ർ(റ) ആയിരുന്നു. അദ്ദേഹത്തെ നബി(സ) തിരുമേനി ഞങ്ങളുടെ അമീറാക്കിയിരുന്നു. *(സ്വഹീഹ് മുസ്‌ലിം, കിതാബുൽജിഹാദി വസ്സയ്രി നിവേദനം 4573)(സുനൻ അബീദാവൂദ്, കിതാബുൽജിഹാദ് ഹദീഥ് 2697)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബും(റ) ഈ യുദ്ധത്തെ അനുസ്മരിച്ചുകൊണ്ട് വിവരിച്ചിരിക്കുന്നു:'നബി(സ) തിരുമേനി സ്വഹാബത്തിന്റെ ഒരു സംഘത്തെ ഹദ്റത്ത് അബൂബക്റിന്റെ നേതൃത്വത്തിൽ ഫസാറാ ഗോത്രത്തിലേക്ക് അയക്കുകയുണ്ടായി. ഈ ഗോത്രം അപ്പോൾ മുസ്‌ലിമീങ്ങൾക്കെതിരിലായിരുന്നു.

ഈ സംഘത്തിൽ സലമ ബിൻ അക്വഉം ഉണ്ടായിരുന്നു. അദ്ദേഹം പ്രസിദ്ധനായ വില്ലാളിവീരനും ഓടുന്ന കാര്യത്തിൽ പ്രത്യേകം പ്രാവീണ്യമുള്ള ആളുമായിരുന്നു. സലമ ബിൻ അക്വഅ് പറയുന്നു: 'ഞാൻ സുബ്ഹി നമസ്കാര സമയത്ത് ആ ഗോത്രക്കാരുടെ താവളത്തിന്നടുത്തെത്തി. ഞങ്ങൾ നമസ്കാരത്തിൽനിന്ന് വിരമിച്ചപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) ആക്രമിക്കാനുള്ള കല്പന ഞങ്ങൾക്കു നല്കി. ഞങ്ങൾ ഫസാറാ ഗോത്രത്തോടു യുദ്ധം ചെയ്ത് അവരുടെ ജലാശയംവരെയെത്തി. അന്യാരാധകരിലെ നിരവധിയാളുകൾ വധിക്കപ്പെട്ടു. തുടർന്ന് അവർ രണാങ്കണം വിട്ടോടിപ്പോയി. ഞങ്ങൾ നിരവധിപേരെ ബന്ദികളാക്കി. സലമ വിവരിക്കുന്നു:'ഓടിപ്പോകുന്നവരിൽ ഒരു സംഘം സ്ത്രീകളും കുട്ടികളും അടങ്ങുന്നതായിരുന്നു. അവർ വേഗം വേഗം അടുത്തുള്ള ഒരു മലനിരയിലേക്ക് നീങ്ങുകയായിരുന്നു. ഞാൻ അവർക്കും മലനിരകൾക്കുമിടയിൽ അമ്പെയ്യാൻ തുടങ്ങി. അപ്പോൾ അവർ ഭയന്ന് നിന്നു. ഞങ്ങൾ അവരെ തടവിലാക്കി. ആ തടവുകാരിൽ പ്രായാധിക്യമുള്ള ഒരു സ്ത്രീയുമുണ്ടായിരുന്നു. അവർ ചെമന്ന ഒരു തുകൽ പുതപ്പാണ് പുതച്ചിരുന്നത്. അവരോടൊപ്പം അവരുടെ സുന്ദരിയായ ഒരു പെൺകുട്ടിയുമുണ്ടായിരുന്നു. ഞാൻ അവരെ എല്ലാവരേയും വളഞ്ഞ് ഹദ്റത്ത് അബൂബക്റിന്റെ സവിധത്തിലെത്തിച്ചു. അദ്ദേഹം ആ പെൺകുട്ടിയെ എന്റെ മേൽനോട്ടത്തിൽ വിട്ടുതന്നു. ഞങ്ങൾ മദീനയിലെത്തിയപ്പോൾ നബി(സ)തിരുമേനി ആ പെൺകുട്ടിയെ എന്റെ കൈയിൽനിന്ന് വാങ്ങി. അവളെ മക്കയിലേക്ക് അയച്ച് അവൾക്കുപകരം ചില മുസ്‌ലിം ബന്ദികളെ മോചിപ്പിച്ചു. അവർ മക്കക്കാരുടെ കൈയിൽ തടവുകാരായിരുന്നു. അവരെ മക്കക്കാർ തടവുകാരാക്കിയതാണ്. ആ പെൺകുട്ടിക്കുപകരം അവരെ മോചിപ്പിച്ചു. *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 716-717)*

ഖയ്ബർ യുദ്ധത്തെ കുറിച്ച് പറയുന്നുണ്ട്. നബി(സ)തിരുമേനി ഹിജ്റ ഏഴാം വർഷം മുഹർറമാത്തിൽ ഖയ്ബറിലേക്ക് തിരിച്ചു. ഒരു ഈത്തപ്പന തോട്ടമാണ് ഖയ്ബർ. അത് മദീന മുനവ്വറയിൽനിന്ന് 184 കിലോമീറ്റർ വടക്കാണ് സ്ഥിതിചെയ്യുന്നത്. ഇവിടെ അഗ്നിപർവ്വതനിരകളുണ്ട്. ഇവിടെ യഹൂദികളുടെ നിരവധി കോട്ടകളാണുള്ളത്. ഇപ്പോഴും അതിന്റെ നിരവധി അവശിഷ്ടങ്ങൾ അവിടെ കാണാം. ഈ കോട്ടകളെ മുസ്‌ലിമീങ്ങൾ ഖയ്ബർ യുദ്ധത്തിൽ പിടിച്ചടക്കി. ഈ പ്രദേശം വളരെ വളക്കൂറുള്ളതും യഹൂദികളുടെ ഏറ്റവും വലിയ കേന്ദ്രവുമായിരുന്നു. നബി(സ)തിരുമേനി തന്റെ അഭാവത്തിൽ മദീനയിൽ സിബാഗ് ബിൻ ഉർഫുത്വ ഗിഫാരിയെ അമീറായി നിശ്ചയിച്ചു. *(താരീഖു അത്ത്വബ്രി, വാള്യം 3, പേജ് 144, ദാറുൽഫിക്ർ ബെയ്റുത്ത് 2002)(അറ്റ്ലസ് സീറത്ത് നബ് വി, ഡോക്ടർ ശോഖി അബൂ ഖലീൽ, പേജ് 330, ദാറുസ്സലാം)(ഫർഹങ്കെ സീറത്ത്, പേജ് 117, സവാർ അക്കാഡമി കറാച്ചി 2003)*

ഖയ്ബർ കോട്ടകളെ 10 രാത്രിയിലധികം ഉപരോധിച്ചു. *(അൽമവാഹിബുല്ലദിന്നിയ, വാള്യം 1, പേജ് 517, ഗസ്‌വയെ ഖയ്ബർ, അൽമക്തബ് ഇസ്‌ലാമി 2004)*

ഹദ്റത്ത് ബുറയ്ദ(റ) പറയുന്നു: നബി(സ)തിരുമേനിക്ക് ചെന്നിക്കുത്ത് ഉണ്ടാകുമായിരുന്നു. അവിടന്ന് ഒന്നോ രണ്ടോ ദിവസം പുറത്തിറങ്ങിയില്ല. അവിടന്ന് ഖയ്ബറിലെത്തിയപ്പോഴാണ് അത് തുടങ്ങിയത്. അതുകൊണ്ട് ജനങ്ങൾക്കിടയിൽ വരാൻ കഴിഞ്ഞില്ല. തലവേദനയായിരുന്നു. അതിന് മൈഗ്രെൻ (Migraine)എന്നും പറയുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനെ കത്തീബ കോട്ടയിലേക്ക് അയച്ചു. അദ്ദേഹം നബി(സ) തിരുമേനിയുടെ കൊടി കൈയിലെടുത്തു. ശത്രുക്കൾക്കെതിരിൽ ഉറച്ചുനിന്നു. ഘോരയുദ്ധമാണ് നടന്നത്. പിന്നീട് അദ്ദേഹം തിരിച്ചുവന്നു. പക്ഷേ, വിജയംവരിക്കാൻ കഴിഞ്ഞില്ല. വാസ്തവത്തിൽ അദ്ദേഹം നല്ലവണ്ണം ശ്രമിച്ചിരുന്നു. പിന്നീട് നബി(സ)തിരുമേനി ഹദ്റത്ത് ഉമറിനെ പറഞ്ഞയച്ചു. അദ്ദേഹവും നബി(സ) തിരുമേനിയുടെ കൊടി കൈയിലേന്തി. ഘോരമായ യുദ്ധം നടന്നു. ഇത് ആദ്യത്തെ യുദ്ധത്തെക്കാളും ശക്തമായിരുന്നു. അദ്ദേഹവും മടങ്ങിയെത്തി. പക്ഷേ, വിജയംവരിക്കാൻ കഴിഞ്ഞില്ല. *(സുബുലുൽഹുദാ വർറശാദ് ഭാഗം 5, പേജ് 124, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)*

ചരിത്രങ്ങളുടേയും ജീവചരിത്രങ്ങളുടേയും അധിക ഗ്രന്ഥങ്ങളിലും എഴുതിയിട്ടുള്ളത് ഹദ്റത്ത് അബൂബക്റിനേയും ഹദ്റത്ത് ഉമറിനേയും ഒന്നിനുപിറകെ ഒന്നായി സൈനികനേതാവാക്കിയെങ്കിലും അവരുടെ കൈകളാൽ ആ കോട്ട പിടിച്ചെടുക്കാൻ കഴിഞ്ഞില്ല. എന്നാൽ, സയ്യിദുനാ സിദ്ദീഖെ അക്ബർ എന്ന പേരിൽ ലാഹോറിൽ നിന്നിറങ്ങിയ ഗ്രന്ഥം നോക്കി ഗവേഷണം ചെയ്യുന്ന നമ്മുടെ ആളുകൾ എനിക്കെഴുതുന്നു:ഇതിന്റെ ഗ്രന്ഥകാരൻ ഹദ്റത്ത് അബൂബക്റിന്റെ കൈകളാൽ ഈ കോട്ട പിടിച്ചടക്കി എന്നെഴുതിയിട്ടുണ്ടെന്നാണ്. പക്ഷേ, അതിനു ഉദ്ധരണികളൊന്നും കൊടുത്തിട്ടില്ല. ഏതായാലും ഗ്രന്ഥകാരൻ എഴുതുന്നു: ഒരു കോട്ട പിടിച്ചടക്കാൻ ഹദ്റത്ത് അബൂബക്റിനെ സൈന്യാധിപനായി നിശ്ചയിച്ചു. അത് അദ്ദേഹം കീഴടക്കുകയും ചെയ്തു. ഹദ്റത്ത് ഉമറാണ് രണ്ടാമത്തെ കോട്ട കീഴ്പ്പെടുത്താൻ നിശ്ചയിക്കപ്പെട്ടത്. അദ്ദേഹവും വിജയിച്ചു. മൂന്നാമത്തെ കോട്ട ജയിച്ചടക്കാൻ മുഹമ്മദ് ബിൻ മസ്‌ലമയെ ചുമതലപ്പെടുത്തി. എന്നാൽ, അദ്ദേഹത്തിന് വിജയിക്കാൻ കഴിഞ്ഞില്ല. തുടർന്ന് നബി(സ)തിരുമേനി പറഞ്ഞു:'ഞാൻ രാവിലെ അല്ലാഹുവിനേയും അവന്റെ റസൂലിനേയും സുഹൃത്താക്കിയവവെച്ചിട്ടുള്ള ഒരാളെ സൈന്യാധിപനാക്കി പതാക ഏല്പിക്കുന്നതാണ്. അയാളുടെ കൈകളാൽ ആ കോട്ട വിജയിക്കുന്നതായിരിക്കും. അങ്ങനെ ഹദ്റത്ത് അലിയ്ക്ക് പതാക നല്കി. അദ്ദേഹം ഖമൂസ് കോട്ട ജയിച്ചടക്കുകയും ചെയ്തു.' *(സയ്യിദുനാ സിദ്ദീഖെ അക്ബർ പേജ് 49, അൽഹാജ് ഹക്കീം ഗുലാം നബി എം. എ, പ്രസാധകർ അദബിയാത്ത് ലാഹോർ)*

ഖയ്ബർ യുദ്ധത്തെ പറ്റി വാഖ്ദിയുടെ ഒരു നിവേദനമുണ്ട്. ആളുകൾ അദ്ദേഹത്തിന്റെ ചരിത്രപുസ്തകങ്ങളും വായിക്കാറുണ്ട്. അതുകൊണ്ട് അത് പരാമർശിക്കുകയാണ്. എന്നാൽ, അത് നൂറുശതമാനവും ശരിയാണെന്ന് ഉറപ്പൊന്നുമില്ല. അദ്ദേഹം എഴുതുന്നു:'ഖയ്ബർ യുദ്ധാവസരത്തിൽ ഒരു സ്വഹാബി ഹദ്റത്ത് ഹുബാബ് ബിൻ മുൻദിർ, നബി(സ)തിരുമേനിയോടു പറഞ്ഞു:'യാ റസൂലല്ലാഹ്!യഹൂദികൾ ഈത്തപ്പനകളെ തങ്ങളുടെ യുവാക്കളായ മക്കളെക്കാളും പ്രിയപ്പെട്ടതായി ഗണിക്കുന്നവരാണ്. അങ്ങ് അവരുടെ ഈത്തപ്പനകൾ വെട്ടിമാറ്റിയാലും.' അപ്പോൾ നബി(സ)തിരുമേനി ഈത്തപ്പനകൾ വെട്ടിമാറ്റാൻ നിർദേശിച്ചു. മുസ്‌ലിമീങ്ങൾ അതിവേഗം ഈത്തപ്പനകൾ വെട്ടിമാറ്റാൻ തുടങ്ങി. ഇതു കുറച്ചുഭാഗം നൂറുശതമാനവും ശരിയാണെന്ന് തോന്നുന്നില്ല. എന്തായാലും തുടർന്നുവരുന്ന ഭാഗങ്ങൾ ശരിയാണെന്ന് തോന്നുന്നുണ്ട്. അദ്ദേഹം പറയുന്നു:'അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ), നബി(സ)തിരുമേനിയുടെ സന്നിധിയിലെത്തി പറഞ്ഞു, യാ റസൂലല്ലാഹ്!തീർച്ചയായും പ്രതാപവാനായ അല്ലാഹു അങ്ങയ്ക്ക് ഖയ്ബറിനെ പറ്റി വാഗ്ദാനം നല്കയിട്ടുള്ളതാണ്. അവൻ അങ്ങയോടു ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നവനാകുന്നു. അങ്ങ് ഈ ഈത്തപ്പനകൾ വെട്ടരുത്! അപ്പോൾ നബി(സ)തിരുമേനി കല്പന നല്കുകയും നബി(സ)തിരുമേനിയുടെ വിളിയാൾ വിളംബരപ്പെടുത്തുകയും ഈത്തപ്പനകൾ വെട്ടുന്നത് വിലക്കുകയും ചെയ്തു. *(കിതാബുൽമഗാസി ലിൽവാഖ്ദി, വാള്യം 2, പേജ് 120, ഗസ്‌വ ഖയ്ബർ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2004)*

അല്ലാഹു നബി(സ) തിരുമേനിക്ക് ഖയ്ബറിൽ വിജയം നല്കിയപ്പോൾ അവിടന്ന് ഖയ്ബറിലെ ഒരു പ്രത്യേക താഴ്‌വരയായ കത്തീബയെ തന്റെ അടുപ്പക്കാർക്കും കുടുംബത്തിലെ സ്ത്രീകൾക്കും മുസ്‌ലിം സ്ത്രീപുരുഷന്മാർക്കും വിതരണം ചെയ്തു. ആ സന്ദർഭത്തിൽ നബി(സ) തിരുമേനിയുടെ മറ്റുകുടുംബക്കാർക്കുപുറമെ ഹദ്റത്ത് അബൂബക്റിനും നൂറു ലോഡ്(വസഖ്) ധാന്യവും ഈത്തപ്പഴവും നല്കിയിരുന്നു. *(അസ്സീറത്തുന്നിബ്‌വിയ്യ ലി*

ശേഷം പേജ് 9 ൽ

## • ഹദീഥുന്നബ്‌വി(സ) •

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ്' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."**

*(സ്വഹീഹ് മുസ്‌ലിം)*

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

## • ഹദീഥുന്നബ്‌വി(സ) •

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**

*(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)*

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

## ഖുത്ബ ജുമുഅ

**നിങ്ങൾ മൂവായിരം വില്ലാളിവീരന്മാരുണ്ടെങ്കിലും അതല്ല മുപ്പതിനായിരമുണ്ടെങ്കിലും ഞാൻ അത് ഗൗനിക്കുന്നില്ല. മുശ്‌രിക്കീങ്ങളേ! എന്റെ ധൈര്യം കണ്ട് ഞാൻ ദൈവമാണെന്ന് ധരിക്കണ്ട. ഞാൻ ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ നേതാവ് അബ്ദുൽമുത്ത്വലിബിന്റെ മകൻ! അതായത് പൗത്രനാകുന്നു ഞാൻ! (ഹദീഥുന്നബി(സ))**

# നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച

## ഹുനയ്ൻ യുദ്ധം, ത്വാഇഫ് യുദ്ധം, തബൂക് യുദ്ധം എന്നിവയെ കുറിച്ചുള്ള ചർച്ച

ഹദ്റത്ത് അബൂബക്ർ(റ) തബൂക് യുദ്ധാവസരത്തിൽ തന്റെ മുഴുവൻ സ്വത്തും നബി(സ)തിരുമേനിയുടെ സവിധത്തിലെത്തിച്ചു. അത് 4000 ദിർഹമുണ്ടായിരുന്നു.

**ഖുത്ബ ജുമുഅ 2022 ഫെബ്രുവരി 11/1401 തബ്ലീഗ് 11, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്,(സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ചരിത്രത്തിൽ മക്ക വിജയം സംബന്ധിച്ച് ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഒരു സ്വപ്നം പരാമർശിക്കുന്നുണ്ട്. അതിങ്ങനെയാണ്: 'നബി(സ)തിരുമേനിയോടു ഹദ്റത്ത് അബൂബക്ർ(റ) താൻ കണ്ട ഒരു സ്വപ്നം വിവരിച്ചുകൊണ്ടു പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ!എനിക്ക് ഒരു സ്വപ്നം കണിക്കപ്പെട്ടിരിക്കുന്നു. ഞാൻ സ്വപ്നത്തിൽ അങ്ങയെ കണ്ടു. നമ്മളിരുവരും മക്കയുടെ അടുത്തെത്തിയിരിക്കുന്നു. ഒരു പട്ടി കുരച്ചുകൊണ്ട് നമ്മുടെ അടുക്കൽ വന്നു. നമ്മൾ അതിനടുത്തെത്തിയപ്പോൾ അത് മലർന്നു കിടന്നു.

**അദിംത്തു ബുനയ്യത്തീ ഇൻ ല്ലം തറൗഹാ**
**തുഥീർറുനഖ്അ മൗയിദഹാ കദാഉ**
**യുനാസിഅ്നൽ അയിന്നത്ത**
**മുസ്‌രിഹാത്തിൻ**
**യുലത്ത്വിമുഹുന്ന**
**ബിൽഖുമുരി ന്നിസാഉ**

വാഗ്ദാനമനുസരിച്ച് **'കദാ'** പർവ്വതത്തിൽ പൊടി പറത്തുന്ന സൈന്യങ്ങളെ കണ്ടില്ലെങ്കിൽ ഞാൻ എന്റെ മകളെപ്പോലും വിസ്മരിക്കുന്നതാണ്. ആ അതിശീഘ്രം പായുന്ന കുതിരകൾ തങ്ങളുടെ കടിഞ്ഞാണുകളെ വലിച്ചുകൊണ്ടിരിക്കുന്നു. അതേ സമയം സ്ത്രീകൾ അവയെ മൂടുപടംകൊണ്ട് അടിക്കുന്നു.

അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:'ഈ നഗരത്തിൽ ഹസ്സാൻ പറഞ്ഞ സ്ഥലത്തൂടെ അതായത് 'കദാ' എന്നിടത്തോടെ പ്രവേശിക്കുക.' അത് മക്കയുടെ പുറത്തുനിന്ന് അകത്ത് പ്രവേശിക്കുന്ന ഒരു മലയിടുക്കാണ്. മക്ക വിജയ സമയത്ത് നബി(സ)തിരുമേനി ഇതിലൂടെയാണ് മക്കയിൽ പ്രവേശിച്ചത്.*(ഫർഹങ്കെ സീറത്ത്, പേജ് 242, സവാർ അക്കാഡമി കറാച്ചി 2003)*

മക്ക വിജയഘട്ടത്തിൽ നബി(സ)തിരുമേനി സമാധാന വിളംബരം നടത്തി. ഹദ്റത്ത് അബൂബക്ർ(റ), നബി(സ)തിരുമേനിയോടു പറഞ്ഞു: 'യാ റസൂലല്ലാഹ്! അബൂസുഫ്‌യാൻ ആദരവ് ആഗ്രഹിക്കുന്ന വ്യക്തിയാണ്.' അപ്പോൾ അവിടന്ന് പറഞ്ഞു:'അബൂ സുഫ്‌യാന്റെ വീട്ടിൽ പ്രവേശിക്കുന്നവർ അഭയത്തിലായിരിക്കുന്നതാണ്.'*(ശറഹ് അസ്സുർഖാനീ അലൽ മവാഹിബുല്ലദുന്നിയ, ഭാഗം 3, പേജ് 421, ബാബ് ഗസ്‌വത്തു ഫതഹ് അളിീം, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1996)*

മക്ക വിജയത്തിനുശേഷം നബി(സ)തിരുമേനി ഹുബുൽ ബിംബത്തെപറ്റി കല്പിച്ചിരുന്നതനുസരിച്ച് അത് വീഴ്ത്തപ്പെട്ടു. അവിടന്ന് അതിന്നടുത്തുനിന്നു. അപ്പോൾ ഹദറത്ത് സുബയ്ർ ബിൻ അവ്വാം അബൂ സുഫ്‌യാനോടു പറഞ്ഞു: 'അബൂസുഫ്‌യാൻ!ഹുബുൽ വീഴ്ത്തപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ നീ ഉഹുദ് യുദ്ധത്തിൽ അതേപറ്റി വലിയ ഗർവ്വിഷ്ഠനായിരുന്നു. നിങ്ങൾക്കുമേൽ അത് അനുഗ്രഹം ചൊരിഞ്ഞുവെന്ന് നീ വിളംബരപ്പെടുത്തിയിരുന്നു.' അപ്പോൾ അബൂസുഫ്‌യാൻ പറഞ്ഞു: 'അവ്വാമിന്റെ മകനേ!അക്കാര്യങ്ങളെല്ലാം വിട്ടുകളയൂ. കാരണം മുഹമ്മദിന്റെ ദൈവമല്ലാതെ മറ്റൊരു ദൈവമുണ്ടായിരുന്നെങ്കിൽ ഇന്ന് സംഭവിച്ചതൊന്നും സംഭവിക്കില്ലായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു.' അതുകഴിഞ്ഞ് നബി(സ)തിരുമേനി കഅ്ബയുടെ ഒരു മൂലയിലിരുന്നു. ജനങ്ങൾ നബി(സ)തിരുമേനിക്കു ചുറ്റും കൂടിയിരുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ)വിവരിക്കുന്നു:'നബി(സ)തിരുമേനി മക്കവിജയ ദിവസം ഇരിക്കുകയായിരുന്നു. ഹദ്റത്ത് അബൂബക്ർ വാളുമേന്തി നബിയെ സംരക്ഷിക്കുന്നതിനുവേണ്ടി അവിടത്തെ തലയുടെ ഭാഗത്ത് നില്ക്കുകയായിരുന്നു.'*(സുബുലുൽഹുദാ വാല്യം 5, പേജ് 235, ഫീഗസ്‌വത്തി ഫതഹുൽ അഅ്ളം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1993)*

ഹുനയ്ൻ യുദ്ധത്തെ കുറിച്ചുള്ള വിവരം ലഭിക്കുന്നുണ്ട്. ഹുനയ്ൻ യുദ്ധത്തിന്റെ മറ്റൊരു പേര് ഹവാസിൻയുദ്ധമെന്നാണ്. ഇപ്രകാരം തന്നെ ഔത്വാസ് യുദ്ധമെന്നും ഇതിനു പറയുന്നുണ്ട്. ഹുനയ്ൻ പരിശുദ്ധ മക്കയ്ക്കും ത്വാഇഫിനുമിടയിൽ, മക്കയിൽനിന്ന് 30 മൈൽ ദൂരെ സ്ഥിതിചെയ്യുന്ന ഒരു താഴ്‌വരയാണ്. ഹുനയ്ൻ യുദ്ധം ഹിജ്റ എട്ടാം വർഷം ശവ്വാൽമാസത്തിൽ മക്കാ വിജയത്തിനുശേഷമാണുണ്ടായത്. അല്ലാഹു നബി(സ)തിരുമേനിയുടെ കൈകളാൽ മക്ക വിജയമുണ്ടായപ്പോൾ ഹവാസിന്റേയും ഥഖീഫിന്റേയും നേതാക്കന്മാർ കൂടിക്കാഴ്ച നടത്തി. നബി(സ)തിരുമേനി അവരുമായി യുദ്ധം ചെയ്യുമെന്ന് അവർ ഭയപ്പെട്ടിരുന്നു. *(അസ്സീറത്തുൽഹൽബിയ്യ, വാല്യം 3, ബാബു ദിക്റു മഗാസിയ, ഗസ്‌വ ഹുനയ്ൻ, പേജ് 151, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)(അറ്റ്ലസ് സീറത്തു നബ്‌വി പേജ് 409, ദാരുസ്സലാം രിയാള് ഹിജ്റ 1424)*

മാലിക് ബിൻ ഔഫ് നസ്‌രി അറേബ്യൻ ഗോത്രങ്ങളെ സംഘടിപ്പിച്ചു. അങ്ങനെ അയാളുടെ അടുക്കൽ ഹവാസിൻ ഗോത്രത്തോടൊപ്പം ബനൂഥഖീഫ്, ബനൂനസ്ർ, ബനൂ ജുശമും, സഅ്ദ് ബിൻ ബക്റും ബനൂഹിലാലിൽനിന്നുള്ള കുറച്ചുപേരും സംഘടിച്ചു. ഇവരെല്ലാവരും ഒരുമിച്ച് ഔത്വാസ് എന്ന സ്ഥലത്ത് സംഘടിച്ചു. ഔത്വാസ് ഹുനയ്ന്റെ അടുത്തുള്ള ഒരു താഴ്‌വരയാണ്. നബി(സ)തിരുമേനിയുടെ വിവരങ്ങളറിയാൻ മാലിക് ബിൻ ഔഫ് ഒരു ചാരനെ അയച്ചു. അവർ സംഘടിക്കുന്നുവെന്നറിഞ്ഞപ്പോൾ കാര്യങ്ങൾ മനസ്സിലാക്കാൻ നബി(സ)തിരുമേനി സ്വഹാബാക്കളിലെ അബ്ദുല്ലാഹ് ബിൻ അബൂ ഹദ്റവ് അസ്‌ലമിയെ വിവരങ്ങളറിയാൻ പറഞ്ഞയച്ചു. തുടർന്ന് നബി(സ)തിരുമേനി ഹവാസിനുമായി യുദ്ധം ചെയ്യുന്നതിന് പുറപ്പെടാൻ തീരുമാനിച്ചു. യുദ്ധത്തിനുവേണ്ടി സ്വഫ്‌വാൻ ബിൻ ഉമയ്യായിൽനിന്നും തന്റെ കൊച്ചാപ്പയുടെ മകൻ നൗഫൽ ബിൻ ഹാരിഥിൽനിന്നും ആയുധങ്ങൾ കടം വാങ്ങി. ഇപ്രകാരം നബി(സ)തിരുമേനി 12000 സൈന്യത്തോടൊപ്പം ബനൂഹവാസിനെ നേരിടുന്നതിന് പുറപ്പെടുകയും അതിരാവിലെ ഹുനയ്ൻ എന്ന സ്ഥലത്തെത്തുകയും താഴ്‌വരയിൽ പ്രവേശിക്കുകയും ചെയ്തു. അന്യാരാധകരുടെ സൈനികർ ആ താഴ്‌വരയിൽ നേരത്തെതന്നെ ഒളിച്ചിരിപ്പുണ്ടായിരുന്നു. അവർ മുസ്‌ലിമീങ്ങൾക്കുനേരെ മിന്നലാക്രമണം നടത്തി. അവരുടെ ശക്തമായ ശരവർഷം കാരണം മുസ്‌ലിമീങ്ങൾ പിന്തിരിഞ്ഞോടുകയും ചിതറിപ്പോകുകയും ചെയ്തു.

അതുകൊണ്ട് നബി(സ)തിരുമേനിയുടെ അടുക്കൽ ഏതാനും സ്വഹാബാക്കൾ മാത്രമായി. അതിൽ ഹദ്റത്ത് അബൂബക്റുമുണ്ടായിരുന്നു. *(അസ്സീറത്തുൽഹൽബിയ്യ, വാല്യം 3, ബാബു ദിക്റു മഗാസിയ, ഗസ്വ ഹുനയ്ൻ, പേജ് 151-154, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത് 2002)(ഫർഹങ്കെ സീറത്ത് പേജ് 49, സവാർ അക്കാഡമി കറാച്ചി 2003)*

അബൂ ഇസ്ഹാഖിൽനിന്ന് നിവേദനം. ഒരാൾ ബറാഅന്റെ അടുക്കൽവന്നു പറഞ്ഞു:നിങ്ങൾ ഹുനയ്ൻ ദിവസം പിന്തിരിഞ്ഞോടി.' അദ്ദേഹം പറഞ്ഞു: 'ഞാൻ നബി(സ)തിരുമേനിയെ കുറിച്ച് സാക്ഷ്യം പറയുന്നു, അവിടന്ന് പിന്തിരിഞ്ഞോടിയിട്ടില്ല. പക്ഷേ, എടുത്തുച്ചാട്ടകാരും നിരായുധരുമായ ചിലർ ഹവാസിൻ ഗോത്രത്തിന്റെ അടുത്തുപോയി. അവർ അമ്പെയ്യുന്ന ജനതയായിരുന്നു. അവർ വെട്ടുകിളികളെപ്പോലെ ശരങ്ങൾ വർഷിക്കാൻ തുടങ്ങി. അതുകൊണ്ട് അവർ തങ്ങളുടെ സ്ഥലം വിട്ടുപോയതാണ്.' *(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ജിഹാദി വസ്സയ്‌രി, ബാബു ഫീ ഗസ് വത്തി ഹുനയ്ൻ ഹദീഥ് 4616)*

അത്തരം അവസ്ഥകളിൽ മുഹാജിരീങ്ങളിൽനിന്ന് ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും നബി(സ)തിരുമേനിയോടൊപ്പം ഉറച്ചുനിന്നു. അവിടത്തെ അഹ്‌ലുൽ ബയ്ത്തിൽനിന്ന് ഹദ്റത്ത് അലി(റ), ഹദ്റത്ത് അബ്ബാസ് ബിൻ അബ്ദുൽ മുത്ത്വലിബ്, നബി(സ)തിരുമേനിയുടെ കൊച്ചാപ്പയുടെ മകൻ അബൂസുഫ്‌യാൻ ബിൻ ഹാരിഥ്, അദ്ദേഹത്തിന്റെ മകൻ, ഹദ്റത്ത് ഫള്ൽബിൻ അബ്ബാസ്, റബീഅ ബിൻ ഹാരിഥ്, ഉസാമ ബിൻ സയ്ദ് എന്നിവരെ കുറിച്ചുള്ള വിവരം ലഭിക്കുന്നുണ്ട്. ഇവർ കൂടെ ഉണ്ടായിരുന്നു.*(അസ്സീറത്തുന്നബവിയ്യ ലിഇബ്നി ഹിശാം, പേജ് 764, ഗസ്വത്തു ഹുനയ്ൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2001)*

ഹദ്റത്ത് അബൂഖത്താദ(റ) വിവരിക്കുന്നു: ഹുനയ്ൻ യുദ്ധ വേളയിൽ മുസ്‌ലിമീങ്ങളിലെ ഒരു വ്യക്തിയെ ഒരു അന്യാരാധകനുമായി യുദ്ധം ചെയ്യുന്നത് കാണാനിടയായി. മറ്റൊരു അന്യാരാധകൻ ചതിയിലൂടെ നിശബ്ദനായി പിന്നിൽവന്ന് ആക്രമിച്ച് അദ്ദേഹത്തെ വധിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. അപ്പോൾ ഇങ്ങനെ ഒരു മുസ്‌ലിമിനെ വഞ്ചിക്കാൻ ശ്രമിക്കുന്നവനിലേക്ക് ഞാൻ അതിശീഘ്രം നീങ്ങി. അയാൾ എന്നെ വധിക്കാൻ കൈയുയർത്തി. ഞാൻ അയാളുടെ കൈ വെട്ടി. അത് മുറിച്ചു. പിന്നെ അയാൾ എന്നെ പിടികൂടി. എന്നെ ശക്തമായി ആലിംഗനം ചെയ്തു. അപ്പോൾ നിസ്സഹായനായി. പിന്നെ അയാൾ എന്നെ വിട്ടു. അയാൾ ക്ഷീണിതനായി, ഞാൻ അയാളെ തള്ളി അകറ്റി. പിന്നീട് ഞാൻ അയാളെ വധിച്ചു. മറുഭാഗത്ത് മുസ്‌ലിമീങ്ങൾ പരാജിതരായി പിന്തിരിഞ്ഞോടി. ഞാനും അവരോടൊപ്പം ഓടിപ്പോയി.' പറയുന്നു: പിന്നീട് ആളുകൾ നബി(സ)തിരുമേനിയുടെ അടുത്ത് ഒരുമിച്ചുകൂടാൻ തുടങ്ങി. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു:'ഏതെങ്കിലും വധിക്കപ്പെട്ട ആളെ സംബന്ധിച്ച് താനാണ് വധിച്ചതെന്ന് തെളിവു തരുന്ന ആൾക്ക് വധിക്കപ്പെട്ടവന്റെ സാധനങ്ങൾ ലഭിക്കുന്നതാണ്.' ഞാൻ വധിച്ച ആളെപ്പറ്റി എന്തെങ്കിലും തെളിവു കിട്ടാൻ എഴുന്നേറ്റെങ്കിലും എനിക്കുവേണ്ടി സാക്ഷ്യം പറയാൻ ആരേയും കിട്ടിയില്ല. ഞാൻ ഇരുന്നു. പിന്നെയാണ് എനിക്കോർമവന്നത് ഞാൻ ആ വധിക്കപ്പെട്ടവനെപറ്റി പറയുമ്പോൾ എന്റെ അടുത്തിരുന്ന ഒരാൾ പറഞ്ഞു: അയാളുടെ ആയുധങ്ങൾ എന്റെ കൈയിലുണ്ട്. നബി(സ)തിരുമേനിയോടു അയാൾ അതായത് ആയുധം കൈവശമുണ്ടായിരുന്നയാൾ പറഞ്ഞു:അദ്ദേഹത്തിന് ആയുധങ്ങൾക്കു പകരം മറ്റെന്തെങ്കിലും നല്കി തൃപ്തിപ്പെടുത്തിയാലും. അതായത് എന്റെ പക്കലുള്ള ആയുധങ്ങൾ എന്റെ പക്കൽത്തന്നെ ഇരുന്നുകൊള്ളട്ടെ. അദ്ദേഹത്തിന് മറ്റെന്തങ്കിലും നല്കിയാലും. ഹദ്റത്ത് അബൂബക്ർ(റ)അവിടെ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: അതൊരിക്കലും സാധ്യമല്ല. നബി(സ)തിരുമേനി ഖുറയ്ശികളിലെ ഒരു ഭീരുവിന് സാധനസാമഗ്രികൾ നല്കുകയും അല്ലാഹുവിനും അവന്റെ റസൂലിനുംവേണ്ടി പൊരുതിയ സിംഹങ്ങളിൽപ്പെട്ട ഒരാളെ ഒഴിവാക്കുകയും ചെയ്യുകയോ? ഹദ്റത്ത് അബൂഖത്താദ പറയുന്നു: നബി(സ)തിരുമേനി എഴുന്നേല്ക്കുകയും ആ വസ്തുക്കൾ എനിക്കു വാങ്ങിത്തരികയും ചെയ്തു. ഞാൻ അതുകൊണ്ട് ഒരു ഈത്തപ്പനത്തോട്ടം വാങ്ങി. ഞാൻ ഇസ്‌ലാമിൽ വന്നതിനുശേഷം എനിക്കുണ്ടായ ആദ്യത്തെ സ്വത്ത് അതാണ്.*(സ്വഹീഹ് ബുഖാരി, കിതാബുൽ മഗാസി, ബാബു ഖൗലില്ലാഹിത്തആലാ വ യൗമ ഹുനയ്ൻ ഹദീഥ് 4322)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'നോക്കുക!ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നതെന്തെന്നാൽ, ഹുനയ്ൻ യുദ്ധാവസരത്തിൽ മക്കയിലെ അവിശ്വാസകൾ തങ്ങളും തങ്ങളുടെ ധീരത പ്രകിടിപ്പിക്കുന്നതാണെന്ന് പറഞ്ഞ് ഇസ്‌ലിമിക സൈന്യത്തിൽ പങ്കെടുക്കുകയുണ്ടായി. പിന്നെ ബനൂഥഖീഫിന്റെ ആക്രമണം സഹിക്കവയ്യാതെ യുദ്ധമൈതാനത്തുനിന്ന് ഓടിപ്പോയി. അങ്ങനെ നബി(സ)തിരുമേനിയുടെ അടുത്ത് 12 സ്വഹാബിമാർ മാത്രം ഉണ്ടായിരുന്ന സമയവുമുണ്ടായി. പതിനായിരം പേരടങ്ങുന്ന ഇസ്‌ലാമിക സൈന്യം ചിതറാൻ തുടങ്ങി. നിഷേധികളുടെ 3000 പേർ വരുന്ന അമ്പെയ്ത്തു സൈന്യം നബി(സ)തിരുമേനിയുടെ ഇടത്തും വലത്തുമുള്ള മലകളിൽ കയറി അവിടത്തെമേൽ അമ്പെയ്യുകയായിരുന്നു. എന്നാൽ, ആ സമയത്തും അവിടന്ന് പിന്മാറാൻ ആഗ്രഹിച്ചില്ല. മറിച്ച് മുന്നോട്ടുപോകാനാണ് ആഗ്രഹിച്ചത്. ഹദ്റത്ത് അബൂബക്ർ(റ)പരിഭ്രമിച്ച് നബി(സ)തിരുമേനിയുടെ യാത്രാവാഹനത്തിന്റെ കടിഞ്ഞാൺ പിടിച്ചുകൊണ്ടു പറഞ്ഞു:'അല്ലാഹുവിന്റെ റസൂലേ!എന്റെ ജീവൻ അങ്ങയിൽ ബലിയായിരിക്കട്ടെ. ഇതു മുന്നോട്ടുപോകേണ്ട സമയമല്ല. ഉടനെ ഇസ്‌ലാമിക സൈന്യം സംഘടിക്കുന്നതാണ്. അപ്പോൾ നമുക്ക് മുന്നോട്ടുപോകാം.' എന്നാൽ, നബി(സ) തിരുമേനി ആവേശാഭരിതനായി പറഞ്ഞു: 'എന്റെ യാത്രാവാഹനത്തിന്റെ കടിഞ്ഞാൺ വിടുക.' പിന്നീട് അവിടന്ന് കുതിരയെ ഉപ്പൂറ്റികൊണ്ടു ചവിട്ടി മുന്നോട്ടു കുതിച്ചു.അവിടന്ന് ഇങ്ങനെ പറയുന്നുണ്ടായിരുന്നു: 'അനന്നബിയ്യു ലാ കദിബ് അനബ്നു അബ്ദിൽ മുത്ത്വലിബ് അതായത് ഞാൻ വാഗ്ദാനം ചെയ്യപ്പെട്ട നബിയാണ്. എന്നെ സംരക്ഷിക്കുമെന്ന അനശ്വരമായ വാഗ്ദാനമുണ്ട്. ഞാൻ വ്യാജനല്ല. അതുകൊണ്ട് നിങ്ങൾ മൂവായിരം വില്ലാളിവീരന്മാരുണ്ടെങ്കിലും അതല്ല മുപ്പതിനായിരമുണ്ടെങ്കിലും ഞാൻ അത് ഗൗനിക്കുന്നില്ല. മുശ്‌രിക്കീങ്ങളേ! എന്റെ ധൈര്യം കണ്ട് ഞാൻ ദൈവമാണെന്ന് ധരിക്കണ്ട. ഞാൻ ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ നേതാവ് അബ്ദുൽമുത്ത്വലിബിന്റെ മകൻ!അതായത് പൗത്രനാകുന്നു ഞാൻ!

നബി(സ)തിരുമേനിയുടെ പിതൃവ്യൻ ഹദ്റത്ത് അബ്ബാസ്(റ)നല്ല ശബ്ദുമുള്ള ആളായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തെ നോക്കി പറഞ്ഞു: 'അബ്ബാസേ! മുന്നോട്ടു വരിക. ഉച്ചത്തിൽ വിളിച്ചു പറയുക, 'സൂറ ബഖറയുടെ സ്വഹാബിമാരേ! അതായത് സൂറബഖറ ഹൃദിസ്തമാക്കിയവരേ! ഹുദയ്ബിയ ദിവസം വൃക്ഷത്തിന്റെ കീഴിൽ ബയ്അത്തു ചെയ്തവരേ! അല്ലാഹുവിന്റെ റസൂൽ നിങ്ങളെ വിളിക്കുന്നു.'

ഒരു സ്വഹാബി പറയുന്നു: മക്കയിലെ പുതുമുസ്‌ലിമീങ്ങൾ പൊടി കാരണം ഇസ്‌ലാമിക സൈന്യത്തിലെ മുൻനിര പിന്നിലേക്കോടിയപ്പോൾ ഞങ്ങളും സവാരികളും ഓടാൻ തുടങ്ങി. ഞങ്ങൾ എത്ര തടുത്തുവോ അത്രയും ശക്തമായി അവർ പിന്നിലേക്കോടുകയാണ്. അപ്പോൾ അബ്ബാസിന്റെ ശബ്ദം മൈതാനത്ത് മുഴങ്ങിക്കേട്ടു. 'സൂറ ബഖറയുടെ സ്വഹാബിമാരേ! അതായത് സൂറബഖറ ഹൃദിസ്തമാക്കിയവരേ! ഹുദയ്ബിയ ദിവസം വൃക്ഷത്തിന്റെ കീഴിൽ ബയ്അത്തു ചെയ്തവരേ! അല്ലാഹുവിന്റെ റസൂൽ നിങ്ങളെ വിളിക്കുന്നു.' പറയുകയാണ്, ഈ ശബ്ദം എന്റെ കാതിൽ വന്നലച്ചപ്പോൾ ഞാൻ മൃതനാണെന്നും ജീവനില്ലാത്തവനാണെന്നും അസ്റാഫീലിന്റെ കാഹളം വിളി അന്തരീക്ഷത്തിൽ മുഴങ്ങുകയാണെന്നും എനിക്കു തോന്നി. ഞാനെന്റെ ഒട്ടകത്തിന്റെ കടിഞ്ഞാണിൽ പിടിച്ച് ശക്തമായി വലിച്ചു. അതിന്റെ തല പിന്നിൽ മുട്ടുന്നുണ്ടായിരുന്നു. എന്നാൽ, അത് വളരെ ഭയപ്പെട്ടിരുന്നു. ഞാൻ കടിഞ്ഞാൺ അയയ്ക്കുമ്പോൾ വീണ്ടും അത് പിന്നിലേക്കോടുകയാണ്. അപ്പോൾ ഞാനും നിരവധി സുഹൃത്തുക്കളും വാളെടുത്ത് ഒട്ടകങ്ങളിൽനിന്ന് ചാടിയിറങ്ങി നിരവധി ഒട്ടകങ്ങളുടെ കഴുത്ത് വെട്ടിമാറ്റി. നബി(സ)തിരുമേനിയുടെ സവിധത്തിലേക്ക്

**• ഹദീഥുന്നബ്‌വി(സ) •**

**"ആര് എന്റെമേൽ സ്വലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**

*(അബൂദാവൂദ്, കിതാബുൽമനാസിക്)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

**• ഹദീഥുന്നബ്‌വി(സ) •**

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

കുതിച്ചുപായാൻ തുടങ്ങി. നിവർത്തിയില്ലാതെ മക്കയിലേക്ക് പിന്തിരിഞ്ഞോടിയ 10000 വരുന്ന സൈന്യം ഏതാനും നിമിഷങ്ങൾക്കകം നബി(സ) തിരുമേനിക്കു ചുറ്റും ഒരുമിച്ചുകൂടി. കുറച്ചു സമയംകൊണ്ട് കുന്നുകളിൽ കയറി ശത്രുക്കളെ തകർത്തു തരിപ്പണമാക്കി. അങ്ങനെ ആ പരാജയം ഒരു വൻ വിജയമായി മാറി. *(തഫ്സീറെ കബീർ, വാള്യം6, പേജ് 409-410)*

ത്വാഇഫ് യുദ്ധം. ത്വാഇഫ് മക്കയിൽനിന്ന് കിഴക്കുഭാഗത്ത് ഏകദേശം 90 കിലോമീറ്റർ ദൂരത്തുള്ള ഒരു പ്രസിദ്ധ നഗരമാണ്. മജാസിലെ പർവ്വത നഗരമാണ്. ഇവിടെ മുന്തിരയും

മറ്റു ഫലങ്ങളും ധാരാളമായുണ്ടാകുന്നു. ഇവിടെയാണ് ഥഖീഫ് ഗോത്രം താമസിച്ചിരുന്നത്. *(ഫർഹങ്കെ സീറത്ത് പേജ് 178, സവാർ അക്കാഡമി കറാച്ചി 2003)*

ത്വാഇഫിനെപറ്റി പറയുന്നു:ഹവാസിനും ഥഖീഫിനും മുമ്പേ പരാജിതരായി തങ്ങളുടെ നേതാവ് മാലിക് ബിൻ ഔഫ് നസ്റിയോടൊപ്പം പിന്തിരിഞ്ഞോടി ത്വാഇഫിൽത്തന്നെയാണ് വന്നിട്ടുണ്ടായിരുന്നത്. ഇവിടെയാണ് അവർ ബന്ധനസ്ഥരാക്കപ്പെട്ടിരുന്നത്. അതുകൊണ്ട് നബ(സ)തിരുമേനി ഹുനയ്നൽനിന്ന് വിരമിക്കുകയും ജിഅ്റാനയിൽ വെച്ച് സമാരാർജിതസ്വത്തുക്കൾ വിതരണം നടത്തുകയും ചെയ്തു. 8 ഹിജ്റ അതേ ശവ്വാൽ മാസത്തിൽ ത്വാഇഫിലേക്ക് പോയി. *(അർറഹീഖുൽമഖ്ത്തൂം പേജ് 567, അൽമക്തബത്തുൽസ്സൽഫിയ ലാഹോർ)*

ജിഅ്റാന മക്കയ്ക്കും ത്വാഇഫിനുമിടയിൽ മക്കയ്ക്കടുത്തുള്ള ഒരു കിണററിന്റെ പേരാണ്. മക്കയിൽനിന്ന് അതിന്റെ ദൂരം 27 കിലോമീറ്ററാണ്.*(ഫർഹങ്കെ സീറത്ത് പേജ് 88, സവാർ അക്കാഡമി കറാച്ചി 2003)*

നബി(സ)തിരുമേനി ത്വാഇഫിനെ ഉപരോധിച്ചു എന്നതിനെ സംബന്ധിച്ച് വ്യത്യസ്ത നിവേദനങ്ങൾ കാണപ്പെടുന്നുണ്ട്. ചിലർ പറയുന്നത് പത്തിലധികം രാത്രികൾ ഉപരോധിക്കുകയുണ്ടായെന്നാണ്.മറ്റു ചിലർ പറയുന്നത് നബി(സ)തിരുമേനി ഇരുപതിലധികം രാത്രി ഉപരോധിച്ചുവെന്നാണ്. ഇരുപത് ദിവസം ഉപരോധിച്ചുവെന്നും കാണാം. മറ്റൊരു നിവേദനത്തിൽ മുപ്പതോളം രാത്രി ത്വഇഫിനെ ഉപരോധിച്ചുവെന്നും കാണുന്നുണ്ട്. *(സുബുലുൽഹുദാ, വാള്യം 5, പേജ് 388, ഫീ ഗസ്വത്തിത്ത്വാഇഫി പ്രാസധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)* ഇബ്നു ഹിശാം പറയുന്നു: '17 രാത്രി ഉപരോധിച്ചുവെന്നും പറയപ്പെടുന്നു.'*(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം, പേജ് 792, ഗസവത്തുത്ത്വാഇഫ് ബഅ്ദ ഹുനയ്ൻ,പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ 2001)* സ്വഹീഹ് മുസ്‌ലിമിൽ ഹദ്റത്ത് അനസ്സിൽനിന്നുള്ള നിവേദനത്തിൽ 40 രാത്രിയോളം അവരെ ഉപരോധിച്ചുവെന്നും പറയുന്നു. *(സ്വഹീഹ് മുസ്‌ലിം കിതാബുസ്സക്കാത്ത് ഹദീഥ് നമ്പർ 2442)*

നബി(സ)തിരുമേനി ത്വാഇഫിൽ ഥഖീഫ് ഗോത്രത്തെ ഉപരോധിച്ചുവെച്ചിരിക്കുകയായിരുന്നു. നബി(സ)തിരുമേനി, ഹദ്റത്ത് അബൂബക്റിനോടു പറഞ്ഞു: 'അബൂബക്റേ! ഞാൻ സ്വപ്നത്തിൽ എനിക്ക് വെണ്ണ നിറച്ച ഒരു പാത്രം നൽകപ്പെട്ടതായി കാണുകയുണ്ടായി. എന്നാൽ, ഒരു പക്ഷി ആ പാത്രത്തിൽ കൊത്തിയപ്പോൾ മുഴുവനും ഒഴുകിപ്പോയി.' ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'യാ റസൂലല്ലാഹ്!താങ്കൾ ഇവരുമായി ആഗ്രഹിക്കുന്നത് ഇന്ന് നടക്കുമെന്ന് എനിക്കു തോന്നുന്നില്ല.' നബി(സ)തിരുമേനി പറഞ്ഞു:'ഞാനും അങ്ങനെ സംഭവിക്കുന്നതായി കാണുന്നില്ല.' കുറച്ചു സമയം കഴിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ ചോദിച്ചു:ഞാൻ ആളുകളോടു പുറപ്പെടാൻ പറയട്ടെ? നബി(സ)തിരുമേനി പറഞ്ഞു:പറയുക! തുടർന്ന് ഹദ്റത്ത് ഉമർ ജനങ്ങളോടു പുറപ്പെടാൻ അതായത് തിരികെപ്പോകാൻ വിളംബരം ചെയ്തു. *(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം, പേജ് 793, ഗസവത്തുത്ത്വാഇഫ് ബഅ്ദ ഹുനയ്ൻ,പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ 2001)*

തബൂക് യുദ്ധം:ഹിജ്റ 9-ാം വർഷം റജബ് മാസത്തിലാണ് ഇതു നടന്നത്. തബൂക് മദീനയിൽനിന്ന് ശാമിലേക്കുള്ള പ്രധാന വീഥിയിലാണ് സ്ഥിതിചെയ്യുന്നത്. അത് കച്ചവട സംഘങ്ങളുടെ പൊതു വഴിയായിരുന്നു. ഇത് ഖുറാ താഴ്‌വരയ്ക്കും ശാമിനുമിടയിലുള്ള ഒരു നഗരമാകുന്നു. ഇതിനെ അസ്ഹാബുൽ ഐക്കയുടെ പട്ടണമെന്നും പറയപ്പെടുന്നുണ്ട്. ഇവിടേക്കാണ് ഹദ്റത്ത് ശുഅയ്ബ്(അ)നിയോഗിക്കപ്പെട്ടത്.*(മുഅ്ജമുൽ ബുൽദാൻ, വാള്യം 2, പേജ് 14, ദാറുസ്വാദിർ ബെയ്റുത്ത് 1977)*

ഹദ്റത്ത് അബൂബക്ർ തബൂക് യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. നബി(സ)തിരുമേനി തബൂക് യുദ്ധത്തിൽ വലിയൊരു പതാക അദ്ദേഹത്തിനാണ് കൊടുത്തത്. *(അത്ത്വബഖാത്തുൽകുബ്റാ വാള്യം 3, പേജ് 131, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2017)*

ഹദ്റത്ത് അബൂബക്ർ(റ) തബൂക് യുദ്ധാവസരത്തിൽ തന്റെ മുഴുവൻ സ്വത്തും നബി(സ) തിരുമേനിയുടെ സവിധത്തിലെത്തിച്ചു. അത് 4000 ദിർഹമുണ്ടായിരുന്നു. *(ശറഹ് അല്ലാമ സുർഖാനി വാള്യം 4, പേജ് 69, ഗസ്വത്തു തബൂക് ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

നബി(സ)തിരുമേനി തബൂക് യുദ്ധത്തിന് തയ്യാറെടുത്തപ്പോൾ അടുത്ത ഗോത്രങ്ങളിലേക്ക്, അവരും നബി(സ)തിരുമേനിയോടൊപ്പം പുറപ്പെടണമെന്ന സന്ദേശവുമായി സ്വഹാബത്തിനെ പറഞ്ഞയക്കുകയുണ്ടായി. നബി(സ)തിരുമേനി ധനാഢ്യരോടു അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാനും യാത്രാവാഹനങ്ങൾ ഒരുക്കാനും ആഹ്വാനം ചെയ്തു. നബി(സ)തിരുമേനി ഇക്കാര്യത്തിൽ അവരോടു ആവർത്തിച്ച് കൽപിപക്കുകയും ഇതു തന്റെ അവസാന യുദ്ധമാണെന്ന് പറയുകയും ചെയ്തിരുന്നു. ഈ അവസരത്തിൽ ഏറ്റവുമാദ്യം സമ്പത്തുമായെത്തിയത് ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ആയിരുന്നു. അദ്ദേഹം തന്റെ വീട്ടിലെ എല്ലാ വസ്തുക്കളും കൊണ്ടുവന്നു. അത് 4000 ദിർഹമുണ്ടായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിനോടു ചോദിച്ചു: വീട്ടിലെന്തെങ്കിലും ബാക്കി വെച്ചിട്ടുണ്ടോ? അദ്ദേഹം പറഞ്ഞു: വീട്ടുകാർക്കുവേണ്ടി അല്ലാഹുവിനേയും അവന്റെ റസൂലിനേയും വിട്ടു വന്നിരിക്കുന്നു. ഹദ്റത്ത് ഉമർ(റ) വീട്ടിലെ പകുതി സമ്പത്ത് കൊണ്ടുവരികയുണ്ടായി. നബി(സ) തിരുമേനി അദ്ദേഹത്തോടു ചോദിച്ചു:വീട്ടുകാർക്കുവേണ്ടി എന്തു ബാക്കി വെച്ചിട്ടാണ് വന്നിട്ടുള്ളത്? അദ്ദേഹം പറഞ്ഞു: പകുതി ധനം വെച്ചിട്ടാണ് വന്നിട്ടുള്ളത്. ആ സന്ദർത്തിൽ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) 100 ഔഖിയ സമർപിച്ചു. ഇതു ഏകദേശം 4000 ദിർഹമാണ്. അതിനുശേഷം നബി(സ)തിരുമേനി പറഞ്ഞു: ഉഥ്മാൻ ബിൻ ഗഫ്ഫാനും അബ്ദുർറഹ്മാൻ ബിൻ ഔഫും അല്ലാഹുവിന്റെ തൃപ്തി നേടാൻ ചെലവഴിക്കുന്ന ഭൂമിയിലെ അല്ലാഹുവിന്റെ ഖജനാവുകളിൽപെടുന്നു. അവർ ഒരുപാട് സമ്പത്ത് നല്കി. ആ സന്ദർഭത്തിൽ സ്ത്രീകളും തങ്ങളുടെ ആഭരണങ്ങൾ നല്കി. ഹദറത്ത് ആസ്വിം ബിൻ അദിയ്യ് 70 വസഖ് ഈത്തപ്പഴം നല്കി. അത് ഏകദേശം 262 കിലോ ഉണ്ടായിരുന്നു.*(അസ്സീറത്തുൽഹൽബിയ്യ, വാള്യം 3, പേജ് 183-184, ഗസ്വ തബൂക്, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002) (ലുഗാത്തുൽഹദീഥ്, വാള്യം 1, പേജ് 82, 'ഔഖിയ')(ലുഗാത്തുൽഹദീഥ്, വാള്യം 4, പേജ് 487, 'വസഖ്' വാള്യം 2, പേജ് 648,)* **സ്വാഅ്** ഇത് 40 കിലോയുടെ അടുത്തുണ്ടെങ്കിൽ ഒരു 'മന്ന്' ആയി കണക്കാക്കിയാൽ ഏകദേശം ഒന്നര ടണ്ണിൽ അധികമുണ്ടാകും. അതായത് ഒന്നര ടൺ. സയ്ദ് ബിൻ അസ്‌ലം തന്റെ പിതാവിൽനിന്ന് നിവേദനം. ഞാൻ ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് ഇങ്ങനെ പറയുന്നതായി കേട്ടു. നബി(സ) തിരുമേനി ഞങ്ങളോടു പറഞ്ഞു:'സ്വദഖ ചെയ്യുവിൻ.' ആ സമയത്ത് എന്റെ പക്കൽ സമ്പത്തുണ്ടായിരുന്നു. ഞാൻ പറഞ്ഞു:ഇന്ന് ഞാൻ അബൂബക്റിനെ മുൻ കടക്കുന്നതാണ്. എനിക്ക് അദ്ദേഹത്തെ മുൻകടക്കാൻ കഴിയുമെങ്കിൽ അത് ഇന്നത്തെ ദിവസമാണ്. ഉമർ പറയുന്നു: ഞാൻ പകുതി സമ്പത്തുംകൊണ്ടുവന്നു. ഹദ്റത്ത് ഉമർ(റ)പറയുന്നു: നബി(സ)തിരുമേനി പറഞ്ഞു, താങ്കൾ വീട്ടുകാർക്കുവേണ്ടി എന്താണ് ബാക്കി വെച്ചിട്ടുള്ളത്? ഹദ്റത്ത് ഉമർ പറഞ്ഞു, കൊണ്ടുവന്നത്രയും ബാക്കി വെച്ചിട്ടുണ്ട്. പിന്നെ ഹദ്റത്ത് അബൂബക്ർ തന്റെ പക്കലുള്ളതെല്ലാം എടുത്തുകൊണ്ടുവന്നു. നബി(സ)തിരുമേനി ചോദിച്ചു:താങ്കൾ വീട്ടുകാർക്കുവേണ്ടി എന്താണ് ബാക്കി വെച്ചിട്ടുള്ളത്? അദ്ദേഹം പറഞ്ഞു: ഞാൻ അവർക്കുവേണ്ടി അല്ലാഹുവിനേയും അവന്റെ റസൂലിനേയും ബാക്കി വെച്ചിട്ടാണ് വന്നിരിക്കുന്നത്.' ഹദ്റത്ത് ഉമർ(റ)പറയുന്നു: അല്ലാഹുവാണ!എനിക്ക് ഒരു കാര്യത്തിലും അദ്ദേഹത്തെ മുൻ കടക്കാൻ സാധ്യമല്ല.*(സുനനുത്തുർമുദി, കിതാബുൽമനാഖിബ് ഹദീഥ് നമ്പർ 3675)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവിന്റെ ദീനിനുവേണ്ടി ജനങ്ങൾ സ്വന്തം ജീവിതത്തെ ആടുമാടുകളെപോലെ ത്യജിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. സാമ്പത്തിക ത്യാഗത്തെ കുറിച്ച് പറയുകയാണെങ്കിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഒന്നിൽ ക്കൂടുതൽ തവണ തന്റെ മുഴുവൻ സമ്പത്തും ത്യാഗം ചെയ്തിരുന്നു. ഏതുവരെയൊന്നാൽ ഒരുസൂചിപോലും തന്റെ വീട്ടിൽ ബാക്കി വെച്ചില്ല. അതുപോലെതന്നെ ഹദ്റത്ത് ഉമറും തന്റെ ശേഷിയും ശേമുഷിയുമനുസരിച്ച് ത്യാഗങ്ങൾ ചെയ്തതുപോലെ ഹദ്റത്ത് ഉഥ്മാനും തന്റെ കഴിവും നിലവാരവുമനുസരിച്ച് ത്യാഗങ്ങൾ ചെയ്തു. **അലാ ഹാദൽ ഖിയാസ് അലാ ഖദ്‌രി മറാത്തിബ്** അതുപോലെ ഓരോ സ്വഹാബിയും തന്റെ കഴിവും ശേഷിയുമനുസരിച്ച് ഈ അല്ലാഹുവിന്റെ ദീനിനുവേണ്ടി തങ്ങളുടെ ജീവനും സ്വത്തും ത്യജിക്കാൻ തയ്യാറായി.' വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) ബയ്അത്ത് ചെയ്യുന്നവരെ

ശേഷം പേജ് 10ൽ

പേജ് 5 ൽ നിന്ന്

*ഇബ്നുഹിശാം, പേജ് 707, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)*

ഒരു 'വസഖ്' എന്നാൽ 60 സ്വാഅ് ആണ്. ഒരു സ്വാഅ് രണ്ടരകിലോ. *(ലുഗാത്തുൽഹദീഥ്, വാല്യം 4, പേജ് 487, വാല്യം 2, പേജ് 648)* ഇപ്രകാരം ഏകദേശം 375 മൻ ധാന്യം അബൂബക്റിന്റെ പക്കൽ വന്നു.

നജ്ദിലേക്ക് ഹദ്റത്ത് അബൂബക്ർ(റ) നയിച്ച യുദ്ധം. ഇതു സംബന്ധമായി എഴുതുന്നു: നജ്ദിന്റെ പകുതി ഭാഗം മണലാരണ്യമാണ്. എന്നാൽ, പച്ചളിപ്പുള്ള ഭാഗവുമുണ്ട്. അതിൽ നിരവധി താഴ്വരകളും പർവ്വതങ്ങളുമുണ്ട്. ഇതു തെക്ക് യമൻ, വടക്ക് ശാമിന്റെ മരുഭൂമിയും ഇറാഖുവരേയും ചെന്നെത്തുന്നു. ഇതിന്റെ പടിഞ്ഞാറു ഭാഗത്ത് ഹിജാസ് മരുഭൂമിയാണ്. ഈ പ്രദേശം ഭൂനിരപ്പിൽനിന്ന് 1200 മീറ്റർ ഉയരത്തിലാണ്. ഈ ഉയരം കാരണമാണ് ഇതിനെ നജ്ദ് എന്നു പറയുന്നത്. *(ഫർഹങ്കെ സീറത്ത്, പേജ് 297, സവാർ അക്കാഡമി കറാച്ചി 2003)*

നജ്ദിൽ ബനൂ കിലാബ് മുസ്ലിമീങ്ങൾക്കെതിരെ സംഘടിച്ചു. അപ്പോൾ അവരെ തുരത്താൻവേണ്ടിഹദ്റത്ത്അബൂബക്റിനെനബി(സ) തിരുമേനി അവിടെ അയച്ചു. ഈ യുദ്ധം ഹിജ്റ ഏഴാം വർഷം ശഅ്ബാൻ മാസത്തിലാണുണ്ടായത്. ഹദ്റത്ത് സലമ ബിൻ അക്വഅ് നിവേദനം. 'നബി(സ)തിരുമേനി അബൂബക്റിനെ അയച്ചു. അദ്ദേഹത്തെ ഞങ്ങളും അമീറാക്കി.' *(സുബുലുൽഹുദാ വർറശാദ് സരിയ്യത്ത് അബൂബക്ർ ഇലാ ബനീ കിലാബ് ബിനജ്ദ്, വാല്യം 6, പേജ് 131, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)*

അബൂ സുഫ്യാൻ ഹുദയ്ബിയ സന്ധിക്കുശേഷം മക്കയിൽ വന്നതിനെ കുറിച്ച് എഴുതിയിരിക്കുന്നു:'ഹുദയ്ബിയ സന്ധി ലംഘിച്ചുകൊണ്ട് ഖുറയ്ശികളുടെ സൗഹൃദഗോത്രമായ ബനൂ ബക്ർ മുസ്ലിമീങ്ങളുടെ സൗഹൃദഗോത്രമായ ബനൂഖുസാആയുടെമേൽ ആക്രമണം നടത്തി. ഖുറയ്ശികൾ ആയുധങ്ങളും സവാരികളും നല്കി ബനൂബക്റിനെ സഹായിക്കുകയും ഹുദയ്ബിയ സന്ധിയിലെ നിബന്ധനകളെ അവഗണിക്കുകയും ചെയ്തുകൊണ്ട് വലിയ അഹങ്കാരത്തിലും പൊങ്ങച്ചത്തിലും പറഞ്ഞു: 'ഞങ്ങൾ ഒരു സന്ധിയേയും മാനിക്കുന്നില്ല.' അപ്പോൾ അബൂസുഫ്യാൻ മദീനയിലെത്തി ഹുദയ്ബിയ സന്ധി പുതുക്കാൻ ആഗ്രഹിച്ചു. നബി(സ)തിരുമേനിയുടെ സന്നിധിയിൽ അയാളെത്തി. പക്ഷേ, നബി(സ) തിരുമേനി അയാളുടെ ഒരു കാര്യത്തിനും മറുപടി നല്കിയില്ല. പിന്നീട് അയാൾ അബൂബക്റിന്റെ അടുക്കലെത്തി, നബി(സ)തിരുമേനിയോടു സംസാരിക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ, അദ്ദേഹം പറഞ്ഞു: 'ഞാൻ സംസാരിക്കുകയില്ല.' പിന്നെ ഹദ്റത്ത് ഉമറിന്റെ അനുസ്മരണത്തിൽ പറഞ്ഞതുപോലെ ഹദ്റത്ത് ഉമറിന്റെ അടുക്കലുമെത്തി. പക്ഷേ, അദ്ദേഹവും വിസമ്മതിച്ചു. എന്തായാലും അയാൾ നിരാശനായി മടങ്ങിപ്പോയി.' *(സീറത്ത് ഇബ്നുഹിശാം വാല്യം 1, പേജ് 734-735, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)(ശറഹ് സുർഖാനീ, വാല്യം 3, പേജ് 379-380, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

മക്ക ഫതഹ് യുദ്ധം, ഈ യുദ്ധത്തെ ഗസ്വത്തുൽ ഫതഹുൽഅളീം എന്നും പറയുന്നു. മക്ക ഫതഹ് യുദ്ധം ഹിജ്റ എട്ടാം വർഷം റമളാൻ മാസത്തിലാണ് നടന്നത്. താരീഖുത്വബരിയിൽ വിവരിക്കുന്നു: 'നബി(സ)തിരുമേനി ജനങ്ങളോടു യാത്ര പുറപ്പെടാൻ നിർദേശിച്ചു. തന്റെ സാധനസാമഗ്രികളും തയ്യാറാക്കാൻ നബി(സ)തിരുമേനി തന്റെ വീട്ടുകാരോടു പറഞ്ഞു. ഹദ്റത്ത് അബൂബക്ർ(റ) തന്റെ മകൾ ആഇശായുടെ അടുത്തു വന്നു. അവരുടെ വീട്ടിൽ പോയി. അപ്പോൾ ഹദ്റത്ത് ആഇശാ(റ), നബി(സ)തിരുമേനിയുടെ സാധനങ്ങളെല്ലാം എടുത്തു വെക്കുകയായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) ചോദിച്ചു: 'മകളേ! തന്റെ സാധനങ്ങളെല്ലാം എടുത്തു വെക്കാൻ നബി(സ) തിരുമേനി നിന്നോടു നിർദേശിച്ചിട്ടുണ്ടോ?' അവർ പറഞ്ഞു: 'നിർദേശിച്ചിട്ടുണ്ട്.' അബൂബക്ർ ചോദിച്ചു, 'നബി(സ)തിരുമേനി എവിടെ പോകാനാണ് ആഗ്രഹിക്കുന്നതെന്ന് നിനക്കറിയുമോ?' ഹദ്റത്ത് ആഇശാ(റ) പറഞ്ഞു: 'എനിക്കൊന്നുമറിയില്ല!' പിന്നീട് നബി(സ) തിരുമേനി താൻ മക്കയിലേക്ക് പോകുകയാണെന്ന് പറഞ്ഞു. നബി(സ) തിരുമേനി അവരോടു ഉടൻ തയ്യാറാകാനും ഏർപാടുകളെല്ലാം ചെയ്യാനും നിർദേശിച്ചു. അവിടന്ന് ഇങ്ങനെ ദുആ ചെയ്തു:'അല്ലാഹുവേ! ഖുറയ്ശികളുടെ ചാരന്മാരേയും വാർത്ത ചോർത്തുന്നവരേയും നീ തടയേണമേ.' അങ്ങനെ ജനങ്ങൾ തയ്യാറെടുപ്പുകൾ തുടങ്ങി. *(താരീഖ് അത്ത്വബരി ലി അബീ ജഅ്ഫർ മുഹമ്മദ് ബിൻ ജരീർ ത്വബരീ, ദിക്റുൽഖബർ അൻ ഫതഹ് മക്ക, വാല്യം 3, പേജ് 166, ദാറുൽഫിക്ർ ബെയ്റുത്ത് 2002)*

ഈ സംഭവം ഒന്നുകൂടി വിശദീകരിച്ചുകൊണ്ട് സീറത്ത് ഹൽബിയയിൽ എഴുതിയിരിക്കുന്നു: 'ഹദ്റത്ത് ആഇശാ(റ)യോടു ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) വിവരങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾ അവിടെ നബി(സ)തിരുമേനി വന്നു. അദ്ദേഹം നബി(സ) തിരുമേനിയോടു ചോദിച്ചു, 'അല്ലാഹുവിന്റെ റസൂലേ! അങ്ങ് യാത്ര പുറപ്പെടുകയാണോ? അവിടന്ന് പറഞ്ഞു:'അതേ.' അപ്പോൾ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് ചോദിച്ചു, 'അങ്ങനെയാണെങ്കിൽ ഞാനും തയ്യാറായിക്കൊള്ളട്ടെ?' നബി(സ) തിരുമേനി പറഞ്ഞു: 'തയ്യാറായിക്കൊള്ളുക.' അപ്പോൾ അദ്ദേഹം ചോദിച്ചു, 'അല്ലാഹുവിന്റെ റസൂലേ! അങ്ങ് എങ്ങോട്ടു പോകാനാണുദ്ദേശിക്കുന്നത്?' അവിടന്ന് പറഞ്ഞു:'ഖുറയ്ശികളെ നേരിടാൻ. അബൂബക്കറേ! ഇപ്പോൾ ഇക്കാര്യം രഹസ്യമായി വെക്കേണ്ടതാണ്.' ഖുറയ്ശികളെ നേരിടാനാണ് പോകുന്നതെന്ന കാര്യം രഹസ്യമായി വെക്കണം എന്നുകൂടെ പറഞ്ഞു. ചുരുക്കിപ്പറഞ്ഞാൽ നബി(സ)തിരുമേനി ജനങ്ങളോടു തയ്യാറായിക്കൊള്ളാൻ കല്പിച്ചു. എന്നാൽ, എങ്ങോട്ടാണ് പോകുന്നതെന്ന കാര്യം രഹസ്യമാക്കി വെച്ചു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ!നമ്മുടേയും ഖുറയ്ശികളുടേയുമിടയിൽ ഇപ്പോൾ കരാറും രഞ്ജിപ്പിന്റെ കാലയളവും നിലവിലില്ലേ?' നബി(സ)തിരുമേനി പറഞ്ഞു: 'ഉണ്ട്. പക്ഷേ, അവർ കരാർ ലംഘിക്കുകയും വഞ്ചിക്കുകയും ചെയ്തിരിക്കുകയാണ്. എന്നാൽ, ഞാൻ താങ്കളോടു പറഞ്ഞതെല്ലാം രഹസ്യമാക്കി വെക്കുക!'

മറ്റൊരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു. നബി(സ) തിരുമേനിയോടു ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങ് എങ്ങോട്ടെങ്കിലും പോകാനുദ്ദേശിക്കുന്നുണ്ടോ? നബി(സ) തിരുമേനി പറഞ്ഞു: 'ഉണ്ട്.' അദ്ദേഹം പറഞ്ഞു, 'അങ്ങ് ബനൂഅസ്ഫർ അഥവാ റോമക്കാരുടെ അടുത്തേക്ക് യാത്രക്കുള്ള പുറപ്പാടാണെന്ന് തോന്നുന്നു!' അവിടന്ന് പറഞ്ഞു: 'അല്ല.' അപ്പോൾ അങ്ങ് നജ്ദിലേക്കുള്ള പുറപ്പാടാണോ എന്ന് അബൂബക്ർ വീണ്ടും ചോദിച്ചു. നബി(സ) തിരുമേനി പറഞ്ഞു: 'അല്ല.' അദ്ദേഹം വീണ്ടും പറഞ്ഞു: 'അങ്ങ് ഖുറയ്ശികളെ നേരിടാനാണോ പോകുന്നത്?' നബി(സ) തിരുമേനി പറഞ്ഞു: 'അതെ.' അദ്ദേഹം പറഞ്ഞു:'അല്ലാഹുവിന്റെ റസൂലേ! അങ്ങയുടേയും ഖുറയ്ശികളുടേയുമിടയിൽ കരാറിന്റെ കാലയളവ് ബാക്കിയുണ്ടല്ലോ? അവിടന്ന് പറഞ്ഞു:'അവർ ബനൂ കഅ്ബ് അഥവാ ബനൂ ഖുസാആയോടു എങ്ങനെയാണ് വർത്തിച്ചതെന്ന് താങ്കൾക്കറിയില്ലേ?' അതിനുശേഷം നബി(സ)തിരുമേനി ഗ്രാമങ്ങളിലും ചുറ്റുമുള്ള പ്രദേശങ്ങളിലും സന്ദേശം അയച്ചുകൊണ്ടു പറഞ്ഞു, ആരാണോ അല്ലാഹുവിലും ഖിയാമത്തുന്നാളിലും വിശ്വസിക്കുന്നത് അവർ റമളാൻ മാസത്തിൽ മദീനയിലെത്തിച്ചേരുക! നബി(സ) തിരുമേനിയുടെ അറിയിപ്പനുസരിച്ച് അറേബ്യയിലെ ഗോത്രക്കാർ മദീനയിൽ വരാൻ തുടങ്ങി. മദീനയിലെത്തിയ ഗോത്രക്കാരിൽ ബനൂ അസ്ലം, ബനൂഗിഫാർ, ബനൂമുസയ്ന, ബനൂ അശ്ജഅ്, ബനൂജുഹയ്ന എന്നിവരുണ്ടായിരുന്നു. ആ നേരത്ത് നബി(സ)തിരുമേനി, 'അല്ലയോ നാഥാ!ഞങ്ങൾ ഖുറയ്ശികളുടെ പ്രദേശത്ത് അവരറിയാതെ എത്തിച്ചേരുംവിധം അവരുടെ ചാരന്മാരേയും അവർക്ക് സന്ദേശമെത്തിക്കുന്നവരേയും നീ തടയേണമേ' എന്ന് ദുആ ചെയ്തു. എല്ലാവഴികളിലും പോകുന്നവരേയും വരുന്നവരേയും നിരീക്ഷിക്കുന്നതിന് ഒരുകൂട്ടം ആളുകളെ അവിടന്ന് നിയോഗിച്ചു. ഖുറയ്ശികൾക്ക് മുസ്ലിമീങ്ങളുടെ തയ്യാറെടുപ്പിനെക്കുറിച്ച് അറിവ് ലഭിക്കാതിരിക്കാൻ അപരിചിതരായ ആളുകളെ തടയാൻ നബി(സ) തിരുമേനി അവർക്ക് നിർദേശം നല്കി.' *(അസ്സീറത്തുൽഹൽബിയ, വാല്യം 3, പേജ് 107-108, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)*

ഈ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'നബി(സ)തിരുമേനി തന്റെ പാഥേയങ്ങളെല്ലാം ഒരുക്കിവെക്കാൻ ഭാര്യയോടു പറഞ്ഞു. അവർ അതെല്ലാം എടുത്തുവെക്കാൻ തുടങ്ങി. ഹദ്റത്ത് ആഇശായോടു തനിക്കുവേണ്ടി മലർപൊടി മുതലായവ അല്ലെങ്കിൽ ധാന്യങ്ങൾ വറുത്ത് തയ്യാറാക്കാൻ പറഞ്ഞു. ഇത്തരത്തിലുള്ള ഭക്ഷണമായിരുന്നു അന്നുണ്ടായിരുന്നത്. അവർ ധാന്യങ്ങൾ പേറ്റി വൃത്തിയാക്കാൻ തുടങ്ങി. ഹദ്റത്ത് അബൂബക്ർ(റ), നബി(സ) തിരുമേനിയുടെ വീട്ടിൽ വന്നപ്പോൾ ഈ തയ്യാറെടുപ്പു കണ്ട് ചോദിച്ചു: 'ആഇശാ! ഇതെന്താണ് നടക്കുന്നത്? നബി(സ)തിരുമേനി യാത്രയ്ക്കുള്ള തയ്യാറെടുപ്പിലാണോ?' അവർ പറഞ്ഞു: 'യാത്രപോകാനുള്ള തയ്യാറെടുപ്പു തന്നെയാണെന്നാണ് തോന്നുന്നത്. ഇങ്ങനെയൊക്കെ ചെയ്യാൻ നബി(സ)തിരുമേനി പറഞ്ഞിട്ടുണ്ട്.' അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) ചോദിച്ചു:'ഏതെങ്കിലും യുദ്ധത്തിനുള്ള പുറപ്പാടാണോ?' ഹദ്റത്ത് ആഇശാ(റ) പറഞ്ഞു: 'അതൊന്നും എനിക്കറിയില്ല. പാഥേയമെല്ലാം തയ്യാറാക്കിവെക്കാൻ അവിടന്ന് പറഞ്ഞു, അതനുസരിച്ചാണ് ഇതെല്ലാം ചെയ്യുന്നത്!' രണ്ടുമൂന്നു ദിവസങ്ങൾക്കുശേഷം നബി(സ) തിരുമേനി ഹദ്റത്ത് അബൂബക്റിനേയും ഹദ്റത്ത് ഉമറിനേയും വിളിപ്പിച്ചു പറഞ്ഞു: 'ഖുസാആയിലെ വ്യക്തി

കൾ ഇപ്രകാരം വന്നത് നിങ്ങൾക്കറിയുമോ? എന്നിട്ട് നടന്നതെല്ലാം അവരെ കേൾപ്പിച്ചു. ഈ സംഭവത്തെ കുറിച്ചും നമ്മൾ അവരുമായി ചെയ്ത ഉടമ്പടിയിൽ നമ്മളെ അവർ വഞ്ചിച്ചിരിക്കുന്നുവെന്ന് അല്ലാഹു നേരത്തെ തന്നെ അറിയിച്ചിരിക്കുന്നുവെന്നും നബി[സ]തിരുമേനി പറഞ്ഞു. മക്കക്കാരുടെ ധൈര്യവും ശക്തിയുംകണ്ട് നമ്മൾ അതിനെ നേരിടാനുള്ള തയ്യാറെടുപ്പ് നടത്താത്തതും ഭയന്നോടുന്നതും നമ്മുടെ വിശ്വാസത്തിന്നെതിരാണ്. നമുക്കവിടെ പോകേണ്ടതുണ്ട്. നിങ്ങളുടെ അഭിപ്രായമെന്താണ്?'ഹദ്റത്ത് അബൂബക്ർ[റ] പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അവരുമായി അങ്ങ് കരാറിലേർപ്പെട്ടതാണല്ലോ? കൂടാതെ അവർ അങ്ങയുടെ സമുദായവുമാണ്. അങ്ങ് സ്വന്തം ജനതയോടു യുദ്ധം ചെയ്യുമെന്നാണോ ഉദ്ദേശിച്ചത്.' നബി[സ] തിരുമേനി പറഞ്ഞു: 'സ്വന്തം ജനതയോടല്ല, കരാർ ലംഘിച്ചവരോടാണ് യുദ്ധം ചെയ്യുന്നത്.' പിന്നീട് ഹദ്റത്ത് ഉമറിനോടു ചോദിച്ചപ്പോൾ പറഞ്ഞു: 'ബിസ്മില്ലാഹ് ഇങ്ങനെ ഒരു അവസരമുണ്ടാകാനും അല്ലാഹുവിന്റെ റസൂലിനെ സംരക്ഷിച്ചുകൊണ്ട് കപടവിശ്വാസകൾക്കെതിരെ യുദ്ധം ചെയ്യാനും ഞാനെന്നും ദുആ ചെയ്യുമായിരുന്നു.' നബി[സ] തിരുമേനി പറഞ്ഞു:'അബൂബക്ർ വളരെ സൗമ്യമായ പ്രകൃതക്കാരനാണ്. എന്നാൽ, യഥാർഥമായ വാക്കുകൾ ഉമറിന്റെ നാവിലൂടെയാണ് ഒഴുകുന്നത്.'

നബി[സ]തിരുമേനി പറഞ്ഞു: 'തയ്യാറെടുപ്പുകൾ നടത്തുക. എന്നിട്ട് അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വാസമുള്ള ഓരോ വ്യക്തിയും റമളാനിന്റെ ആദ്യദിവസങ്ങളിൽ മദീനയിൽ ഒരുമിച്ചു കൂടുക എന്ന് ചുറ്റുമുള്ള ഗോത്രങ്ങളിൽ വിളംബരപ്പെടുത്തുകയും ചെയ്യുക.' അങ്ങനെ സൈന്യം ഒരുമിച്ചു കൂടാൻ തുടങ്ങി. ആയിരങ്ങൾ അടങ്ങുന്ന സൈന്യം ഒരുമിച്ചു കൂടി യുദ്ധത്തിന് പുറപ്പെടുകയും ചെയ്തു. പുറപ്പെടുമ്പോൾ നബി[സ]തിരുമേനി പറഞ്ഞു: 'അല്ലയോ നാഥാ! ഞാൻ നിന്നോടു അപേക്ഷിക്കുകയാണ്, നീ മക്കക്കാരുടെ ചെവികൾക്ക് ബധിരതയും ചാരന്മാരുടെ കണ്ണുകൾക്ക് അന്ധതയും നല്കേണമേ! അവർ ഞങ്ങളെ കാണുകയും അവരുടെ ചെവികളിൽ ഞങ്ങളുടെ ഒരു കാര്യവും എത്തുകയും ചെയ്യരുതേ!' അങ്ങനെ നബി[സ]തിരുമേനി പുറപ്പെട്ടു. മദീനയിൽ ആയിരക്കണക്കിന് കപടവിശ്വാസികളുണ്ടായിരുന്നു. പതിനായിരത്തിന്റെ സൈന്യം മദീനയിൽനിന്ന് പുറപ്പെടുന്നു. അതിനെക്കുറിച്ച് ഒരു സൂചനപോലും മക്കയിലെത്തിയില്ല.' *(സേറെ റൂഹാനീ(7)അൻവാറുൽഉലൂം വാള്യം 24, പേജ് 260-262)*ഇത് അല്ലാഹുവിന്റെ പ്രവൃത്തിയായിരുന്നു.

ത്വബഖാത്ത് ഇബ്നുസഅ്ദിൽ എഴുതിയിരിക്കുന്നു: മുസ്‌ലിമീങ്ങളുടെ സൈന്യം ഇശായുടെ നേരത്താണ് 'മർറുള്ളുഹ്റാനി'ലെത്തിയത്. മക്കയിൽനിന്ന് മദീനയിലേക്കുള്ള വഴിയിൽ 25 കിലോമീറ്റർ ദൂരത്താണ് 'മർറുള്ളുഹ്റാൻ' സ്ഥിതി ചെയ്യുന്നത്. അഥവാ മക്കയിൽനിന്ന് 25 കിലോമീറ്റർ ദൂരത്താണ് അതുള്ളത്. നബി[സ]തിരുമേനി സ്വഹാബത്തിനോടു കല്പിച്ചപ്പോൾ അവർ പതിനായിരം സ്ഥലങ്ങളിൽ ദീപം തെളിച്ചു. ഖുറയ്ശികൾക്ക് നബി[സ] തിരുമേനിയുടെ ആഗമനത്തിന്റെ വിവരം ലഭിച്ചിരുന്നില്ല. അവർ ദുഃഖത്തിലായിരുന്നു. കാരണം നബി[സ]തിരുമേനി അവരോടു യുദ്ധം ചെയ്യുമോ എന്ന് അവർ ഭയപ്പെട്ടിരുന്നു. അറിയിപ്പ് ലഭിച്ചിരുന്നില്ലെങ്കിലും ഖുറയ്ശികളുമായി യുദ്ധമുണ്ടാകുമെന്ന് ചിന്തയായിരുന്നു അവർക്ക്. അതുകൊണ്ട് അവർ ദുഃഖിതരായിരുന്നു. എന്നിരുന്നാലും ഇവിടെ 'നഹി'(അറിയിപ്പ് ലഭിച്ചില്ല)എന്ന് തെറ്റായി എഴുതിയിരിക്കുകയാണെന്ന് തോന്നുന്നു. അറിയിപ്പ് അവർക്കു ലഭിച്ചിട്ടുണ്ട്. ഇവിടെ എത്തിയതിനുശേഷം എന്തായാലും അവർക്ക് വിവരം കിട്ടിയിട്ടുണ്ടാകും. ഈ സൈന്യം അവിടെ തമ്പടിച്ചപ്പോൾ അവിടെ പതിനായിരം സ്ഥലങ്ങളിൽ ദീപം തെളിഞ്ഞു കണ്ടപ്പോൾ, സ്ഥിതിഗതികളെ കുറിച്ചറിയാൻ ഖുറയ്ശികൾ അബൂ സുഫ്‌യാനെ അയച്ചു. നീ മുഹമ്മദിനെ കാണുകയാണെങ്കിൽ ഞങ്ങൾക്കുവേണ്ടി അഭയം വാങ്ങണമെന്നും അവർ പറഞ്ഞു. അബൂ സുഫ്‌യാൻ ബിൻ ഹർബ്, ഹക്കീം ബിൻ ഹിസാം, ബുദയ്ൽ ബിൻ വർഖാഅ് എന്നിവർ യാത്രയായി. അവർ സൈന്യം കണ്ടപ്പോൾ വളരെ പരിഭ്രമിച്ചു. നബി[സ]തിരുമേനി ആ രാത്രിയുടെ സംരക്ഷണത്തിന് കാവൽ നില്ക്കുന്നവരുടെ മേൽനോട്ട ചുമതല ഹദ്റത്ത് ഉമറിനെയാണ് ഏല്പിച്ചിരുന്നത്. ഹദ്റത്ത് അബ്ബാസ്[റ], അബൂ സുഫ്‌യാന്റെ ശബ്ദം കേട്ടപ്പോൾ ഉച്ചത്തിൽ വിളിച്ചു, അബൂഹൻളലാ! (ഇത് അബൂ സുഫ്‌യാന്റെ സംജ്ഞാനാമമാണ്)അയാൾ പറഞ്ഞു: ലബ്ബയ്ക്!അബൂ സുഫ്‌യാൻ ഹദ്റത്ത് അബ്ബാസിനോടു നിന്റെ പിറകിലെന്താണെന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'ഇത് പതിനായിരങ്ങളോടൊപ്പം നബി[സ]തിരുമേനിയാണ്. ഹദ്റത്ത് അബ്ബാസ്[റ] അദ്ദേഹത്തിനു അഭയം നല്കുകയും അദ്ദേഹത്തേയും രണ്ടു സുഹൃത്തുക്കളേയും നബി[സ]തിരുമേനിയുടെ സന്നിധിയിൽ ഹാജരാക്കുകയും ചെയ്തു. അവർ മൂവരും ഇസ്‌ലാം സ്വീകരിച്ചു.' *(അത്ത്വബഖാത്തുൽകുബ്റാ വാള്യം 2, പേജ് 102-103, ഗസ്‌വത്തു റസൂലുല്ലാഹ് ആമുൽ ഫതഹ്, ദാറുൽകുതുബുൽ ഇൽമിയ്യ 2017)(അറ്റ്ലസ് സീറത്ത് നബ്‌വി മക്തബ ദാറുസ്സലാം)* ഇനിയും ഇതു തുടരുന്നതാണ്. ഇൻശാഅല്ലാഹു പിന്നീട് വിവരിക്കുന്നതാണ്.

പേജ് 8 ൽ നിന്ന്

കുറിച്ച് തുടർന്നു പറയുന്നു: 'ചിലരാകട്ടെ ബയ്അത്ത് ചെയ്യുകയും തങ്ങൾ ദീനിനെ ദുൻയാവിനെക്കാൾമുന്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു. എന്നാൽ, സഹായ സഹകരണങ്ങളുടെ സമയം വരുമ്പോൾ ചെലവ് ചെയ്യുന്നതിൽ ലുബ്ധ് കാണിക്കുന്നു.

ദുൻയാവിനോടുള്ള ഈ സ്നേഹംകൊണ്ട് ഏതെങ്കിലും തരത്തിലുള്ള മതപരമായ ലക്ഷ്യം പ്രാപിക്കാൻ സാധിക്കുമോ? അത്തരക്കാരെക്കാണ്ട് എന്തെങ്കിലും നേട്ടമുണ്ടാകുമോ? ഒരിക്കലുമില്ല. ഒരിക്കലുമില്ല. പിന്നീട് അവിടന്ന് പറഞ്ഞു: അല്ലാഹു പറയുന്നു. **ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ** നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങളുടെ നന്മകൾ നന്മ ആകുകയില്ല.' *(മൽഫൂദാത്ത് വാള്യം വാള്യം 6, പേജ് 40, അടിക്കുറിപ്പ്)*

നബി[സ]തിരുമേനിയോടൊപ്പം ഒരു സ്വഹാബിയെ ഹദ്റത്ത് അബൂബക്ർ[റ] ഖബറടക്കിയ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്[റ] പറയുന്നു: 'ഞാൻ തബൂക് യുദ്ധത്തിൽ നബി[സ]തിരുമേനിയുടെ കൂടെ പങ്കെടുത്തിരുന്നു. ഒരു ദിവസം അർധരാത്രിയിൽ ഞാനുണർന്നപ്പോൾ സൈന്യത്തിന്റെ ഒരു ഭാഗത്ത് തീയുടെവെളിച്ചം കണ്ടു. അതെന്താണെന്ന് നോക്കാൻ ഞാൻ അതിന്നടുത്തേക്കുപോയി. അപ്പോൾ ഞാൻ അവിടെ നബി[സ]തിരുമേനിയേയും ഹദ്റത്ത് അബൂബക്റിനേയും ഹദ്റത്ത് ഉമറിനെയും കണ്ടു. അവിടെ ഹദ്റത്ത് അബ്ദുല്ലാഹ് ദുൽജിബാദയ്ൻ മുസനീ[റ] മരണപ്പെട്ടിരുന്നു. ഇവർ അദ്ദേഹത്തിന്റെ ഖബർ കുഴിച്ച് കഴിഞ്ഞിരുന്നു. നബി[സ]തിരുമേനി ഖബറിലിറങ്ങി നിൽക്കുകയും ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും ജനാസ ഖബറിലേക്ക് ഇറക്കിക്കൊണ്ടിരിക്കുകയുമായിരുന്നു. നിങ്ങളിരുവരും നിങ്ങളുടെ സഹോദരനെ എന്റെ അടുത്തേക്കു നീക്കൂ എന്ന് നബി[സ]തിരുമേനി പറയുന്നുണ്ടായിരുന്നു. അങ്ങനെ അവരിരുവരും ഹദ്റത്ത് അബ്ദുല്ലാഹ് ദുൽജിബാദയ്ന്റെ ജനാസ നബി[സ]തിരുമേനിയുടെ അടുത്തേക്ക് ഇറക്കി. അദ്ദേഹത്തെ ഖബറിൽ ഇറക്കിയ ശേഷം നബി[സ]തിരുമേനി ഇപ്രകാരം ദുആ ചെയ്തു: **അല്ലാഹുമ്മ ഇന്നീ അംസയ്ത്തു റാളിയൻ അൻഹു ഫർള അൻഹു.** അല്ലാഹുവേ! ഞാൻ അദ്ദേഹത്തെ ഇഷ്പ്പെട്ട അവസ്ഥയിലാണ് വൈകുന്നേരം കഴിച്ചത്. അതുകൊണ്ട് നീയും ഇദ്ദേഹത്തെ ഇഷ്ടപ്പെട്ടാലും. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്[റ] പറയുന്നു: 'ഈ ഖബറിൽ കിടക്കുന്ന വ്യക്തി ഞാനായിയിരുന്നെങ്കിലെന്ന് ഞാൻ ആഗ്രഹിച്ചു പോയി.*(സീറത്ത് ഇബ്നു ഹിശാം, പേജ് 822, ദാറുൽകുതുബുൽ ഇൽമിയ ബെയ്റുത്ത്, ലെബനാൻ 2001)*

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ദുൽജിബാദയ്ൻ ബനൂ മുസയ്ന എന്ന ഗോത്രത്തിലെ വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ ചെറുപ്പത്തിൽത്തന്നെ അദ്ദേഹത്തിന്റെ പിതാവ് മരണപ്പെട്ടിരുന്നു. അദ്ദേഹ ത്തിന് സ്വത്തിൽ അവകാശം ലഭിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ പിതൃസഹോദരൻ സമ്പന്നനായിരുന്നു. അദ്ദേഹത്തെ പിതൃസഹോദരനാണ് സംരക്ഷിച്ചുപൊന്നത്. ഏതുവരെയെന്നാൽ അദ്ദേഹവും സമ്പന്നനായി. അദ്ദേഹം മക്കാവിജയത്തിനുശേഷം ഇസ്‌ലാം സ്വീകരിച്ചപ്പോൾ അദ്ദേഹത്തിന്റെ പിതൃസഹോദരൻ അദ്ദേഹത്തിന്റെ സമ്പത്തെല്ലാം പിടിച്ചുവാങ്ങി. അദ്ദേഹം ധരിച്ചിരുന്ന വസ്ത്രം പോലും വലിച്ചെടുത്തു. അപ്പോൾ അദ്ദേഹത്തിന്റെ മാതാവ് വരികയും അവർ തന്റെ മേൽപുതപ്പ് രണ്ടായി കീറുകയും ഹദ്റത്ത് അബ്ദുല്ലാഹ് അതിൽ ഒരു ഭാഗം മേൽപുതപ്പായും ഒരു ഭാഗം മുണ്ടായും ഉപയോഗി ക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം മദീനയിൽ വന്ന് മസ്ജിദിൽ കിടന്നു. രാവിലെ നബി[സ]തിരുമേനിയുടെകൂടെ സ്വുബ്ഹി നമസ്കരിച്ചു. ഇദ്ദേഹം പറയുന്നു: നബി[സ]തിരുമേനി സ്വുബ്ഹി നമസ്കാരത്തിനുശേഷം ആരൊക്കെ ഉണ്ടെന്നും ആരൊക്കെ പുതിയതായി വന്നിട്ടുണ്ടെന്നും അറിയാൻ ജനങ്ങളെ ശ്രദ്ധിച്ചുനോക്കുമായിരുന്നു. നബി[സ]തിരുമേനി അങ്ങനെ ഹദ്റത്ത് അബ്ദുല്ലാഹയെ കണ്ടപ്പോൾ അപരിചതനാണെന്ന് കരുതി താങ്കളാരാണെന്ന് ചോദിച്ചു. ഹദ്റത്ത് അബ്ദുല്ലാഹ് തന്റെ കുടുംബം ഇന്നതാണെന് അറിയിച്ചു. അദ്ദേഹം തന്റെ പേര് അബ്ദുൽ ഉസ്സാ എന്ന് പറഞ്ഞതായും ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. അപ്പോൾ നബി[സ]തിരുമേനി പറഞ്ഞു, താങ്കൾ അബ്ദുല്ലാഹ് ബിൻ ദുൽജിബാദയ്നാകുന്നു. അതായത് രണ്ടു പുതപ്പുള്ള വ്യക്തി. എന്നിട്ട് പറഞ്ഞു: 'താങ്കൾ എന്റെ അടുത്ത് തന്നെ

ഉണ്ടാകണം. അങ്ങനെ അദ്ദേഹം നബി(സ)തിരുമേനിയുടെ അതിഥികളിൽ ഉൾപ്പെട്ടിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന് വിശുദ്ധ ഖുർആൻ പഠിപ്പിക്കുമായിരുന്നു. അദ്ദേഹം ഖുർആനിന്റെ വളരെയധികം ഭാഗങ്ങൾ മനഃപാഠമാക്കി. അദ്ദേഹം ഉയർന്ന ശബ്ദത്തിന് ഉടമയായിരുന്നു.*(സുബുലുൽഹുദാ വർറശാദ് വാല്യം 5, പേജ് 459-460, പ്രാസധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1993) (ഉസുദുൽഗാബ വാല്യം 4, പേജ് 229, ദാറുൽകുതുബുൽ ഇൽമിയ്യ)*

ഹജ്ജിന്റെ സമയത്ത് ഹദ്റത്ത് അബൂബക്ർ(റ) അമീറായി നിയമിക്കപ്പെട്ടതിനെ കുറിച്ച് ഇപ്രകാരം വരുന്നു: നബി(സ)തിരുമേനി ഹിജ്റ 9-ൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനെ അമീറുൽ ഹജ്ജായി നിയമിച്ച് മക്കയിലേക്ക് അയച്ചു. ഇതിന്റെ വിശദീകരണം ഇപ്രകാരമാണ്: തബൂക്കിൽ നിന്ന് തിരിച്ചുവന്നതിനുശേഷം നബി(സ)തിരുമേനി ഹജ്ജ് ചെയ്യാൻ ഉദ്ദേശിച്ചു. എന്നാൽ, മറ്റുള്ളവരോടൊപ്പം ബിംബാരാധകരും ഹജ്ജ് ചെയ്യാറുണ്ടെന്നും ശിർക്കിന്റെ മന്ത്രങ്ങൾ അവർ ഉരുവിടാറുണ്ടെന്നും കഅ്ബാലയത്തെ നഗ്നരായിട്ടാണ് ത്വവാഫ് ചെയ്യുന്നതെന്നുമെല്ലാം നബി(സ)തിരുമേനിക്ക് വിവരം ലഭിച്ചപ്പോൾ ആ വർഷം ഹജ്ജ് ചെയ്യാനുള്ള തീരുമാനം ഉപേക്ഷിക്കുകയും ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനെ അമീറുൽ ഹജ്ജായി നിയമിച്ച് മക്കയിലേക്ക് അയക്കുകയും ചെയ്തു.*(അർറൗളുൽ അൻഫ് ഫീ തഫ്സീരി അസ്സീത്തുന്നബവിയ്യ ലി ഇബ്നി ഹിശാം, ഹജ്ജ് അബീബക്ർ ബിന്നാസി ഹിജ്റ 9, വാല്യം 4,പേജ് 318-319, ദാറുൽകുതുബുൽ ഇൽമിയ, ബെയ്റുത്ത്)(ഉംദത്തുൽഖാരി, കിതാബുൽഹജ്ജ്, വാല്യം 9, പേജ് 384, പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് 2003)*

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) 300 സ്വഹാബാക്കളുമായി മദീനയിൽനിന്ന് പുറപ്പെട്ടു. നബി(സ)തിരുമേനി ഈ സംഘത്തോടൊപ്പം ബലി അറുക്കുന്നതിനായി 20 മൃഗങ്ങളേയും കൊടുത്തയച്ചു. അടയാളമെന്ന നിലയിൽ നബി(സ)തിരുമേനി സ്വയമേവ ഈ മൃഗങ്ങളെ ബലിച്ചിഹ്നങ്ങൾ അണിയിക്കുകയും അടയാളപെടുത്തുകയും ചെയ്തു. ഹദ്റത്ത് അബൂബക്ർ(റ) തന്നോടൊപ്പം 5 ബലി മൃഗങ്ങളെ കൊണ്ടുപോയി. *(അസ്സീറത്തുൽഹൽബിയ്യ, വാല്യം 3, പേജ് 295, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് ലെബ്നാൻ)*

ഹജ്ജ് വേളയിൽ ഹദ്റത്ത് അലി(റ) സൂറ തൗബയുടെ ആദ്യ ആയത്തുകൾ പാരായണം ചെയ്തതായി നിവേദനത്തിൽ വരുന്നു. ഈ നിവേദനം ഇപ്രകാരമാണ്: 'അബൂജഅ്ഫർ മുഹമ്മദ് ബിൻ അലി(റ) നിവേദനം. സൂറ തൗബ നബി(സ)തിരുമേനിക്ക് ഇറങ്ങിയപ്പോൾ അവിടന്ന് ഹദ്റത്ത് അബൂബക്റിനെ അമീറായി നിശ്ചയിച്ച് മക്കയിലേക്ക് അയച്ചു കഴിഞ്ഞിരുന്നു. ഈ അധ്യായം അവിടെ (ഹജ്ജിന്റെ വേളയിൽ) പാരായണം ചെയ്യുന്നതിന് വേണ്ടി ഹദ്റത്ത് അബൂബക്റിന് അയച്ചു കൊടുക്കണമെന്ന് നബി(സ)തിരുമേനിയുടെ സന്നിധിയിൽ അഭിപ്രായം പറയപ്പെട്ടു. അപ്പോൾ ഈ കടമ എന്റെ കുടുംബത്തിലെ അംഗങ്ങളിൽപ്പെട്ട ഒരു വ്യക്തിതന്നെ നിറവേറ്റണമെന്ന് അവിടന്ന് പറഞ്ഞു. അതിന് അദ്ദേഹം ഹദ്റത്ത് അലിയെ വിളിപ്പിച്ചു. എന്നിട്ട് അദ്ദേഹത്തിനോടു പറഞ്ഞു: 'സൂറ തൗബയുടെ ആരംഭത്തിൽ പ്രതിപാദിക്കപ്പെട്ടതുമായി പോകു, എന്നിട്ട് മിനായിൽ എല്ലാവരും ബലി നൽകുന്നദിവസം ഒരുമിച്ചുകൂടുമ്പോൾ ഇപ്രകാരം വിളംബരം ചെയ്യുക: സ്വർഗത്തിൽ ഒരു സത്യനിഷേധിയും പ്രവേശിക്കില്ല. ഈ വർഷത്തിനുശേഷം ഒരു മുശ്രിക്കിനും ഹജ്ജ് ചെയ്യാനുള്ള അനുവാദം ഉണ്ടായിരിക്കില്ല. അതുപോലെ ആർക്കുംതന്നെ നഗ്നരായി കഅ്ബ വലം വെക്കാനുള്ള അനുവാദവും ഉണ്ടായിരിക്കില്ല. ആരോടാണോ നബി(സ)തിരുമേനി എന്തെങ്കിലും ഉടമ്പടി ചെയ്തിട്ടുള്ളത് ആ വ്യക്തിക്ക് പൂർണമായും സഹായം ലഭിക്കുന്നതായിരിക്കും.'

ഹദ്റത്ത് അലി ബിൻ അബി ത്വാലിബ്(റ), നബി(സ)തിരുമേനിയുടെ ഒട്ടകമായ അള്ബാഅ്ന്റെ പുറത്തേറി യാത്ര ആരംഭിച്ചു. വഴിയിൽ വെച്ചുതന്നെ ഹദ്റത്ത് അബൂബക്റിനെ കണ്ടു. ഹദ്റത്ത് അബൂബക്റിനെ ഹദ്റത്ത് അലി(റ) 'അർജ് അല്ലെങ്കിൽ 'ഉജ്നാൻ' താഴ്വരയിൽ വെച്ചാണ് കണ്ടത്. മദീനയുടേയും മക്കയുടേയും ഇടയ്ക്കുള്ള വഴിയിലെ ഒരു താഴ്വരയാണ് അർജ്. ഇവിടെ യാത്രാസംഘങ്ങൾ തമ്പടിക്കാറുണ്ട്. ഉജ്നാൻ എന്നത് മക്കയിൽ നിന്നു മദീനയിലേക്കുള്ള വഴിയിൽ മക്കയുടെ പ്രാന്തപ്രദേശത്തെ ഒരു സ്ഥലമാണ്. ഇത് മക്കയിൽനിന്ന് 25 മൈൽ ദൂരത്താണ്. എന്തായാലും ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് അലിയെ വഴിയിൽവെച്ച് കണ്ടുമുട്ടിയപ്പോൾ അദ്ദേഹത്തോട് ചോദിച്ചു: 'താങ്കളെ അമീറായി നിയമിച്ച് അയച്ചതാണോ അതോ താങ്കൾ എന്റെ കീഴിലാണോ?' ഇത് വിനയത്തിന്റേയും താഴ്മയുടേയും ഉയർന്ന അവസ്ഥയാണ്. നബി(സ) തിരുമേനി (ഹദ്റത്ത് അലിയെ) ഇപ്പോൾ അയച്ചതുകൊണ്ട് താങ്കൾ അമീറാണോ അതോ എന്റെ കീഴിൽ ഈ സംഘത്തിനൊപ്പം യാത്ര ചെയ്യുമോ? ഹദ്റത്ത് അലി പറഞ്ഞു: 'താങ്കളുടെ കീഴിലാണ്.' അങ്ങനെ രണ്ടുപേരും യാത്ര തുടർന്നു. ഹദ്റത്ത് അബൂബക്ർ(റ) ജനങ്ങളുടെ ഹജ്ജിന്റെ കാര്യങ്ങളിൽ മേൽനോട്ടം വഹിച്ചു. ജാഹിലിയ്യാ കാലത്ത് അറബികൾ തമ്പടിച്ചിരുന്ന ഇടങ്ങളിൽ തന്നെയാണ് ഈ വർഷവും തമ്പടിച്ചിരുന്നത്. ബലി നൽകുന്ന ദിവസം വന്നപ്പോൾ നബി(സ)തിരുമേനിയുടെ നിർദേശങ്ങൾ ഹദ്റത്ത് അലി(റ) വിളംബരം ചെയ്തു. 'ജനങ്ങളേ! ജന്നത്തിൽ ഒരു സത്യനിഷേധിയും പ്രവേശിക്കുകയില്ല. ഈ വർഷത്തിന് ശേഷം ഒരു മുശ്രിക്കും ഹജ്ജ് ചെയ്യുകയില്ല. ആർക്കുംതന്നെ നഗ്നരായി ബയ്ത്തുല്ലാഹ് ത്വവാഫ് ചെയ്യാനുള്ള അനുമതി ഉണ്ടായിരിക്കില്ല. ആരോടാണോ നബി(സ) തിരുമേനി എന്തെങ്കിലും ഉടമ്പടി ചെയ്തിട്ടുള്ളത് ആ വ്യക്തിക്ക് പൂർണമായും സഹായം ലഭിക്കും. ഓരോ സമൂഹവും തങ്ങളുടെ സമാധാനഗേഹത്തിലേക്കും തങ്ങളുടെ സ്വന്തം സ്ഥലങ്ങളിലേക്കും തിരിച്ച് പോകുന്നതിനായി ഈ വിളംബര ത്തിന് ശേഷം ജനങ്ങൾക്ക് 4 മാസത്തെ സമയം നൽകി. ഇതിനുശേഷം നബി(സ)തിരുമേനി ചെയ്ത കാലാവധി അവസാനിക്കാത്ത ഉടമ്പടികളല്ലാതെ ഒരു മുശ്രിക്കുമായിട്ടും ഒരു ഉടമ്പടിയും ഉത്തരവാദിത്വവും ഉണ്ടായിരിക്കില്ല. അതായത് കാലാവധി അവസാനിക്കാൻ ഇനിയും സമയമുള്ള ഉടമ്പടികളല്ലാതെ ഒരു പുതിയ ഉടമ്പടിയും ഉണ്ടായിരിക്കില്ല. അതിന്റെ കാലാവധി തീരുന്നതുവരെ ആ ഉടമ്പടികൾ പാലിക്കപ്പെടുന്നതായിരിക്കും. ആ വർഷത്തിനുശേഷം ഒരു ബിംബാരാധകനും ഹജ്ജ് ചെയ്തിട്ടില്ല ആരുംതന്നെ നഗ്നരായി ത്വവാഫും ചെയ്തിട്ടില്ല. ഒരു നിവേദനത്തിൽ ഇപ്രകാരം വരുന്നുണ്ട്: ഹദ്റത്ത് അലി(റ) പറയുന്നു: 'ഹദ്റത്ത് അബൂബക്ർ(റ) അറഫയിൽവന്നു. അദ്ദേഹം ജനങ്ങളെ അഭിസംബോധന ചെയ്തു. അദ്ദേഹത്തിന്റെ പ്രഭാഷണം അവസാനിച്ചപ്പോൾ അദ്ദേഹം എന്റെ നേരെ തിരിഞ്ഞുനിന്നുകൊണ്ട് പറഞ്ഞു: അല്ലയോ അലി! എഴുന്നേൽക്കൂ. നബി(സ)തിരുമേനിയുടെ സന്ദേശം കേൾപ്പിക്കൂ. ഞാൻ എഴുന്നേറ്റുനിന്നു. എന്നിട്ട് ജനങ്ങൾക്ക് സൂറ ബറാഅത്തിന്റെ 40 ആയത്തുകൾ കേൾപ്പിച്ചു. പിന്നീട് ഹദ്റത്ത് അലിയും ഹദ്റത്ത് അബൂബക്റും നബി(സ)തിരുമേനിയുടെ സന്നിധിയിൽഹാജരായി. *(സീറത്ത് ഇബ്നു ഹിശാം, ഹജ്ജ് അബീബക്ർ ബിന്നാസി ഹിജ്റ 9,.... പേജ് 832, ദാറുൽകുതുബുൽ ഇൽമിയ ബെയ്റുത്ത്, ലെബനാൻ 2001)(സുബുലുൽഹുദാ, വാല്യം 12, പേജ് 73, പ്രാസധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1993) (അൽബിദായ വന്നിഹായ, ലി ഇബ്നി കഥീർ ഭാഗം 7, പേജ് 228-229, ദാറു ഹിജ്ർ 1997)(മുഅ്ജമുൽ ബുൽദാൻ, വാല്യം3, പേജ് 515, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത് പേജ് 198, സവാർ അക്കാഡമി കറാച്ചി 2003)*

ഈ സ്മരണ തുടരുന്നതാണ്. ഇനി ഞാൻ കഴിഞ്ഞ ദിവസം ഇഹലോകവാസം വെടിഞ്ഞ ഒരുപരേതയെ അനുസ്മരിക്കാൻ ആഗ്രഹിക്കുകയാണ്. അവരുടെ ജനാസയും നമസ്കരിക്കുന്നതാണ്. ഇൻശാ അല്ലാഹ്. ബഹുമാനപ്പെട്ട അമത്തുല്ലത്വീഫ് ഖുർശീദ് സാഹിബ കാനഡയിലായിരുന്നു. പരേതനായ ശെയ്ഖ് ഖുർശിദ് അഹ്മദ് സാഹിബ് അസിസ്റ്റന്റ് എഡിറ്റർ അൽഫള്ൽ റബ്വയുടെ ഭാര്യയായിരുന്നു. കഴിഞ്ഞ ദിവസം അവർ 95-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ....* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയ ആയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഹരീസാൻകാരനായ സ്വഹാബി ഹദ്റത്ത് മിയാൻ ഫള്ൽ മുഹമ്മദ് സാഹിബിന്റെ പൗത്രിയും ഹദ്റത്ത് ഹക്കീമുല്ലാഹ് ബഖ്ശ് സാഹിബ് മുദർരിസ് ദർബാൻ ഡേവിഡി ഹദ്റത്ത് അമ്മാജാന്റെ ദൗഹിത്രിയും ബഹുമാനപ്പെട്ട മിയാൻ അബ്ദുർറഹീം ദിയാനത്ത് സാഹിബ് ദർവേശ് ഖാദിയാന്റേയും ആമിനബീഗം സാഹിബയുടേയും മൂത്തമകളുമായിരുന്നു. നുസ്റത്ത് ഗേൾസ് ഹൈസ്കൂൾ ഖാദിയാനിൽനിന്ന് അവർ മിഡിൽ പാസായതിനുശേഷം 1943, 44ൽ ജാമിഅ നുസ്റത്തിൽ പ്രവേശനം നേടി. അവിടെ രണ്ടുവർഷം പഠിച്ചതിനുശേഷം പ്രൈവറ്റായി പഠിച്ച് 'അദീബെ ആലിമി'ന്റെ പരീക്ഷ പാസായി. ഞാൻ നേരത്തെ പറഞ്ഞതുപോലെ അവരുടെ വിവാഹം ശെയ്ഖ് ഖുർശിദ് അഹ്മദ് നാഇബ് എഡിറ്റർ അൽഫള്ലുമായി നടന്നു. ഖലീഫത്തുൽമസീഹ് ഥാനീ(റ)മസ്ജിദ് മുബാറക്കിൽവച്ച് അവരുടെ നിക്കാഹ് ഖുത്ബ നിർവഹിച്ചു. അല്ലാഹു അവരെ മൂന്നു പെൺമക്കളേയും രണ്ടു ആൺമക്കളേയുംകൊണ്ടു അനുഗ്രഹിച്ചു. ഇപ്പോൾ ലണ്ടനിൽ സേവനം ചെയ്തുവരുന്ന അബ്ദുൽ ബാസിത് ശാഹിദ് സാഹിബ് മുബല്ലിഗ് സിൽസിലയുടെ സഹോദരിയാണ്. നീണ്ട കാലം ബാസിത് സാഹിബ് ആഫ്രിക്കയിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അവരുടെ ഒരു പൗത്രൻ വഖാർ അഹ്മദ് ഖുർശിദ് സാഹിബ് അമേരിക്കയിൽ മുറബ്ബിയെ സിൽ

സിലയാണ്. നല്ല അറിവുള്ള കുടുംബമാണിത്. അവരുടെ ഒരു സഹോദരി അമത്തുൽബാരി നാസിർ സാഹിബയും വൈജ്ഞാനിക സേവനങ്ങൾ നിർവഹിക്കാറുണ്ട്. അമത്തുല്ലത്വീഫ് സാഹിബയും 13-ാം വയസ്സുമുതൽ ലജ്ന ഇമാഇല്ലായുടെ വ്യത്യസ്ത പദവികളിൽ സേവനം അനുഷ്ഠിക്കാൻ തുടങ്ങി. അവരുടെ സേവനം 70 വർഷം നീണ്ടുനില്ക്കുന്ന ശൃംഘലയാണ്. അവർക്ക് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ[റ]യുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഉമ്മുൽമുഅ്മിനീൻ സയ്യിദ നുസ്റത്ത് ജഹാൻ ബിഗം സാഹിബയുടെ നേതൃത്വത്തിന് കീഴിലും മറ്റു പല ഉന്നതരായവരുടെ മേൽനോട്ടത്തിലും സേവനമനുഷ്ഠിക്കാനുള്ള തൗഫീഖ് ലഭിച്ചു. ഖാദിയാനിൽ സേവനം അനുഷ്ഠിക്കാനുള്ള തൗഫീഖും ലഭിച്ചിട്ടുണ്ട്, വിഭജനത്തിനുശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനി[റ] യുടേയും ഹദ്റത്ത് ചോട്ടിആപ്പ മർഹൂമയുടേയും നിർദേശമനുസരിച്ച് മുഹാജിരീങ്ങളുട ഇൻചാർജായി സേവനം അനുഷ്ഠിക്കാനുള്ള തൗഫീഖ് ലഭിച്ചു. അതുപോലെ ലജ്ന ഇമാഇല്ലായിൽ വ്യത്യസ്ത പദവികളിൽ സേവനത്തിനുള്ള തൗഫീഖും ലഭിച്ചു. നീണ്ട കാലം സെക്രട്ടറി ഇശാഅത്തായി സേവനം ചെയ്തു. 1979 മുതൽ 1986 വരെ മിസ്ബാഹിന്റെ പത്രാധിപരായിരുന്നു. 1986 മുതൽ അവർ കനഡയിൽ താമസമാക്കി. അവിടേയും അവർ ലജ്ന ഇമാഇല്ലായുടെ മാന്യഉപദേശകയായി തസ്നീഫ് വ ഇശാഅത്തിൽ(ഗ്രന്ഥരചന പ്രസിദ്ധീകരണ വകുപ്പ്)താരീഖെ ലജ്ന ഇമാഇല്ലായുടെ ആദ്യത്തെ നാലു ഭാഗവും അൽമസാബീഹ്, അൽഅള്ഹാർ എന്നിവ ക്രോഡീകരിക്കാൻ പൂർണ സഹായത്തിനുള്ള തൗഫീഖ് കിട്ടി. ഹദ്റത്ത് ഛോട്ടി ആപ്പയുടെ കൂടെ 44 വർഷം സേവനം ചെയ്തു. അവരുടെ നേതൃത്വത്തിലാണ് നാസിറാത്തുൽ അഹ്മദിയ്യായുടെ ആദ്യത്തെ ഇജ്തിമാഅ് സംഘടിപ്പിക്കപ്പെട്ടത്. അമത്തുല്ലത്വീഫ് സാഹിബ നാസിറാത്തിന്റെ സെക്രട്ടറി ആയിരുന്നപ്പോൾ അവരുടെ ഭർത്താവ് ശെയ്ഖ് ഖുർശീദ് സാഹിബനോടൊപ്പം രാഹെ ഈമാനും അഹ്മദിയ്യ ജമാഅത്തിന്റെ വ്യത്യസ്ത ചരിത്രങ്ങളും ക്രോഡീകരിക്കുകയുണ്ടായി.

അവരുടെ മകൻ ലഈഖ് അഹ്മദ് ബശീർ പറയുന്നു: ജമാഅത്തിനോ ഖിലാഫത്തിനെ എതിരിൽ എന്തെങ്കിലും കാര്യമുണ്ടായാൽ അതു കേൾക്കരുതെന്നും ഇനി അക്കാര്യം ചെവിയിൽ എത്തിയാൽതന്നെ അതേറ്റു പറയുകയോ നാവുകൊണ്ട് ഉച്ചരിക്കുകയോ ചെയ്യരുതെന്നുമുള്ള വലിയ പാഠം വീട്ടിലുള്ള എല്ലാ മക്കളേയും ആ വന്ദ്യമാതാവ് പഠിപ്പിക്കുകയുണ്ടായി. കാരണം ജമാഅത്തിനും ഖിലാഫത്തിനും അല്ലാഹുവിന്റെ വലിയ സഹായമുണ്ട്. എല്ലാ ഫിത്നകൾക്കും പ്രയാസങ്ങൾക്കും ശേഷം അല്ലാഹുവിന്റെ അടയാളങ്ങൾ ജമാഅത്തിന് അനുകൂലമായി പ്രകടമാകുന്നതായിരിക്കുമെന്നും പറഞ്ഞു. അതിനാൽ നിങ്ങൾ അനാവശ്യമായി ഫിത്നയോടൊപ്പം ചേരരുത്. അവർ ജമാഅത്തിന്റെ ചലിക്കുകയും കറങ്ങുകയും ചെയ്യുന്ന ചരിത്രമായിരുന്നു. എല്ലാവരോടും ഇണങ്ങിയും സ്നേഹിച്ചും കഴിയുന്നവരും എല്ലാവരുടേയും നന്മ ആഗ്രഹിക്കുന്നവരുമായിരുന്നു. തവക്കുൽ ചെയ്യാനും സൃഷ്ടിസേവനം ചെയ്യാനും വളരെ താൽപര്യമായിരുന്നു. കനഡയിൽ പുതിയതായി വരുന്ന അഭയാർഥി കുടുംബങ്ങളെ അതിവസിപ്പിക്കുന്നതിൽ ഗൗരവത്തോടെ ഭാഗഭാക്കാകുമായിരുന്നു.

അവരുടെ ഒരു മകനെഴുതി: ഞങ്ങളുടെ മാതാവിന് ഖിലാഫത്തിനോടു അഗാധമായി സ്നേഹമായിരുന്നു. കാലത്തിന്റെ ഖലീഫക്കുവേണ്ടി ദുആ ചെയ്യാൻ താക്കീതു ചെയ്യുകയും ഓർമപ്പെടുത്തുകയും ചെയ്തിരുന്നു. വളരെയധികം ചിട്ടയോടും ജമാഅത്തായും നമസ്കരിക്കുമായിരുന്നു. എല്ലാ വെള്ളിയാഴ്ചയും പെരുന്നാൾ ദിവസമായിരുന്നു. വിശുദ്ധ ഖുർആനോടുള്ള സ്നേഹത്തെ കുറിച്ച് പറയുന്നു: നല്ല രീതിയിൽ ശിക്ഷണം ലഭിക്കുന്നതിന് നിരവധി കുട്ടികളെ വിശുദ്ധ ഖുർആൻ പഠിപ്പിച്ചു.

അവരുടെ പൗത്രൻ വഖാസ് ഖുർശീദ് മുറബ്ബിയെ സിൽസില പറയുന്നു: എപ്പോഴും ദുആയിലേക്കും വിദ്യാഭ്യാസഭർതൃത്തിലേക്കും ശ്രദ്ധ ക്ഷണിച്ചിരുന്നു. ജമാഅത്തിന്റെ ചരിത്രം ഉദ്ധരിച്ച് കഥകൾ മുഖേന കുട്ടികളെ ജമാഅത്തിന്റെ ചരിത്രം പഠിപ്പിക്കുമായിരുന്നു.

അവരുടെ ഒരു പൗത്രി പറയുന്നു: മാതാമഹിക്ക് 9 പൗത്രിമാരുണ്ടായിരുന്നു. അവർ ഞങ്ങൾ പെൺകുട്ടികൾക്കുമാത്രമല്ല ശിക്ഷണം നല്കിയത്; ഞങ്ങൾ ലജ്ന ഇമാഇല്ലായുടെ സേവകരാകാൻ! പ്രത്യുത വിനയവും മര്യാദയും പഠിപ്പിച്ചു. ശരിയായ പർദ എങ്ങനെ ചെയ്യണമെന്നും പറഞ്ഞുതന്നു. വീടിന്റെ പരിചരണവും അതിഥി സൽക്കാരവും തുന്നലും ഉർദു എഴുതാനും വായിക്കാനും തുടങ്ങിയ സകല കാര്യങ്ങളിലും ഞങ്ങളുടെ എന്നെന്നേക്കുമുള്ള വഴികാട്ടിയായിരുന്നു. ഞങ്ങൾ പ്രായപൂർത്തിയായപ്പോൾ ഞങ്ങളുടെ ഭർത്താക്കന്മാരോടും ഭർതൃകുടുംബത്തോടും എങ്ങനെ പെരുമാറണമെന്ന് പഠിപ്പിച്ചു. ഞങ്ങൾ ഭർതൃകുടുംബത്തോടൊപ്പം സമയം ചെലവഴിച്ചു എന്ന് കേൾക്കുമ്പോൾ വളരെ സന്തോഷിക്കുമായിരുന്നു. ഈ ഉത്തരവാദിത്വത്തോടൊപ്പം തന്നെ നല്ല വിദ്യഭ്യാസം കരസ്ഥമാക്കാനും നല്ല സ്വഭാവമുണ്ടാക്കാനും പ്രേരിപ്പിക്കുമായിരുന്നു. ജന്മദിനങ്ങൾപോലുള്ള അനിസ്ലാമിക ആചാരങ്ങൾക്കെതിരെ ഉറച്ചു നില്ക്കുമായിരുന്നു. എന്നാൽ, ജന്മദിനം പോലുള്ള പ്രത്യേക അവസരങ്ങളെ അവിസ്മരണീയമാക്കുകയും ചെയ്തു. കാരണം എപ്പോഴും ഒരു കുടുംബത്തെപ്പോലെ ഒരുമിച്ചിരുന്ന് ഹംദ് വ ഥനാ ഉസീ കൊ എന്ന പദ്യം ചൊല്ലുകയും ജമാഅത്തായി ദുആ ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യുമായിരുന്നു. വീണ്ടും പറയുന്നു:കനഡയിൽ ഒരു അഹ്മദി മുസ്ലിമെന്ന നിലയിൽ ഞങ്ങളുടെ പരിപാലനം ഒരു പ്രധാന ഭാഗമായിരുന്നു. ലക്ഷ്യത്തിലെത്താൻ ഞങ്ങളുടെ വിശ്വാസത്തേയും പാശ്ചാത്യസമൂഹത്തേയും എങ്ങനെ ഒപ്പം കൊണ്ടുപോകണമെന്നും പഠിപ്പിച്ചു.

ഇത് പുതിയ തലമുറയുടെ സംരക്ഷണത്തിന് ഉമ്മമാരുടേയും മറ്റു വയോജനങ്ങളുടേയും നിർബന്ധ കടമയാണ്. എങ്ങനെയാണ് ശിക്ഷണം നല്കേണ്ടത്? പുതിയ തലമുറയെ ദീനും പഠിപ്പിക്കണം.ഈ സമൂഹത്തിൽ ഒരു അപകർഷതാബോധവും കൂടാതെ അഡ്ജസ്റ്റുചെയ്ത് ജീവിക്കുന്നതിലേക്ക് ശ്രദ്ധ പതിപ്പിക്കുകയും വേണം.

അല്ലാഹു അവരോടു കാരുണ്യത്തോടും പൊറുക്കലോടുംകൂടി പെരുമാറട്ടെ. അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കൾക്ക്, അവരുടെ സന്താനങ്ങൾക്ക് നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

പേജ് 1 ൽ നിന്ന്

ഹിജ്റത്ത് മക്കയിൽ ദീനീപ്രവർത്തനം നടത്താൻ സ്വാതന്ത്ര്യമില്ല, അതുകൊണ്ട് സ്വന്തം നാടുപേക്ഷിച്ച് ദീനീ പ്രവർത്തനം സ്വതന്ത്രമായി ചെയ്യാൻ പറ്റിയ സ്ഥലത്ത് ഹിജ്റ പോകുക എന്നതാണ്.

(3) 'ഫീ' എന്നതിന് കൂടുതൽ അറിയപ്പെടുന്ന അർഥം നല്കുക. ഇങ്ങനെ വരുമ്പോൾ ഈ വാക്കുകളുടെ ഉദ്ദേശ്യം അവർ അല്ലാഹുവിലായി ഹിജ്റത്തു ചെയ്തു എന്നായിരിക്കും. അതായത് പൂർണമായ നിലയിൽ അല്ലാഹുവിലേക്ക് തങ്ങളെ ചായിച്ചു. അവന്റെ സ്വിഫത്തുകളെ സ്വായത്തമാക്കി. തന്റെ ശരീരേച്ഛയെ കൊന്ന് തന്റെ എല്ലാ ജോലികളും അല്ലാഹുവിനുവേണ്ടിയാക്കി. അതായത് അവരുടെ മക്കയിൽനിന്നുള്ള പുറപ്പെടൽ കുറച്ചാളുകളുടെ പുറപ്പെടലായിരുന്നില്ല. പ്രത്യുത അല്ലാഹു മക്കയിൽനിന്ന് പുറപ്പെട്ടുപോകുകയായിരുന്നു. അവർ പോയതോടുകൂടി അല്ലാഹുവും അവരുടെ കൈയിൽനിന്ന് പുറത്തുപോയി. **മിൻബഅ്ദി മാ ള്വുലിമൂ** അതായത് കാരണമൊന്നും കൂടാതെ ആയിരുന്നില്ല അവരുടെ ഹിജ്റത്ത് . മറിച്ച് ജനങ്ങൾ അവരെ അവിടെ താമസിക്കാൻ വിടാത്തതുകൊണ്ടായിരുന്നു. പുറത്തുപോകാൻ അവരെ നിർബന്ധിച്ചു. ഈ ആയത്തിൽനിന്ന് വ്യക്തമാകുന്നത് മുഅ്മിൻ തന്റെ നാട് ഉപേക്ഷിക്കാൻ ധിറുതി കാണിക്കാതിരിക്കേണ്ടതാണ്. പ്രത്യുത തബ്ലീഗു ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ജനങ്ങൾ മതപരമായ കാര്യങ്ങൾ ചെയ്യാൻ നിർബന്ധിതരാക്കാത്തിടത്തോളം അവിടെതന്നെ തബ്ലീഗ് ചെയ്ത് കഴിയേണ്ടതാണ്.*(തഫ്സീറെ കബീർ വാള്യം 4, പേജ് 169, പ്രസാധനം 2010 ഖാദിയാൻ)*

## ഹദ്റത്ത് ഉമ്മു അയ്മൻ[റ]

"ഹദ്റത്ത് ഉമ്മു അയ്മൻ മദീനയിലേക്ക് കാൽനടയായി ഹിജ്റത്തു ചെയ്യുമ്പോൾ അവർക്ക് വല്ലാത്ത ദാഹമുണ്ടായി. അല്ലാഹുവുമായി പ്രത്യേക ബന്ധമുള്ള പുണ്യവതിയായിരുന്നു അവർ. കൈയിൽ വെള്ളവുമില്ല അതികഠിനമായ ഉഷ്ണവുമായിരുന്നു. ആ അവസ്ഥയിൽ അവരുടെ തലയ്ക്കുമീതെനിന്ന് എന്തോ ശബ്ദം അവർ കേട്ടു. നോക്കിയപ്പോൾ കണ്ടത് ആകാശത്തുനിന്ന് ബക്കറ്റിന്റെ രൂപത്തിലുള്ള എന്തോ ഒന്ന് താഴേക്കു വരികയും അതിൽനിന്ന് വെളുത്ത വെള്ളത്തുള്ളികൾ ഇറ്റു വീഴുകയും ചെയ്യുന്നതാണ്. അവർ അതിൽനിന്ന് മതിയാവോളം വെള്ളം കുടിക്കുകയും ചെയ്തു. അവർ പറയുമായിരുന്നു, അതിനുശേഷം എനിക്ക് ദാഹമേ ഉണ്ടായിട്ടില്ല. നോമ്പിന്റെ അവസ്ഥയിൽ പ്പോലും എനിക്ക് ദാഹിച്ചിട്ടില്ല."

www.alislam.org

Al Islam - Official website of Ahmadiyya Muslim Community

നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

TOLL FREE NUMBER
1800 3010 2131

ലേഖനം

# സ്വർഗ്ഗനരകങ്ങളുടെ യാഥാർഥ്യം
# ഇഹലോകത്ത് മനുഷ്യർ ശിക്ഷിക്കപ്പെടുമോ?

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)
(വാഗ്ദത്ത മസീഹ് മഹ്ദി)

അല്ലാഹു പ്രവാചകന്മാർ മുഖേന നമുക്ക് പറഞ്ഞുതരികയും പിന്നീടുണ്ടായ സംഭവങ്ങൾ അത് സത്യമാണെന്ന് തെളിയിക്കുകയും ചെയ്തിട്ടുള്ളതിൽനിന്ന് രക്ഷാശിക്ഷയുടെ നിയമം ഈ ലോകത്തുനിന്നുതന്നെ ആരംഭിക്കുന്ന വിധത്തിലാണ് അവൻ നിശ്ചയിച്ചിട്ടുള്ളതെന്ന് മനസ്സിലാകുന്നു. മനുഷ്യർ ചെയ്തുകൂട്ടുന്ന അക്രമങ്ങളും അധർമ്മങ്ങളും അവർ മനസ്സിലാക്കിയാലും ഇല്ലെങ്കിലും അതിന്റെ കഷ്ടവും നഷ്ടവും ഇവിടെ തന്നെ ലഭിക്കുന്നു. കുറ്റവാളികൾ പശ്ചാത്താപവും പുനരാലോചനയും കൊണ്ട് തങ്ങളുടെ അവസ്ഥയിൽ വ്യക്തമായ മാറ്റമുണ്ടാക്കുന്നതിനും അല്ലാഹുമായിട്ടുള്ള ദാസത്വബന്ധം നിലനിർത്തുന്നതിൽ വന്ന വീഴ്ച ബോധപൂർവ്വം പരിഹരിക്കുന്നതിനും വേണ്ടിയാണ് ഇവിടെ ശിക്ഷ നല്കുന്നത്. ശിക്ഷ ഉണ്ടാകുമ്പോൾ ഒന്നുകിൽ അവർ അല്ലാഹുവിന്റെ സഹായത്തോടെ തന്റെ ദുർബലതകൾ ചികിത്സിച്ച് ഭേദപ്പെടുത്തുന്നു. അല്ലെങ്കിൽ അവരുടെ നിർഭാഗ്യംകൊണ്ട് അക്രമങ്ങളും അനാവശ്യങ്ങളും കൂടുതൽ ചെയ്യാൻ അവർ തന്റേടം കാണിക്കുകയും അത് കൂടിക്കൂടി ഒടുവിലവർ നരകാവകാശികളായിത്തീരുകയും ചെയ്യുന്നു. ഉപദേശം അല്ലെങ്കിൽ ഗുണപാഠം എന്ന നിലയിൽ ഈ ലോകത്ത് നല്കപ്പെടുന്ന ശിക്ഷയുടെ ഉദാഹരണം ക്ലാസുമുറിയുടേതാണ്. അശ്രദ്ധയും അലസതയും അകറ്റുന്നതിനുവേണ്ടി അധ്യാപകൻ പഠനമുറിയിൽ കുട്ടികളെ ലഘുവായി ശിക്ഷിക്കാറുണ്ട്. അറിവ് സമ്പാദിക്കുന്നതിൽനിന്ന് കുട്ടികളെ തടയുക എന്നതല്ല അധ്യാപകന്റെ ഉദ്ദേശ്യം. പ്രത്യുത അവർക്ക് നലവണ്ണം കാര്യങ്ങൾ പറഞ്ഞുകൊടുത്ത് അവരെ കൂടുതൽ ജാഗ്രത പാലിക്കുന്നവരും സമർത്ഥരുമാക്കിത്തീർക്കുക എന്നതാണ്. ഇപ്രകാരം അല്ലാഹു കുറ്റവാളികൾക്കും ദുഷ്ടാത്മാക്കൾക്കും ഈ ലോകത്ത് ലഘുവായ നിലയിൽ ശിക്ഷ കൊടുക്കുന്നത്, ആ കുറ്റകൃത്യങ്ങളുടെ ഭവിഷ്യത്തറിഞ്ഞ് അല്ലാഹുവിന്റെ പ്രതാപത്തേയും മഹത്വത്തേയും ഭയക്കുന്നതിനും അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുന്നതിനും വേണ്ടിയാണ്. എന്റെ ജമാഅത്തിന് ഞാൻ ഇത് പല പ്രാവശ്യം പറഞ്ഞുകൊടുത്തിട്ടുള്ളതാണ്. ഇപ്പോൾ വീണ്ടും വിശദീകരിക്കുന്നു. മനുഷ്യൻ ഒരു പ്രവൃത്തി ചെയ്യുമ്പോൾ അതേ തുടർന്ന് അല്ലാഹുവിൽനിന്ന് ഒരു പ്രതിപ്രവർത്തനം ഉണ്ടാകുന്നു. ഉദാഹരണത്തിന്, അളവിൽ കവിഞ്ഞ് വിഷം കഴിച്ചാൽ മരണം സംഭവിക്കുന്നു. ഇവിടെ വിഷം കഴിക്കൽ മനുഷ്യന്റെ പ്രവൃത്തിയാണ്. അപ്പോൾ അവനെ മരിപ്പിച്ചുകൊണ്ട് അല്ലാഹു അവന്റെ പ്രവൃത്തി വെളിപ്പെടുത്തി. വീടിന്റെ വാതിലുകളും ജനലുകളും അടയ്ക്കുന്ന പ്രവൃത്തി മനുഷ്യരുടേതാണ്. ആ പ്രവൃത്തി മനുഷ്യർ ചെയ്യുന്നതോടെ അല്ലാഹുവിന്റെ പ്രവൃത്തി ഇരുട്ടിന്റെ രൂപത്തിൽ വെളിപ്പെടുന്നു. ഇപ്രകാരം മനുഷ്യപ്രവൃത്തിയുടെ ഫലമെന്ന നിലയിൽ അല്ലാഹുവിന്റെ പ്രവൃത്തികൾ മുഖേന സംഭവിക്കുന്ന നിയമം ലോകത്ത് നടന്നുവരുന്നു. ഇത് ബാഹ്യപ്രവൃത്തികളുമായി ബന്ധപ്പെട്ടതും ലൗകികസംവിധാനത്തിൽ ഇതിന്റെ ഉദാഹരണങ്ങൾ നാം നിത്യവും കണ്ടുകൊണ്ടിരിക്കുന്നതുമാണ്.

ഇതേ രീതിയിൽ ആന്തരികവുമായി ബന്ധപ്പെട്ട വ്യവസ്ഥിതികളുമുണ്ട്. ദൈവികശിക്ഷയെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഈ തത്ത്വം അറിഞ്ഞിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നമ്മൾ ചെയ്യുന്നത് നന്മയായാലും തിന്മയായാലും അതൊരു ഫലമുൾക്കൊള്ളുന്നുണ്ടെന്നും അത് നമ്മുടെ പ്രവൃത്തിക്കു ശേഷമാണ് വെളിപ്പെടുന്നതെന്നും ഞാൻ പറഞ്ഞുവല്ലോ. ഇനി നിങ്ങൾക്ക് പാപത്തിന്റെ ഫലമായി നല്കപ്പെടുന്ന ശിക്ഷയും നന്മയുടെ ഫലമായി നല്കപ്പെടുന്ന നിർവൃതിയും പെട്ടെന്ന് മനസ്സിലാകുന്നതാണ്. ഞാൻ പറഞ്ഞതത്ത്വം വിവരിക്കാൻ ഇസ്‌ലാമല്ലാത്ത മറ്റെല്ലാ മതങ്ങളും തികച്ചും നിസ്സഹായരും നിരാലംബരുമാണെന്ന് ഞാൻ പൂർണ്ണ ഉൾക്കാഴ്ചയോടും വാദത്തോടും കൂടി പറഞ്ഞുകൊള്ളട്ടെ.

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ദൈവത്തിനു വേണ്ടിയാണെന്ന കാര്യം ഓരോ വിശ്വാസിയും സമ്മതിക്കുന്നതാണ്. അതുകൊണ്ട് അവന്റെ സകല സന്തോഷങ്ങളുടേയും സുഖങ്ങളുടേയും പരമമായ അവസ്ഥ അവന് ലഭ്യമാകുന്നത് ദൈവവും അടിയാനുമായി ഉണ്ടായിരിക്കേണ്ട സുദൃഢബന്ധം കുറ്റമറ്റ നിലയിൽ അവനിൽ ഉണ്ടാകുകയും പരിപൂർണ്ണമായ നിലയിൽ അവൻ അല്ലാഹുവിന്റേതായി തീരുകയും ചെയ്യുമ്പോഴാണ്. ദൈവത്വവും ദാസത്വവും തമ്മിലുള്ള ആ ബന്ധം സുദൃഢമാകാത്തിടത്തോളം അതായത്, അതിനെ പ്രവർത്തനപഥത്തിൽ കൊണ്ടുവരാത്തിടത്തോളം കാലം യഥാർത്ഥ നിർവൃതി അവന് ലഭ്യമല്ല. ദൈവത്വത്തിന്റെയും ദാസത്വത്തിന്റെയും ഇടയിലുള്ള ഈ ബന്ധം അറ്റുപോകുമ്പോൾ അതിനെ ബന്ധിപ്പിക്കുന്നതിനുവേണ്ടിയാണ് പ്രവാചകന്മാർ സമാഗതരാകുന്നത്. ഈ സുപ്രധാന ഉദ്ദേശ്യമാണ് അവരുടെ ആഗമനത്തിലുള്ളത്. എന്നാൽ, മനുഷ്യർ സ്വന്തം പ്രവൃത്തിയിലൂടെ ദൈവത്തിൽ നിന്ന് അകലുന്നു. ദൈവവും മനുഷ്യനും തമ്മിൽ കോർത്തിണക്കപ്പെടേണ്ട സ്നേഹത്തിന്റെ ചങ്ങലയിൽനിന്ന് അവൻ സ്വയം തന്നെ വേർപ്പെടുത്തുന്നു. അപ്പോൾ അത്തരക്കാരിൽനിന്ന് അകലുക എന്നതാണ് അല്ലാഹുവിന്റെ പ്രവൃത്തി. അല്ലാഹു അകലുന്ന കാരണത്താൽ മനുഷ്യമനസ്സിൽ ഇരുൾ മൂടുന്നു; വാതിലുകൾ അടയ്ക്കുമ്പോൾ മുറി ഇരുട്ടുകൊണ്ട് നിറയുന്നതുപോലെ. ഇപ്രകാരം അല്ലാഹുവിൽനിന്ന് മുഖം തിരിക്കുന്ന മനുഷ്യന്റെ ഉള്ളിൽ ഇരുട്ട് വ്യാപിക്കുന്നു. അകൽച്ച കൂടുന്തോറും ഇരുട്ടും കൂടാൻ തുടങ്ങുന്നു. അവസാനം മനസ്സ് കുകറാ കറുത്തുപോകുന്നു. അല്ലാഹുവിൽനിന്ന് അകലാനുണ്ടായ കാരണങ്ങൾ ഉപേക്ഷിച്ചുകൊണ്ട് ഈ ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ ഒരുവൻ കഠിനമായി പരിശ്രമിക്കുമ്പോൾ അല്ലാഹു തന്റെ കാരുണ്യംകൊണ്ട് അവനിലേക്കു മടങ്ങുന്നു. ജനലുകളും വാതിലുകളും തുറക്കുമ്പോൾ പ്രകാശം വീണ്ടും അകത്തുകടന്ന് ഇരുട്ടിനെ അകറ്റുന്നതുപോലെ. നന്മയുടെ കൈവിട്ടുപോയ പ്രകാശം പശ്ചാത്തപിച്ചു മടങ്ങുന്നവന് വീണ്ടും നല്കപ്പെടുകയും അതിനെ അവൻ പൂർണ്ണമായും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

**പശ്ചാത്താപത്തിന്റെ യാഥാർഥ്യം**

ഇപ്പറഞ്ഞതുതന്നെയാണ് തൗബയുടെ യാഥാർത്ഥ്യം. ഇതിനുള്ള ഉദാഹരണങ്ങൾ പ്രകൃതിനിയമത്തിൽ നമുക്ക് ദർശിക്കാൻ കഴിയും. പ്രവാചകന്മാരുടെ കാലഘട്ടങ്ങളിൽ ജനതയിൽ ഇറങ്ങുന്ന ശിക്ഷയെ സംബന്ധിച്ച് നാം അറിഞ്ഞിരിക്കേണ്ട ഒരു കാര്യമുണ്ട്. ഉദാഹരണം പറഞ്ഞാൽ ലൂത്തിന്റെ ജനതയുടെ മേൽ ഇറങ്ങുന്ന ശിക്ഷ. അല്ലെങ്കിൽ ബുഖ്ത്നസർ മുഖേനയോ ത്വയ്തസ്റൂമി മുഖേനയോ യഹൂദർ നശിപ്പിക്കപ്പെട്ടത്. ആ ശിക്ഷകൾ ഇറങ്ങിയത് കേവലം ഭിന്നിപ്പ് കൊണ്ടായിരുന്നില്ല. അവർക്കു വന്നുഭവിച്ച ശിക്ഷയ്ക്കുള്ള പ്രധാന കാരണം അവർ പ്രവാചകന്മാരെ ഉപദ്രവിക്കുകയും പീഡിപ്പിക്കുകയും ചെയ്തതായിരുന്നു. അവരുടെ പീഢനങ്ങൾ അവസാനം അവരിലേക്കുതന്നെ മടങ്ങി. അത് അവരെ നശിപ്പിച്ചു. സമാധാനഭംഗം സൃഷ്ടിക്കുന്ന കള്ളന്മാരേയും കൊള്ളക്കാരേയും രാജ്യദ്രോഹികളേയും മറ്റു കുറ്റവാളകളേയും ശിക്ഷിക്കുക എന്നത് ഭരണകൂടത്തിന്റെ നിയമങ്ങളിൽപ്പെട്ടതാണ്. സമാധാനം നിലനിറുത്തുന്നതിനും മറ്റുള്ളവർക്ക് ഗുണപാഠം ലഭിക്കുന്നതിനും വേണ്ടിയാണിത്. ഇതേപ്രകാരം തന്നെയാണ് അല്ലാഹുവും നിയമം വെച്ചിട്ടുള്ളത്. ഉപദ്രവകാരികളും അക്രമികളും അതിരു ലംഘിക്കാതിരിക്കാൻ ആഗ്രഹിക്കുന്നവർക്ക് മുന്നറിയിപ്പും നൽകുന്നു. മറ്റൊരു കാര്യവും ഓർമിക്കേണ്ടതുണ്ട്. ഈ ശിക്ഷയും മുന്നറിയിപ്പും ആർക്കാണോ നൽകുന്നത് അവർക്കും അതിൽനിന്ന് ഗുണപാഠം സ്വീകരിക്കുന്ന മറ്റുള്ളവർക്കും ഒരു കാരുണ്യമെന്ന നിലയിലാണിത്. കാരണം ശിക്ഷ നല്കുന്നില്ലെങ്കിൽ അസമാധാനം വ്യാപിക്കുകയും അതിന്റെ പരിണാമം അങ്ങേയറ്റം ദാരുണമായിരിക്കുകയും ചെയ്യുന്നതാണ്.

പ്രകൃതി നിയമത്തിലേക്ക് ഒന്ന് ദൃഷ്ടിപായിക്കുക. മനുഷ്യപ്രകൃതിയിൽത്തന്നെ ഇതിനുദാഹരണം കാണാം. വലക്കും ഫിൽഖിസ്വാസ്വി ഹയാത്തുൻയ്യാഉലിൽ അൽബാബ്(2:180) നിങ്ങളുടെ ജീവിതത്തിന്റെ നിലനിൽപിന് പ്രതിക്രിയ നിയമം അനിവാര്യമാണ്. കർമങ്ങൾക്ക് തക്കതായ പ്രതിഫലമുണ്ടാകുന്നില്ലെങ്കിൽ പിന്നെ ആ കർമങ്ങൾക്ക് എന്തു പ്രസക്തിയാണുള്ളത്? അതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്? ചുരുക്കത്തിൽ ഇവിടെ നല്കപ്പെടുന്ന ശിക്ഷ യഥാർഥമായ നിലയിലുള്ളതല്ല. അത് യഥാർഥമായ ശിക്ഷയുടെ നിഴലാണ്. അതുകൊണ്ടുള്ള ഉദ്ദേശ്യം ഗുണപാഠമാണ്. പരലോകത്തെ ശിക്ഷയുടെ ഉദ്ദേശ്യം മറ്റൊന്നാണ്. അത് പരമമായതാണ്. അവിടെ **മൻയ്യഅ്മൽ മിഥ്ഖാല ദർറത്തിൻ ശർറയ്യറഹൂ** (99:9) എന്നതിന്റെ പ്രതിബിംബാത്മകമായ മാതൃക ജനങ്ങൾ കാണും. മനുഷ്യൻ താൻ ചെയ്ത അതിസൂക്ഷ്മമായ പാപങ്ങളുടേയും കുറ്റകൃത്യങ്ങളുടേയും ശിക്ഷ അനുഭവിക്കേണ്ടി വരും. ഇഹലോകശിക്ഷയും പരലോകശിക്ഷയും തമ്മിലുള്ള ഒരു വലിയ വ്യത്യാസം, ഇഹലോക ശിക്ഷ സമാധാനം നിലനിറുത്തുന്നതിനും ഗുണപാഠം സ്വീകരിക്കുന്നതിനുമാണെങ്കിൽ പരലോകശിക്ഷ മനുഷ്യകർമങ്ങളുടെ

അവസാനത്തെ ഫലമാകുന്നു എന്നതാണ്. അവിടെ അവന് ശിക്ഷ അനുഭവിച്ചേ പറ്റൂ. കാരണം അവൻ വിഷം തിന്നു കഴിഞ്ഞിരിക്കുകയാണ്. അതിന്റെ ദോഷഫലത്തിൽനിന്ന് രക്ഷപ്പെടാൻ ഔഷധമില്ലാതെ സാധ്യമല്ല.

**പരലോക ശിക്ഷയുടെ യാഥാർഥ്യം**

പരലോകശിക്ഷ ഒരു തത്ത്വജ്ഞാനപരമായ യാഥാർഥ്യം ഉൾക്കൊള്ളുന്നതാണ്. ഇസ്‌ലാമിനല്ലാതെ മറ്റൊരു മതങ്ങൾക്കും അതിന്റെ പൂർണമായ അവസ്ഥ വിവരിക്കാൻ സാധിച്ചിട്ടില്ല. വിശുദ്ധഖുർആനിൽഅല്ലാഹു പറയുന്നു: **വമൻകാന ഫീ ഹാദിഹീ അഅ്മാ ഫഹുവ ഫിൽആഖിറത്തി അഅ്മാ വ അളല്ലു സബീലാ** ഇഹലോകത്ത് അന്ധനായിട്ടുള്ളവൻ പരലോകത്തും അന്ധനായിരിക്കും. മാത്രമല്ല കൂടുതൽ വഴിപിഴച്ചവനുമായിരിക്കും. (17:73)

ഇതിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹുവിനെ കാണുന്നതിനുള്ള കണ്ണും അവനെ തിരിച്ചറിയുന്നതിനുള്ള ഇന്ദ്രിയവും ഈ ലോകത്ത് നിന്നുതന്നെ മനുഷ്യൻ തന്റെകൂടെ കൊണ്ടുപോകണമെന്നാണ്. ഇവിടെ ആ ഇന്ദ്രിയം കരസ്ഥമാക്കാത്തവന് അവിടെ അത് ലഭ്യമാവുകയില്ല. ഇത് സൂക്ഷ്മമായ ഒരു രഹസ്യമാണ്. സാധാരണക്കാർക്ക് ഇതു മനസ്സിലാക്കാൻ പ്രയാസമാണ്. നാം പറഞ്ഞതല്ല ഇതിന്റെ അർഥമെങ്കിൽ അന്ധൻ പരലോകത്തും അന്ധനായിരിക്കും എന്ന് പറഞ്ഞത് തികച്ചും അബദ്ധമായിരിക്കും. യാഥാർഥ്യമെന്താണെന്നുവെച്ചാൽ, ന്യൂനത ഒന്നും കൂടാതെ അല്ലാഹുവിനെ തിരിച്ചറിയുക എന്നതും ശരിയായ നിലയിൽ അവന്റെ ഗുണവിശേഷങ്ങളും നാമങ്ങളും ഈ ലോകത്തുവെച്ച് തിരിച്ചറിയുക എന്നതും വരുംകാലത്തെ എല്ലാ നിർവൃതിയുടേയും താക്കോലാണ്. ഉപര്യുക്ത വചനം ഈ ലോകത്തുനിന്നുതന്നെ നമ്മുടെ ശിക്ഷ നമ്മൾ കൂടെ കൊണ്ടുപോകുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ടിരിക്കുന്നു. അന്ധന്മാരെപ്പോലെയുള്ള ഇവിടുത്തെ ജീവിതവും അവിശുദ്ധമായ കർമങ്ങളും തന്നെയാണ് പരലോകത്ത് നരകശിക്ഷ എന്ന രീതിയിൽ വെളിച്ചത്തു വരുന്നത്. അല്ലാതെ പുതിയതായ ഒന്നായിരിക്കുകയില്ല.

ഏതുപോലെയെന്നാൽ, ഒരാൾ വീടിന്റെ വാതിലുകൾ അടച്ചുപൂട്ടുമ്പോൾ വെളിച്ചം അയാൾക്ക് തടയപ്പെടുന്നു. പുതിയതും ജീവന് ഗുണപ്രദവുമായ വായു അയാൾക്ക് ലഭിക്കുകയില്ല. വിഷം കഴിച്ചാൽ അയാളുടെ ജീവിതം ബാക്കിയുണ്ടാവില്ല. ഇതേ പ്രകാരം അല്ലാഹുവിൽനിന്നകലുകയും, പാപകൃത്യങ്ങളിലേർപ്പെടുകയും ചെയ്യുന്ന ആൾ അന്ധകാരത്തിന് അടിപ്പെട്ട് ശിക്ഷയിൽ അകപ്പെടുന്നു. **'ജുനാഹ്'** എന്നാണ് പാപത്തിന് പറയുന്നത്. മലിനമാക്കുക, യഥാർഥ കേന്ദ്രത്തിൽനിന്ന് തെന്നിപ്പോകുക എന്നൊക്കെയാണ് അതിനർഥം. മനുഷ്യൻ ദൈവത്തിൽനിന്ന് പിന്തിരിയുകയും അവന്റെ പ്രകാശത്തിന്നെതിർ നിൽക്കുകയും ദൈവത്തിൽനിന്ന് മാത്രം ഹൃദയങ്ങളിലിറങ്ങുന്ന പ്രകാശത്തിൽനിന്ന് അകന്നുപോകുകയും ചെയ്യുമ്പോൾ അവനൊരു ഇരുട്ടിൽ അകപ്പെടുന്നു. അത് അവന് ശിക്ഷയ്ക്ക് കാരണമാകുന്നു. പിന്നീട് ഏതു തരത്തിലാണോ അവൻ തിരിയുന്നത് അതേ രീതിയിലുള്ള ശിക്ഷ അവൻ അനുഭവിക്കുന്നു. എന്നാൽ, അവൻ യഥാർഥ കേന്ദ്രത്തിലേക്ക് വീണ്ടും മടങ്ങിവരാൻ ഉദ്ദേശിക്കുകയും ആ പ്രകാശം പതിയുന്ന സ്ഥാനത്ത് അവൻ അവനെ എത്തിക്കുകയും ചെയ്താൽ, കൈവിട്ടുപോയ ആ പ്രകാശം വീണ്ടും അവൻ പ്രാപിക്കും. കാരണം, മുറി തുറക്കുമ്പോൾ വെളിച്ചം ഉള്ളിൽ പ്രവേശിക്കുന്നത് നമ്മൾ കാണുന്നുണ്ടല്ലോ. അതേപോലെ ആത്മീയവ്യവസ്ഥിതിയിലെ യഥാർഥ കേന്ദ്രത്തിലേക്ക് മടങ്ങുമ്പോൾത്തന്നെ അത് ആനന്ദനിർവൃതിക്ക് കാരണമാകും. ശരിയായ കേന്ദ്രത്തിൽനിന്ന് വ്യതിചലിച്ചുകൊണ്ടുണ്ടായ ദുഃഖങ്ങളേയും കഷ്ടങ്ങളേയും അതകറ്റുകയും ചെയ്യും. അതിന്റെ പേരാണ് തൗബ അഥവാ പശ്ചാത്താപം. മുകളിൽ പറഞ്ഞതു പ്രകാരമുണ്ടാകുന്ന അന്ധകാരത്തിനാണ് ദുർമാർഗ്ഗമെന്നും നരകമെന്നും പറയുന്നത്. യഥാർഥ കേന്ദ്രത്തിലേക്കുള്ള മടക്കം മുഖേന കിട്ടുന്ന നിർവൃതിയെ സ്വർഗവുമായി ഉപമിക്കാം. അല്ലാഹു സംതൃപ്തനാകുംവിധം പാപകൃത്യങ്ങളിൽനിന്ന് പിന്മാറി വീണ്ടും സൽകൃത്യങ്ങളിലേക്ക് വരിക എന്നത് ചെയ്തുപോയ പാപകൃത്യങ്ങളുടെ പ്രായശ്ചിത്തമായിത്തീരുകയും അതിനെ ദൂരീകരിക്കുകയും അതിന്റെ തിക്തഫലത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു. അതുകൊണ്ട് അല്ലാഹു പറയുന്നു. ഇന്നൽഹസനാത്തി യുദ്ഹിബ്നസ്സയ്യിആത്തി അതായത് നന്മകൾ, തിന്മകളെ അകറ്റിക്കളയുന്നു. (11:115) കാരണം, തിന്മയിൽ നാശമടയാനുള്ള വിഷമാണുള്ളത്. നന്മയിൽ ആയുസ്സിനുള്ള ഔഷധവും. തിന്മയുടെ വിഷത്തെ അകറ്റുന്നതിനുള്ള മാർഗ്ഗം നന്മതന്നെയാണ്. നിർവൃതിയുടെ അഭാവത്തിന് ശിക്ഷ എന്ന് നമുക്ക് പേരു പറയാവുന്നതാണ്. നിർവൃതി ലഭ്യമാകുന്നതിന്റെ പേരാണ് മോക്ഷം.

പ്രകൃതി നിശ്ചയിച്ചിട്ടുള്ള സമീകൃതമായ അവസ്ഥ നിലനിൽക്കുമ്പോൾ അത് ആരോഗ്യമുള്ള അവസ്ഥയെന്നും അതിൽനിന്ന് വ്യതിചലിക്കുമ്പോൾ അത് രോഗമുള്ള അവസ്ഥയെന്നും നമ്മൾ പറയുന്നു. ഏതുപോലെയെന്നാൽ, കൈയോ കാലോ ശരീരത്തിന്റെ മറ്റേതെങ്കിലും അവയവമോ അതിന്റെ നിശ്ചിത സ്ഥാനത്തുനിന്ന് തെന്നി മാറിയാൽ വേദന അനുഭവപ്പെടുന്നു. അതിന്റെ അർഥം ആ അവയവത്തിന് പ്രവർത്തനക്ഷമത കുറയുന്നു എന്നതാണ്. ആ അവസ്ഥ തുടരാനനുവദിച്ചാൽ അതു പൂർണമായും പ്രയോജനരഹിതമാകുമെന്ന് മാത്രമല്ല മറ്റു അവയവങ്ങളേയും അതു ബാധിക്കാൻ തുടങ്ങുന്നു. ഇതു തന്നെയാണ് ആത്മീയമായ അവസ്ഥയും. മനുഷ്യൻ തന്റെ ജീവിതത്തിന്റെ സാക്ഷാൽ കാരണഭൂതനായ അല്ലാഹുവിൽനിന്ന് അകലുകയും യഥാർഥമായ മതത്തെ ഉപേക്ഷിക്കുകയും ചെയ്യുമ്പോൾ അവനിൽ ശിക്ഷ ഇറങ്ങാൻ തുടങ്ങുന്നു. മനസ്സിന് അല്പമെങ്കിലും ചൈതന്യമുണ്ടാവുകയും ബോധം ശേഷിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആ ശിക്ഷയെ അവൻ നല്ലവണ്ണം അനുഭവിച്ചറിയുന്നതാണ്. ദാരുണമായ ആ അവസ്ഥയിൽനിന്ന് അവൻ അവനെ രക്ഷപ്പെടുത്തുന്നില്ലെങ്കിൽ അവനിൽ ശേഷിക്കുന്ന മറ്റു ആത്മീയമായ ശക്തികളും ക്രമേണ ക്ഷയോന്മുഖമായിത്തീരുന്നതാണ്. കഠിനമായ ശിക്ഷ ഇറങ്ങുമോ എന്ന ആശങ്ക ആ അവസരത്തിൽ അവനുണ്ടാകുന്നു. ഇപ്പോൾ, ഒരു ശിക്ഷയും പുറമെനിന്ന് വരുന്നില്ലെന്നും മനുഷ്യന്റെ ഉള്ളിൽ നിന്നുതന്നെയാണ് വരുന്നതെന്നുമുള്ള കാര്യം എത്ര വ്യക്തമായിട്ടാണ് മനസ്സിലാകുന്നത്. ശിക്ഷ അല്ലാഹുവിന്റെ പ്രവൃത്തിയാണെന്നതിനെ നാമൊരിക്കലും നിഷേധിക്കുന്നില്ല. നിസ്സംശയം അത് അവന്റെ പ്രവൃത്തി തന്നെയാണ്. ഏതു പോലെയെന്നാൽ, വിഷം കഴിക്കുന്നവനെ അല്ലാഹു നശിപ്പിക്കുന്നു. ചുരുക്കത്തിൽ, അല്ലാഹുവിന്റെ പ്രവൃത്തി മനുഷ്യന്റെ പ്രവൃത്തിക്കു ശേഷമാണുണ്ടാകുന്നത്. അതിലേക്ക് സൂചന നൽകിക്കൊണ്ട് അല്ലാഹു പറയുന്നു: നാറുല്ലാഹിൽ മൂഖദത്തുല്ലത്തീ തത്ത്വലിഉ അലൽ അഫ്ഇദ അതായത് അല്ലാഹുവിന്റെ ശിക്ഷ എന്നത് അല്ലാഹുതന്നെ ജ്വലിപ്പിക്കുന്ന അഗ്നിയാണ്. അതിന്റെ തീനാളം മനുഷ്യന്റെ ഹൃദയത്തിൽനിന്നുയരുന്നു. വ്യക്തമായ ഭാഷയിൽ ബീജം മനുഷ്യന്റെതന്നെ അശുദ്ധിയാണ്. അത് ശിക്ഷയുടെ രൂപം പ്രാപിക്കുകയാണ് ചെയ്യുന്നത്.

**സ്വർഗീയാനുഗ്രഹങ്ങളുടെ യാഥാർഥ്യം**

ഇതേപോലെ, സ്വർഗീയസുഖങ്ങളുടെ യഥാർഥ ഉറവിടവും മനുഷ്യന്റെതന്നെ പ്രവൃത്തികളാണ്. അവൻ പ്രകൃതിമതത്തെ ഉപേക്ഷിക്കുന്നില്ലെങ്കിൽ മിതവർത്തിത്വത്തിൽനിന്ന് അല്പംപോലും വ്യതിചലിക്കുന്നില്ലെങ്കിൽ, അവന്റെ ദാസത്വം ദൈവത്വത്തിന്റെ അണിയിൽ വീണുകിടക്കുന്ന പ്രകാശത്തിൽനിന്ന് ഫലമെടുത്തുകൊണ്ടിരിക്കുകയാണെങ്കിൽ, മനുഷ്യന്റെ ശരീരാവയവങ്ങൾ അത് ശരിയായ നിലയിലാണെങ്കിൽ, എപ്രകാരം സുഗമമായും കാര്യക്ഷമമായും പ്രവർത്തിക്കുമോ അപ്രകാരമുള്ള അവസ്ഥയിലായിരിക്കും അവൻ. അവന് ഒരു വേദനയും ഉണ്ടാകുകയില്ല. ശാന്തി അനുഭവപ്പെടുകയും ചെയ്യും. വിശുദ്ധഖുർആൻ പറയുന്നു:**വ ബശ്ശിരില്ലതീന ആമനൂ വ അമിലുസ്സാലിഹാത്തി അന്ന ലഹും ജന്നാത്തിൻ തജ്‌രീ മിൻ തഹ്തിഹൽ അൻഹാർ**

"വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവർക്ക് സുവിശേഷം അറിയിക്കുക! അവർ താഴ്വരത്തുകൂടെ അരുവികൾ ഒഴുകുന്ന തോട്ടങ്ങളുടെ അവകാശികളായിരിക്കും"

ഈ ഖുർആനിക വചനത്തിൽ ഈമാനിനെ അഥവാ സത്യവിശ്വാസത്തെ അല്ലാഹു തോട്ടത്തോടും സൽക്കർമങ്ങളെ അരുവികളോടും ഉപമിക്കുന്നു. ഒഴുകിക്കൊണ്ടിരിക്കുന്ന അരുവിയും വൃക്ഷവും തമ്മിലുള്ള അതേ ബന്ധമാണ് സൽക്കർമങ്ങളും സത്യവിശ്വാസവും തമ്മിലുള്ളത്. വെള്ളം കൂടാതെ ഒരു തോട്ടവും നിലനിൽക്കുകയില്ല. ഇതുപോലെതന്നെ സൽക്കർമങ്ങളില്ലാതെ ഒരു വിശ്വാസവും ഫലപ്രദമാകുകയില്ല. അപ്പോൾ, എന്താണ് സ്വർഗം? അത് സത്യവിശ്വാസത്തിന്റേയും സൽക്കർമത്തിന്റേയും പ്രതീകാത്മക രൂപങ്ങളാണ്. അതും പുറമെനിന്ന് വരുന്ന വസ്തുവല്ല. അതായത് മനുഷ്യന്റെ സ്വർഗവും അവന്റെ ഉള്ളിൽനിന്നുതന്നെ വരുന്നതാകുന്നു.

ഇഹലോകത്ത് ഉണ്ടാക്കിയെടുത്ത പരിശുദ്ധാത്മാവു തന്നെയാണ് പരലോകത്ത് ലഭിക്കുന്ന നിത്യമായ ആനന്ദാനുഭൂതി എന്ന കാര്യം ഇവിടെ ഓർമിക്കേണ്ടതാണ്. പരിശുദ്ധമായ വിശ്വാസത്തിന് ചെടിയുമായി സാദൃശ്യമുണ്ട്. ഉൽകൃഷ്ടമായ സ്വഭാവം ആ ചെടിയുടെ സേചനത്തിനുള്ള നദിയാണ്. അതാണ് അതിന്റെ പച്ചപ്പിനേയും തളിർപ്പിനേയും നിലനിറുത്തുന്നത്. അത് ഇഹലോകത്ത് സ്വപ്നത്തിൽ കാണുന്നതു പോലെയുള്ള ഒന്നാണ്. എന്നാൽ, പരലോകത്ത് നേരിട്ടനുഭവിക്കുകയും കാണുകയുംചെയ്യും.ഇക്കാരണത്താൽ 'സ്വർഗവാസികൾ അവിടുത്തെ അനുഗ്രഹങ്ങൾ **കാണുമ്പോൾ ഹാദല്ലദീ റുസിഖ്നാ മിൻഖബ്ലു വ ഉതൂബിഹി മുത്തശാബീഹാ** എന്ന് പറയുമെന്ന് ഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യം, ഇഹലോകത്ത് നമ്മൾ തിന്നുകയും കുടിക്കുകയും ചെയ്ത പാലോ തേനോ മുന്തിരിയോ അനാറോ അവിടെ കിട്ടുമെന്നല്ല. അവ അതിന്റെ ഇനത്തിലും അവസ്ഥയിലും തികച്ചും വിഭിന്നമായിരിക്കും. പേരിൽ മാത്രമേ അത് ഒന്നാകുകയുള്ളൂ. ഈ എല്ലാ അനുഗ്രഹങ്ങളുടേയും ചിത്രം പ്രത്യക്ഷമായ നിലയിൽ കാണിക്കപ്പെട്ടെങ്കിലും അതിനോടൊപ്പംതന്നെ ആ വസ്തുക്കൾ ആത്മാവിനെ തിളക്കമുള്ളതാക്കുന്നതും ദൈവജ്ഞാനം ഉണ്ടാക്കുന്നതുമാണെന്ന് പറയുകയും ചെയ്തിരിക്കുന്നു. അതിന്റെ ഉറവിടം ആത്മാവും സത്യസന്ധതയുമാണ്. **റുസിഖ്നാ മിൻഖബ്ലു** എന്നു പറഞ്ഞത് ലോകത്തുള്ള ഭൗതികാനുഗ്രഹങ്ങളാ

ശേഷം പേജ് 16ൽ

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

**വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര**

(ബദ്ർ വാള്യം 7 ലക്കം 5 പേജ് 6, കോളം 3-ൽ നിന്ന്)

### ജർമനി ജാമിഅ അഹ്മദിയ്യാ സന്ദർശനം

1.25- ന് ഹുദൂർ അയ്യദഹുല്ലാഹ് താമസസ്ഥലത്തുനിന്നു പുറത്തു വരികയും ജർമനി ജാമിഅ അഹ്മദിയായിലേക്ക് പുറപ്പെടുകുകയും ചെയ്തു. ജാമിഅ അഹ്മദിയ്യാ ജർമനി ബയ്ത്തുസ്സുബൂഹിൽ നിന്നു ഏകദേശം 50 കിലോമീറ്റർ ദൂരമുള്ള റൈഡ്സ്റ്റാഡ്റ്റ് (Riaedstadt)എന്ന പട്ടണത്തിലാണ് സ്ഥിതി ചെയ്യുന്നത്. 02.10 ന് ഇവിടെ എത്തിച്ചേർന്ന ഹുദൂറിനെ ജാമിഅ പ്രിൻസിപ്പാൾ ശംശാദ് അഹ്മദ് സാഹിബ് ഖമറും അധ്യാപകരും വിദ്യാർഥികളും ചേർന്ന് വരവേറ്റു. അതിനുശേഷം മസ്ജിദ് ബയ്ത്തുൽ അസീസിൽ എത്തിയ ഹുദൂർ ള്വുഹ്ർ- അസ്വ്ർ നമസ്കാരത്തിന് നേതൃത്വം നല്കി. റൈഡ്സ്റ്റാഡ്റ്റ് (Riaedstadt) ജമാഅത്തിൽ നിന്നുള്ള ധാരാളം അംഗങ്ങളും ഇവിടെ ഹാജരായിരുന്നു.

പിന്നീട് ഹുദൂർ ഹോസ്റ്റലും നോക്കിക്കണ്ടു. ഒരു മുറിയിൽ പോയ ഹുദൂർ വിശദമായി കാര്യങ്ങൾ വിലയിരുത്തി. 6 വിദ്യാർഥികൾ താമസിക്കുന്ന ഈ മുറി വളരെ ഇടുങ്ങിയതാണെന്ന് ഹുദൂറിനോട് പ്രിൻസിപ്പാൾ പറഞ്ഞു. ഓരോ വിദ്യാർഥിക്കും അലമാരയും ടേബിളും നല്കാനും സൗകര്യമില്ല. ഹോസ്റ്റലിന്റെ മൂന്നാം നിലയുടെ നിർമാണം പൂർണ്ണമല്ലെങ്കിലും അതിന്റെ ഒരു ഭാഗമെങ്കിലും പൂർത്തിയാക്കിയാൽ സ്ഥലപരിമിതി ഒഴിവാക്കാൻ സാധിക്കും, അദ്ദേഹം പറഞ്ഞു.

ജർമനി അമീർ സാഹിബിനോടു ഹുദൂർ പറഞ്ഞു: ഇതര ജാമിഅകളിലും സ്ഥലപരിമിതി ഉണ്ടെങ്കിലും വിദ്യാർഥികളുടെ എണ്ണം വർധിക്കുന്നതാണ്. അതുകൊണ്ട് കൂടുതൽ നിർമിക്കുന്നതിലേക്ക് ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഹോസ്റ്റലിന്റെ ശുചീകരണപ്രവൃത്തി നിത്യവും ചെയ്യുന്നുണ്ടെന്ന് ഹുദൂറിന്റെ ചോദ്യത്തിനുത്തരമായി പ്രിൻസിപ്പാൾ പറഞ്ഞു. പിന്നീട് ഹുദൂർ പോയത് ഭക്ഷണപ്പന്തലിലേക്കാണ്. അവിടെ 'ബാർബി ക്യു' ഏർപാടാണ് ചെയ്യപ്പെട്ടിരുന്നത്. പന്തൽ വളരെ മനോഹരമായി അലങ്കരിച്ചിരുന്നു. പന്തലിന്റെ ഉള്ളിൽ കടന്നു പോകുന്ന വഴിയുടെ ഇരുവശവും പൂക്കളും ചെടികളുംകൊണ്ട് വർണാഭമാക്കിയിരുന്നു. പ്രധാനപ്പെട്ട ഭക്ഷണ ടേബിളിന്റെ മുന്നിൽ ചെറുപൂക്കളുടെ അകമ്പടിയോടെയുള്ള ഒരു ഫൌണ്ടൻ അതിനു മാറ്റുകൂട്ടി. ക്ലാസിന്റെ അടിസ്ഥാനത്തിൽ ഇരിപ്പിടം ഒരുക്കിയിരുന്നു. എല്ലാ വിദ്യാർഥികൾക്കും ഹുദൂറിനെ കാണുംവിധത്തിലായിരുന്നു ഇത് സജ്ജീകരിച്ചിരുന്നത്. സംഭാഷണത്തിനിടെ പ്രിൻസിപ്പാൾ സാഹിബിനോട് വിദ്യാർഥികൾക്ക് ബ്രൗൺ ബ്രെഡ് കൊടുക്കാനും വൈറ്റ്ബ്രെഡ് ഒഴിവാക്കാനും ഹുദൂർ പറഞ്ഞു. കാരണം ഇത് ക്ഷീണമുണ്ടാക്കുന്ന താണ്. ഭക്ഷണങ്ങളിൽ ചേർക്കുന്ന മസാലകളെ പരാമർശിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു:

'മാർക്കറ്റിൽനിന്നു കിട്ടുന്ന ഏതു ബ്രാൻഡിന്റെ പായ്ക്കാണെങ്കിലും പൊടിച്ചതു വാങ്ങുന്നത് ശരിയല്ല. ഇത് ആരോഗ്യത്തിന് ഹാനി വരുത്തുന്നതായിരിക്കും സ്വയം പൊടിച്ച് മസാല തയ്യാറാക്കേണ്ടതാണ്.

ഭക്ഷണത്തിനുശേഷം വിദ്യാർഥികൾക്ക് ജാമിഅ ഹാളിൽ പോകാൻ ഹുദൂർ അനുമതി നല്കി. തുടർന്ന് ഹുദൂർ 'ബാർബിക്യു' തയ്യാറാക്കിയ ആളുകളുടെ അടുക്കൽ പോയി. അവരെ പ്രശംസിച്ച ഹുദൂർ അതിൽ ഉപയോഗിക്കേണ്ട മസാലകളെ കുറിച്ചും ചില കാര്യങ്ങൾ പറഞ്ഞു കൊടുത്തു.

### ജാമിഅ വിദ്യാർഥികളോടൊപ്പം ഒരു പരിപാടി

അതുകഴിഞ്ഞ് ജാമിഅ ഹാളിലെത്തിയ ഹുദൂർ ഒരു പ്രോഗ്രാമിന് ആരംഭം കുറിച്ചു. അസീസം ഹാഫിള് ഇഹ്തിശാം അഹ്മദിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ പരിപാടി ആരംഭിച്ചു. തുടർന്ന് ഉർദു തർജമ കേൾപ്പിച്ചു. ഹാഫിള് ഇഹ്തിശാമിനോട് ഹുദൂർ പേരിലുള്ള ഹാഫിള്വാണോ അതോ ഖുർആൻ മനപ്പാഠമാക്കിയിട്ടുണ്ടോ എന്ന് ചോദിച്ചു. തറാവീഹ് നമസ്കരിപ്പിക്കാറുണ്ടോ? ജർമനിയിൽ റമളാൻമാസത്തിൽ ഖുർആൻ മുഴുവനും കേൾപ്പിക്കാൻ സൗകര്യമില്ലാത്ത ഏതെങ്കിലും ജമാഅത്തുണ്ടെങ്കിൽ അവിടെ തറാവീഹ് നമസ്കരിപ്പിക്കാറുണ്ടോ? താങ്കൾ ജാമിഅയിൽത്തന്നെ തറാവീഹ് നമസ്കരിപ്പിക്കുക.

അസീസം ള്വാഫിർ അഹ്മദ് നബി(സ)തിരുമേനിയുടെ ഒരു ഹദീഥ് കേൾപ്പിച്ചു.

ഹദ്റത്ത് അബൂദർദ്ദാ(റ)വിവരിക്കുന്നു: ഞാൻ നബി(സ)തിരുമേനി ഇപ്രകാരം പറയുന്നത് കേട്ടു: 'അറിവ് അന്വേഷിച്ചു പുറപ്പെടുന്ന വ്യക്തിക്ക് സ്വർഗത്തിലേക്കുള്ള വഴി അല്ലാഹു എളുപ്പമാക്കി കൊടുക്കുന്നു. മലക്കുകൾ മതവിദ്യാഭ്യാസം കരസ്ഥമാക്കുന്ന വിദ്യാർഥിയുടെ പ്രവർത്തനങ്ങളിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് തന്റെ ചിറക് അവന്റെ മുമ്പിൽ വിരിക്കുന്നു. മതപണ്ഡിതനുവേണ്ടി ഭൂമിയിലും ആകാശത്തുമുളളവർ പാപമോചനം തേടുന്നു. ഏതുവരെയെന്നാൽ വെള്ളത്തിലെ മത്സ്യങ്ങൾപോലും അയാൾക്കുവേണ്ടി പ്രാർഥിക്കുന്നു. മതപണ്ഡിതന്റെ(ആലിം) ശ്രേഷ്ഠത ആരാധനാ കർമങ്ങൾ നിർവഹിക്കുന്ന(ആബിദ്)വന്റെ മേൽ ചന്ദ്രന് മറ്റു ഗ്രഹങ്ങളുടെ മേലുള്ള ശ്രേഷ്ഠതപോലെയാണ്. മതപണ്ഡിതന്മാർ(ആലിം)പ്രവാചകന്മാരുടെ അനന്തരാവാകാശികളാണ്. പ്രവാചകന്മാർ പണമോ പൈസയോ അനന്തരാവാകശമെന്ന നിലയിൽ വിട്ടു പോകാറില്ല. മറിച്ച് അവരുടെ അനന്തരാവകാശ സ്വത്ത് അറിവും വിജ്ഞാനവുമാണ്. ആരാണോ അറിവ് കരസ്ഥമാക്കുന്നത് അയാൾ വളരെ വലിയ ഭാഗവും അധികമായ നന്മയും കരസ്ഥമാക്കുന്നു.

തുടർന്ന് ഹദ്റത്ത് മുസ്ലിഹ് മൗഊദിന്റെ പദ്യം അസീസം റാണാ ശീറാസ് ആലപിച്ചു.

**അഹ്ദെ ശിക്നീ നഃ കരോ**
**അഹ്ലെവഫാ ഹോ ജാവോ**
**അഹ്ലെ ശയ്ത്വാൻ നഃ ബനോ**
**അഹ്ലെ ഖുദാ ഹോ ജാവോ**

(പ്രതിജ്ഞാലംഘകരാകാതിക്കുക,കൂറുപുലർത്തുന്നവരാകുക.ശയ്ത്വാനിന്റെ കൂട്ടുകാരാകാതിരിക്കുക. ദൈവത്തിന്റെ കൂട്ടുകാരാകുക)

ശേഷം ദർജ റാബിഅയിൽ പഠിക്കുന്ന അസീസം മഹ്ഫൂള് മുനീർ ഒരു ലിഖിതശകലം സമർപ്പിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഭൗതികമായ നേട്ടങ്ങൾ തികച്ചും ഉപേക്ഷിച്ചുകൊണ്ട് സ്വന്തംജീവിതം ദീനീ സേവനങ്ങൾക്കുവേണ്ടി മാത്രം സമർപ്പിക്കുന്ന യുവാക്കൾ സൃഷ്ടിക്കപ്പെടുമാറാകട്ടെ......നബി(സ) തിരുമേനിയുടെ സ്വഹാബത്തിന്റെ മാതൃകകൾ നോക്കേണ്ടതാണ്. കുറച്ചു ആത്മീയതയും കുറച്ചു ഭൗതികതയുമുള്ളവരായിരുന്നില്ല അവർ. പ്രത്യുത അവർ ശുദ്ധമായും ദീനിന്റേതായി തീർന്നിരുന്നു. അവർ തങ്ങളുടെ ജീവിതവും ധനവുമെല്ലാമെല്ലാം ഇസ്ലാമിനുവേണ്ടി ത്യാഗം ചെയ്തുകഴിഞ്ഞിരുന്നു. അത്തരമാളുകളാകേണ്ടതാണ്. ജമാഅത്തിനുവേണ്ടി മുബല്ലിഗുമാരും ഉപദേശകന്മാരുമായി നിശ്ചയിക്കപ്പെടുന്നവർ ഉള്ളതുകെണ്ട് തൃപ്തിപ്പെടുന്നവരായിരിക്കേണ്ടതാണ്. സ്വത്തുക്കളെ കുറിച്ചും പണത്തെകുറിച്ചും അവർക്ക് ചിന്തയുണ്ടാകരുത്. നബി(സ)തിരുമേനി ആരെയെങ്കിലും മുബല്ലിഗായി നിയോഗിച്ചാൽ കൽപന കിട്ടിയാലുടൻ അവർ പുറപ്പെടുമായിരുന്നു. യാത്രാചെലവ് അവർ ആവശ്യപ്പെട്ടിരുന്നില്ല. സ്വന്തം വീട്ടിലുള്ളവരുടെ പട്ടിണിയെ കുറിച്ച് ഒഴികഴിവും പറഞ്ഞിരുന്നില്ല. അല്ലാഹുവിനു വേണ്ടി സ്വന്തം ജീവിതം സമർപ്പിക്കുന്നവർക്കു മാത്രമേ ഈ പ്രവൃത്തി സാധ്യമാകുകയുള്ളൂ. സൂക്ഷ്മത പുലർത്തുന്നവർക്ക് ദൈവം സ്വയമേവ സഹായം നല്കുന്നു. അല്ലാഹുവിനുവേണ്ടി അയാൾ കൈപ്പേറിയ ജീവിതം സഹിക്കാൻ തയ്യാറാകുന്നു. ദീനിന്നുവേണ്ടി മാത്രമായിത്തീരുന്നവരെ അല്ലാഹു സ്നേഹിക്കുന്നു. തബ്ലീഗിനുവേണ്ടി തങ്ങളുടെ ജീവിതം സമർപ്പിക്കുന്ന അത്തരം കുറച്ചാളുകളെ തിരഞ്ഞെടുക്കണമെന്ന് നാം ആഗ്രഹിക്കുന്നു. അവർക്ക് മറ്റൊരു വസ്തുവിനോടും ബന്ധമുണ്ടാകാൻ പാടില്ല. എല്ലാതരത്തിലുള്ള പ്രയാസങ്ങളും അവർ സഹിക്കണം. എല്ലാ സ്ഥലങ്ങളിലും ചുറ്റിക്കറങ്ങി ദൈവിക കാര്യങ്ങൾ അവർ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കണം. അവർ ക്ഷമയും സംയമനവും പാലിക്കുന്ന വരാകണം. ആവേശം അവരുടെ പ്രകൃതിയിലുണ്ടാകാൻ പാടില്ല. കഠിനമായ ഓരോ വർത്തമാനവും ചീത്തവിളിയും കേട്ടതിനുശേഷവും സംയമനത്തോടെ മറുപടി നല്കാനുള്ള ശക്തി അവർ കൈവരിക്കുന്നവരാകണം. എവിടെയാണോ കുഴപ്പമുണ്ടാകുമെന്ന ഭയപ്പാട് കാണുന്നത് അവിടെനിന്ന് പൊയ്ക്കളയുക. കുഴപ്പങ്ങൾക്കിടയിൽ പെടാൻ പാടില്ല. സൽപ്രകൃതക്കാരായ വ്യക്തികൾ തന്റെ വാക്കുകൾ കേൾക്കുന്നുണ്ടെന്ന് കണ്ടാൽ സൗമ്യതയോടെ അവർക്ക് കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുക. മേളകളുടേയും തർക്കവിതർക്കങ്ങളുടേയും മൈതാനങ്ങളിൽനിന്നു വിട്ടു നില്ക്കുക. കാരണം, അതുമുഖേനയാണ് കുഴപ്പങ്ങൾ ജന്മമെടുക്കുമെന്ന ഭയമുണ്ടാകുന്നത്. സംയമനത്തോടെയും സൽസ്വഭാവത്തിലൂടെയും സ്വന്തം പ്രവൃത്തികൾ ചെയ്തു കൊണ്ടേ പോവുക.'*(ബദ്ർ 1907, ഒക്ടോബർ 3)*

ദർജ ഥാലിഥയിലെ വിദ്യാർഥി അസീസം സ്വുഹയ്ബ് നാസ്വിർ 'കഅ്ബദേവാലയം വഖ്ഫെ സിന്ദഗിയുടെ അടിത്തറ'എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗിച്ചു: വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: ഇന്ന അവ്വല ബയ്ത്തിൻ വുളിഅ ലിന്നാസി ലല്ലദീ ബി ബക്കത്ത മുബാറകൻ വ ഹുദൻല്ലിൽ ആലമീൻ(3:97)

സമസ്ത മനുഷ്യർക്കുംവേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമ മന്ദിരം മക്കയിലുളളതുതന്നെയാണ്. (അത്) അനുഗൃഹീതവും സർവലോകർക്കുമുളള മാർഗദർശകമാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഈ കഅ്ബദേവാലയം ഹദ്റത്ത് ആദം (അ)ന്റെ കാലം മുതലേ നിലനിന്നു വരുന്നതാണ്.*(തഫ്സീറെ കബീർ, വാല്യം2, പേജ് 448)*

അതുകൊണ്ട് പണ്ടു മുതലേ പരിശുദ്ധനായ ദൈവം ഓരോ വർഷവും ഭൂതലത്തിലെ ഏകദൈവ വിശ്വാസത്തിന്റെ അനുരാഗികൾ ഉന്മാദത്തോടെ അതിന്റെ ചുറ്റും ഒരുമിച്ചുകൂടി ഹജ്ജും ഉംറയും നിർവഹിക്കണമെന്ന് കൽപന നല്കി. ദൈവിക കല്പനകളെ അതുമുഖേന തങ്ങളുടെ മനസ്സുകളിൽ ഓർത്തുവെക്കുക. ഇസ്ലാംമതത്തിൽ കഅ്ബദേവാലയത്തിന്റെ പ്രാധാന്യം അടിസ്ഥാനപരവും സർ വാംഗീകൃതവുമാണ്. അതുകൊണ്ടുതന്നെയാണ് നുബുവ്വത്തിനു മുമ്പേതന്നെ കഅ്ബദേവാലയത്തിന്റെ പരിശുദ്ധിയും പ്രാധാന്യവും

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 24 March 2022 Issue-12

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

സംബന്ധിച്ച് സവിശേഷ വിചാരം നബി(സ)തിരുമേനി നിലനിറുത്തിയിരുന്നത്.

മദീനയിലേക്കുള്ള പലായന സമയത്ത് മക്കയുടെമേൽ അവസാന ദൃഷ്ടി ഇട്ടുകൊണ്ട് നബി(സ)തിരുമേനി അഗാധമായ സ്നേഹത്തോടെ പറഞ്ഞു:

'അല്ലയോ മക്കാ! നീ എനിക്ക് ഭൂതലത്തിലുള്ള എല്ലാ പട്ടണത്തേക്കാളും പ്രിയപ്പെട്ടതാണ്. എന്നാൽ, ഞാനെന്തു ചെയ്യും? നിന്നിൽ താമസിക്കുന്നവർ എന്നെ ഇവിടെ ജീവിക്കാൻ വിടുന്നില്ല.'

പരിശുദ്ധ മക്കയോടു പുലർത്തിയ ഈ സ്നേഹ പ്രകടനത്തിന്റെ കാരണം ഇതു തന്നെയാണ്. ഒരു ഭാഗത്ത് മക്ക സ്വന്തം നാടായിരുന്നു. മറുഭാഗത്ത് ഈ പട്ടണത്തിലാണ് കഅ്ബദേവാലയം സ്ഥിതി ചെയ്യുന്നത്. നമസ്കാരം നിർബന്ധമാക്കിയതിനുശേഷം പ്രസ്തുത സ്നേഹം കാരണത്താൽ നബി(സ)തിരുമേനിയുടെ ഹൃദയാഭിലാഷമായിരുന്നു ഇസ്‌ലാം ദീനിൽ ദൈവാരാധനയുടെ നേരത്ത് കഅ്ബദേവാലയത്തിലേക്ക് തിരിയണമെന്നത്. കഅ്ബദേവാലയം തന്നെയാണ് ആത്മീയമായും ഭൗതികമായും മുസ്‌ലിമീങ്ങളുടെ ഭാവിയിലേക്കുള്ള സർവ ശ്രദ്ധകളുടേയും പുരോഗതികളുടേയും കേന്ദ്രബിന്ദു. അതുകൊണ്ടുതന്നെയാണ് ദൈവികയുക്തി കഅ്ബദേവാലയം മുഖേന മുസ്‌ലിമീങ്ങളുടെ ആത്മീയാധ്യാപനത്തിന്റേയും ശിക്ഷണത്തിന്റേയും സവിശേഷ തയ്യാറെടുപ്പ് എന്നെന്നേക്കുമായി ബന്ധിപ്പിച്ചത്. കഅ്ബദേവാലയത്തെ മുസ്‌ലിമീങ്ങളുടെ ആത്മീയാധ്യാപനത്തിന്റേയും ശിക്ഷണത്തിന്റേയും കേന്ദ്രമായി നിശ്ചയിക്കപ്പെട്ടുവെന്ന് ചുരുക്കം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: കഅ്ബദേവാലയം എന്താണ്? ഉന്നതനായ ദൈവത്തെ ആരാധിക്കാൻവേണ്ടി സമർപ്പിതമായ ഭവനമാണിത്. എന്നാൽ, ലോകത്തുള്ള സർവ മനുഷ്യർക്കും കഅ്ബദേവാലയത്തിൽ പോകാൻ സാധിക്കില്ലെന്നത് വ്യക്തമാണ്. അല്ലാഹു ആഗ്രഹിക്കുന്നത് ഇബ്റാഹീം(അ)ന്റെ പകർപ്പുകൾ ലോകത്ത് ഉടലെടുക്കണമെന്നാണ്. അതുപോലെതന്നെ അല്ലാഹു ആഗ്രഹിക്കുന്നത് നിങ്ങൾ കഅ്ബദേവാലയത്തിന്റെ പകർപ്പുകളുണ്ടാക്കുക എന്നാണ്. അതിൽ നിങ്ങളും നിങ്ങളുടെ മക്കളും സ്വന്തം ജീവിതങ്ങൾ ദീനിന്റെ സേവനത്തിന് സമർപ്പിച്ചുകൊണ്ടിരിക്കുക. കഅ്ബദേവാലയത്തിന്റെ നിഴൽ ലോകത്തിന്റെ അറ്റങ്ങളിൽ സ്ഥാപിതമാകുന്നതുവരെ ഒരിക്കലും ദീൻ വ്യാപിക്കുക സാധ്യമാകുന്നതല്ല.*(തഫ്സീറെ കബീർ, വാള്യം 2, പേജ് 169 - 170, സൂറ ബഖറായുടെ 126 - ാമത്തെ വചനം നോക്കുക)*

**പേജ് 14 ൽ നിന്ന്**

ണെന്ന് കരുതുന്നത് തികച്ചും തെറ്റാണ്. സൽക്കർമങ്ങൾ ചെയ്തിട്ടുള്ള സത്യവിശ്വാസികൾ, തങ്ങളുടെ കൈകൾകൊണ്ട് ഒരു സ്വർഗം പണിതു. അതിന്റെ പഴം അവർ പരലോകത്തും തിന്നുന്നതാണ്. പ്രസ്തുത വചനത്തിലൂടെ അല്ലാഹു ഉദ്ദേശിക്കുന്നത് ഇതാണ്: ആ ഫലം ആത്മീയമായ നിലയിൽ അവർ ഇഹലോകത്ത് തിന്നു കഴിഞ്ഞതാണ്. അതുകൊണ്ടാണ് പരലോകത്ത് അവർ അതിനെ തിരിച്ചറിയുന്നത്. അപ്പോൾ അവർ പറയും: 'ഇത് അതേ പഴം തന്നെയാണെന്ന് മനസ്സിലാകുന്നു.' അത് ഇഹലോകത്ത് കൈവരിച്ചിട്ടുള്ള ആത്മീയാഭിവൃദ്ധികളായതുകൊണ്ട് അവയുമായി ബന്ധപ്പെട്ട ഭക്തരും ജ്ഞാനികളും അവയെ തിരിച്ചറിയും.

ഞാൻ വീണ്ടും വ്യക്തമാക്കാനാഗ്രഹിക്കുന്നു. നരകത്തെ സംബന്ധിച്ചും സ്വർഗത്തെ സംബന്ധിച്ചും ഒരു തത്ത്വമുണ്ട്. ഞാൻ വിവരിച്ചതുപോലെ അത് പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നു. എന്നാൽ, ഇഹലോകശിക്ഷ ഇവിടെ ജാഗ്രതപ്പെടുത്തുന്നതിനും ഗുണപാഠത്തിനും വേണ്ടിയുള്ള ഏർപ്പാടാണെന്ന കാര്യം മറക്കാതിരിക്കേണ്ടതാണ്.

ഭരണവും കരുണയും തമ്മിൽ പരസ്പരം ഒരു ബന്ധമുണ്ട്. ഈ ബന്ധത്തിന്റെ തണലുകളിലാണ് ശിക്ഷകളും രക്ഷകളും ഉണ്ടാകുന്നത്. ഫോണോഗ്രാഫിൽ ശബ്ദം രേഖപ്പെടുത്തുന്നതുപോലെ മനുഷ്യന്റെ കർമങ്ങളും പ്രവൃത്തികളും സുരക്ഷിതമാക്കി രേഖപ്പെടുത്തുന്നു. മനുഷ്യൻ ജ്ഞാനമാർജിക്കാത്തിടത്തോളം ഈ വിഷയത്തിൽ ചിന്തിച്ച് ശാന്തിയടയാനോ ഫലം രുചിക്കാനോ അവന് സാധിക്കുകയില്ല.

ദൈവികമായജ്ഞാനം സമ്പാദിക്കുന്നതിന് ഒന്നാമതായി ദൈവത്തെ തിരിച്ചറിയേണ്ടത് നിർബന്ധമാണ്. ദൈവവുമായി ബന്ധമുള്ള ഒരു മനുഷ്യന്റെ മജ്‌ലിസിൽ സദുദ്ദേശ്യത്തോടും ആത്മാർഥതയോടും കുടി ദീർഘകാലം വസിക്കാത്തിടത്തോളം ദൈവത്തെ തിരിച്ചറിയാൻ സാധിക്കുകയില്ല. ഇതിനു ശേഷമേ രക്ഷാശിക്ഷയുടേയും ഇഹപരലോകത്തിന്റേയും ശൃംഖലകൾ വളരെ എളുപ്പത്തിൽ അവന് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ഈ വിവരണത്തിൽ ചിന്തിക്കുന്നതുകൊണ്ട് മറ്റൊരു കാര്യം കൂടി മനസ്സിലാകുന്നു. അതായത് വിശുദ്ധഖുർആൻ പറഞ്ഞ നരകത്തിന്റേയും സ്വർഗത്തിന്റേയും തത്ത്വം. അത് മറ്റൊരു മതഗ്രന്ഥവും പറയാത്തതാണ്. എന്നാൽ, വിശുദ്ധഖുർആനിലൂടെ അത് വ്യക്തമാകുന്നു. അല്ലാഹു അത് മുറപ്രകാരം വിവരിച്ചിട്ടുണ്ട്. പക്ഷേ, അല്ലാഹുവിന്റെ മാർഗത്തിൽ മുജാഹദ (സ്വേച്ഛയോടുള്ള പോരാട്ടം) നടത്തുകയും പരിശുദ്ധ ഹൃദയത്തോടെ ചിന്തിക്കുകയും ചെയ്യുന്നവരിൽ മാത്രമേ ഈ രഹസ്യം തുറക്കപ്പെടുകയുള്ളൂ. കാരണം വിലമതിപ്പുകളുള്ള കാര്യങ്ങൾ പ്രയത്നിക്കാതെ ലഭിക്കുകയില്ല. എല്ലാവർക്കും ആ രഹസ്യം എന്തുകൊണ്ട് അറിയിച്ചുകൊടുക്കുന്നില്ല, എന്ന് ചോദിച്ചാൽ ഞാൻ പറയുന്നു. മനുഷ്യേന്ദ്രിയങ്ങളുടെ പ്രവൃത്തികളെല്ലാം വ്യത്യസ്തമാണ്. ഉദാഹരണത്തിന്, കണ്ണിന് കാണാൻ കഴിയുന്നു. നാവിന് രുചിക്കാനും സംസാരിക്കാനും കഴിയുന്നു. ചെവിക്ക് കേൾക്കാൻ കഴിയുന്നു. അതായത് ഓരോ ഇന്ദ്രിയവും അതാതിന്റെ കടമയുടേയും ശക്തിയുടേയും ഉത്തരവാദിയാണ്. ചെവിയുടെയടുക്കൽ മധുരമുള്ള ഒരു പഴം വെച്ചിട്ട് അത് നാവിന്റെ രുചി പറയണമെന്നു പറഞ്ഞാൽ അതു നടക്കുകയില്ല. അതേപോലെ കണ്ണ് ശബ്ദം കേൾക്കണമെന്നും നാവ് കാണണമെന്നും ശാഠ്യം പിടിച്ചാലും അതു സംഭവിക്കാൻ പോകുന്നില്ല. ദൈവജ്ഞാനത്തിന്റെ അതിസൂക്ഷ്മമായ രഹസ്യങ്ങളെ തിരിച്ചറിയുന്നതിന് പ്രത്യേകമായ ശക്തിതന്നെ വേണം. ആ ശക്തിക്കു മാത്രമേ അതിനെക്കുറിച്ച് പറഞ്ഞുതരാൻ സാധിക്കുകയുള്ളൂ. ഈ ശക്തി എല്ലാവർക്കും നല്കിയിട്ടുണ്ട്. പക്ഷേ, അത് പ്രയോജനപ്പെടുത്തുന്നവർ വളരെ കുറവാണ്. ഊഹത്തിന്റെ ഒരു ശക്തിയും ഫലമുണ്ടാക്കുകയില്ല. അക്കാരണത്താലാണ് തത്ത്വചിന്തകന്മാരുടെ വിശ്വാസപരമായ അവസ്ഥ വളരെ ബലഹീനമായിരിക്കുന്നത്. അവർ ഊഹങ്ങൾക്കപ്പുറം കടക്കുന്നില്ല. അതുകൊണ്ടാണ് വലിയ ചിന്തകനും ബുദ്ധിമാനുമായി കരുതപ്പെടുന്ന പ്ലാറ്റോ മരിക്കാൻ നേരത്ത് തനിക്കുവേണ്ടി ഇന്നബിംബത്തിന് ഒരു കോഴിയെ ബലികൊടുക്കാൻ പറഞ്ഞതും! എത്രമാത്രം ബലഹീനമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസമെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അദ്ദേഹം ഏകദൈവത്വ സിദ്ധാന്തത്തിൽ നിലനിന്നില്ല.

### സാത്വികരോടൊപ്പമുള്ള ജീവിതം

തിളക്കമാർന്ന ദൃഢവിശ്വാസം ലഭിക്കുന്നതിനും ഉൾക്കാഴ്ചയോടെ അല്ലാഹുവിലുള്ള വിശ്വാസത്തിൽ നിലകൊള്ളുന്നതിനും മഹത്തായ ഒരേയൊരു മാർഗമേയുള്ളൂ. അതായത് അവർ, അല്ലാഹുവിന്റെ ഉണ്മയെക്കുറിച്ച് ജീവസ്സുറ്റ സാക്ഷ്യം പറയുന്ന ആളുകളുടെ സ്വുഹ്ബത്ത് അഥവാ സത്സംഗം സ്വീകരിക്കുക, ആ മഹാത്മാക്കൾ സർവശക്തനും അദൃശ്യജ്ഞാനിയും സകല ഗുണങ്ങളുടേയും ഉറവിടവുമായ അല്ലാഹുവിൽനിന്ന് നേരിട്ട് കേട്ട കാര്യങ്ങളാണ് പറയുന്നത്. അത്തരക്കാരുടെ സത്സംഗത്തിൽ ആദ്യം പോകുമ്പോൾ അവർ പറയുന്ന കാര്യങ്ങൾ തികച്ചും വിചിത്രവും അപൂർവവുമായിട്ട് തോന്നാം. അതു വളരെ കുറച്ചേ മനസ്സിൽ പതിയുകയുള്ളൂ. പക്ഷേ, ഹൃദയം ആ മഹാത്മാക്കളിലേക്ക് ആകർഷിക്കപ്പെടുന്നു. മനസ്സിലുള്ള മാലിന്യങ്ങളും അവർ കേൾക്കുന്ന ദൈജ്ഞാനപരമായ കാര്യങ്ങളും തമ്മിൽ യുദ്ധം ആരംഭിക്കുന്നതാണ് അതിനു കാരണം. മനസ്സിൽ അടിഞ്ഞുകൂടിയുള്ള പൊടിപടലങ്ങളകറ്റി അതിനെ കത്തിച്ചുകളയാനും ആ മനസ്സിൽ ദൃഢവിശ്വാസത്തിന്റെ ശക്തി ഉണ്ടാക്കാനും സത്യവാനായ ജ്ഞാനിയുടെ വാക്കുകൾ ആഗ്രഹിക്കുന്നു. അപ്പോഴാണ് നന്മയും തിന്മയും തമ്മിൽ യുദ്ധമുണ്ടാകുന്നത്. ഏതുപോലെയെന്നാൽ, വയറിളക്കത്തിന് മരുന്നുകൊടുത്താൽ അത് വയറ്റിൽച്ചെന്ന് മലത്തെ ഇളക്കുന്നു. അങ്ങനെ അനാവശ്യവും കുഴപ്പമുണ്ടാക്കുന്നതുമായ എല്ലാ മാലിന്യങ്ങളും അടിച്ച് വെളിയിൽ കളയുന്നു. ഇതേപോലെ സത്യസന്ധനായ മനുഷ്യൻ ഊഹത്തെ അകറ്റാനും സത്യമായ അറിവുകളുടേയും ശരിയായ വിശ്വാസത്തിന്റേയും തിരിച്ചറിവ് പഠിപ്പിക്കാനും ആഗ്രഹിക്കുന്നു. അക്കാര്യങ്ങൾ, ദീർഘകാലമായി മറ്റൊരു ലോകത്ത് വസിച്ചിരുന്ന ഹൃദയത്തിന് ഉൾക്കൊള്ളാൻ പ്രയാസമായി തോന്നാം. എങ്കിലും അവസാനം സത്യം വിജയിക്കുകയും ബഹുദൈവാരാധനയുടെ ശക്തി നശിച്ച് ഏകദൈവാരാധനയുടെ ശക്തി തളിർക്കാൻ തുടങ്ങുകയും ചെയ്യുന്നു.

ആ പ്രകാശവുമായിട്ടാണ് ഞാൻ വന്നിട്ടുള്ളത്. ലോകത്ത് ദൃഢവിശ്വാസം സ്ഥാപിക്കുക എന്നതാണ് എന്റെ വരവിന്റെ ഉദ്ദേശ്യം. അതുണ്ടാക്കിയെടുക്കാൻ കേവലം വാക്കുകൾക്ക് സാധ്യമല്ല. മറിച്ച്, അല്ലാഹുവിന്റെ ശക്തിപ്രഭാവംകൊണ്ട് സത്യവാന്മാരുടെ കൈയിലൂടെ വെളിപ്പെടുന്ന അടയാളങ്ങളിലൂടെയാണ് അത് വെളിച്ചം കാണുന്നത്. (മൽഫൂദാത്ത് വാള്യം 3, പേജ് 22 - 32)(സത്യദൂതൻ 2001 മാർച്ച്),

❖❖❖

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin